# മതത്തിന്റെ
# മാനുഷിക മുഖം

ശൈഖ് മുഹമ്മദ് കാരകുന്ന്

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ

# പ്രസ്താവന

**പ**രമ്പരാഗത രീതികളിൽനിന്ന് വ്യത്യസ്തമായി മറ്റൊരു വീക്ഷാകോണിലൂടെ മതത്തെ നോക്കിക്കാണാനുള്ള ശ്രമ ഫലമാണ് ഈ ലഘു കൃതി; മതത്തിന്റെ മാനവിക തലങ്ങൾ തേടാനുള്ള എളിയ ശ്രമം.

പൊതുധാരണയനുസരിച്ച് മതം മനുഷ്യനെ ദൈവവുമായി ബന്ധിപ്പിക്കാനുള്ള കണ്ണിമാത്രമത്രെ. സൃഷ്ടികളും സ്രഷ്ടാവും തമ്മിലുള്ള സ്വകാര്യ ഇടപാട്. അതിന്റെ നിയോഗം ആരാധനാനുഷ്ഠാനങ്ങളിലൂടെ ദൈവത്തെ പ്രീതിപ്പെടുത്തലാണ്. ഭക്തിയുടെയും മതനിഷ്ഠയുടെയും മാനദണ്ഡമായി ഗണിക്കപ്പെടുന്നത് ആചാരാനുഷ്ഠാനങ്ങളിലെ കണിശതയാണ്. നിർബന്ധവും ഐച്ഛികവുമായ ആരാധനാകർമങ്ങൾ കൃത്യമായി നിർവഹിച്ച് ദൈവ സ്തോത്രങ്ങളിലും കീർത്തനങ്ങളിലും വ്യാപൃതരാവുന്നവർ ഭക്തൻമാരും പുണ്യവാളൻമാരുമായി കണക്കാക്കപ്പെടുന്നു. അവർ മാതാപിതാക്കളോട് വളരെ മോശമായി പെരുമാറുന്നവരും കുടുംബത്തോടുള്ള ബാധ്യത പൂർത്തീകരിക്കാത്തവരും അയൽക്കാരെ ആദരിക്കാത്തവരും അനാഥരെ അവഗണിക്കുന്നവരും അഗതികളെ ആഹരിപ്പിക്കാത്തവരുമാണെങ്കിലും.

എന്നാൽ, യഥാർഥ ദൈവിക മതത്തിന്റെ സമീപനം തീർത്തും വ്യത്യസ്തമത്രേ. അത് മനുഷ്യനെ ദൈവവുമായി ബന്ധിപ്പിക്കുന്നപോലെ മറ്റു മനുഷ്യരുമായും ബന്ധിപ്പിക്കുന്നു. മാനുഷിക ബന്ധങ്ങൾക്ക് വമ്പിച്ച പ്രാധാന്യം കല്പിക്കുന്നു. മനുഷ്യരോടുള്ള ബാധ്യതാനിർവഹണം മതപരമായ ബാധ്യതയാണെന്ന് പഠിപ്പിക്കുന്നു. അതിന്റെ ലംഘനം ഗുരുതരമായ കുറ്റമായി കണക്കാക്കുന്നു. ആരാധനാനുഷ്ഠാനങ്ങ

ളിൽ എത്ര നിഷ്ഠ പുലർത്തിയാലും മനുഷ്യരോടുള്ള ബന്ധങ്ങളിലും ബാധ്യതകളിലും വീഴ്ചവരുത്തുന്നവർ ഭക്തരോ ദൈവപ്രീതിക്കും പരലോക വിജയത്തിനും അർഹരോ അല്ലെന്ന് ഊന്നിപ്പറയുന്നു.

സത്യമതത്തിന്റെ കാഴ്ചപ്പാടനുസരിച്ച് ആരാധനാകർമങ്ങൾ ഭക്തിയുടെയും സൂക്ഷ്മതയുടെയും അടയാളമെന്നതിലുപരി അവ വളർത്താനുള്ള മാർഗമാണ്. അവ കാണപ്പെടേണ്ടത് ബഹുമുഖ ജീവിതമേഖലകളിലാണ്.

ദൈവദൂതൻമാരെക്കഴിച്ചാൽ മനുഷ്യചരിത്രത്തിൽ യശോധാവള്യം പരത്തി പ്രശോഭിച്ചു നിൽക്കുന്നത് നാല് ഖലീഫമാരാണ്. അവർ എക്കാലത്തെയും എവിടത്തെയും ഏതു മനുഷ്യന്നും പിന്തുടരാവുന്ന മഹിത മാതൃകകളായി മാറാനുള്ള കാരണം ആരാധനാനുഷ്ഠാനങ്ങളിലെ നിഷ്ഠയിൽ മറ്റെല്ലാവരെക്കാളും മികച്ചുനിന്നതിനാലല്ല. ആരാധനാ കർമങ്ങൾ കൃത്യമായി നിർവഹിച്ചതോടൊപ്പം സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, ഭരണമേഖലകളിലും വിശുദ്ധി വിളങ്ങുനിന്നതിനാലാണ്.

മനുഷ്യചരിത്രത്തിലെ ഏറ്റവും സച്ചരിതമായ സമൂഹം പ്രവാചകന്റെ പാഠശാലയിൽ വളർന്നുവന്നവരത്രേ. മാനുഷിക ബന്ധങ്ങളിലെ തികവും വിവിധ ജീവിതമണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന നൻമയുമാണ് അവരെ അതുല്യരാക്കിയത്.

ദൈവികമതത്തിന്റെ മർമമറിഞ്ഞ് അതിനെ മാനവികതലത്തിൽനിന്ന് വായിക്കാനുള്ള ശ്രമത്തിന്റെ ബാലപാഠമാണ് ഈ കൊച്ചു കൃതി. ഇതൊരു സമഗ്ര പഠനമല്ല. മതത്തിന്റെ വേണ്ടത്ര ശ്രദ്ധിക്കപ്പെടാത്ത വശത്തേക്ക് ശ്രദ്ധ ക്ഷണിക്കാനുള്ള എളിയ ശ്രമം മാത്രം. ആ നിലക്ക് വായനക്കാർ ഇതിനെ വായിച്ചെടുക്കുമെന്ന പ്രതീക്ഷയോടെ.

**- പ്രസാധകർ**

## താളുകളിൽ

1. മതവും മനുഷ്യബന്ധങ്ങളും ........................................................................ 11
2. ആരാധനകളിലെ മാനവികത ................................................................... 19
3. സത്യവിശ്വാസവും സൽസ്വഭാവവും ................................................... 27
4. മാതാപിതാക്കളോടുള്ള സമീപനം .......................................................... 33
5. മക്കളോടുള്ള ബാധ്യത ............................................................................... 40
6. ദാമ്പത്യബന്ധത്തിന്റെ മതകീയ മാനം ................................................... 44
7. അയൽക്കാർ, അടുത്ത ബന്ധുക്കൾ, അതിഥികൾ ............................ 57
8. അനാഥർ, അഗതികൾ, അടിയാളർ ....................................................... 62
9. സാമൂഹ്യജീവിതത്തിൽ ............................................................................... 67
10. കാരുണ്യത്തിന്റെ മതം ............................................................................... 82

ഒന്ന്

# മതവും മനുഷ്യബന്ധങ്ങളും

**ജീ**വിതത്തിന്റെ വ്യാവഹാരിക മേഖലകളിൽനിന്ന് മാറിനിന്ന് ആരാധനാലയങ്ങളുടെ മൂലകളിൽ ജപമാലകളുമായി കഴിഞ്ഞുകൂടുന്നവർ ഇസ്‌ലാമിന്റെ വീക്ഷണത്തിൽ പുണ്യവാളൻമാരല്ല. ഭൗതിക ജീവിതത്തിൽനിന്ന് മുഖം തിരിച്ച് ആത്മസായൂജ്യം തേടുന്ന കപട സന്യാസം സത്യമതത്തിന് അന്യമാണ്. ഭൗതികതയെയും ആത്മീയതയെയും സമഞ്ജസമായി സമന്വയിപ്പിക്കുന്ന സവിശേഷ ജീവിതരീതിയാണ് ഇസ്‌ലാം. ആത്മസുഖമെന്നപോലെ പരസുഖവും നിർവൃതിയായി സ്വീകരിക്കുന്നവനാണ് യഥാർഥ മുസ്‌ലിം.

മരമൂട്ടിലിരുന്ന് കണ്ണടച്ച് ധ്യാനിക്കാനുള്ളതല്ല മതം. വ്യക്തിജീവിതത്തിന്റെ സ്വകാര്യതലങ്ങളിലും സമൂഹജീവിതത്തിന്റെ വിശാല മേഖലകളിലും സൻമാർഗം സ്ഥാപിക്കാനുള്ളതാണത്. വിവിധങ്ങളായ കർമമണ്ഡലങ്ങളിൽ വിശുദ്ധി പുലർത്തുന്നവരാണ് യഥാർഥ യതിവര്യൻമാർ; കർമഭൂമിയിൽ പാപമുക്തമായ ജീവിതം നയിക്കുന്നവരാണ് സാക്ഷാൽ ഭക്തർ.

മതം മനുഷ്യനെ മടിയനും മുടിയനും മുരടനുമാക്കാനുള്ളതല്ല. നൻമ നിറഞ്ഞ ലോകം നിർമിക്കാൻ നിയുക്തനായ ദൈവദാസന്ന് നിഷ്ക്രിയത്വം സാധ്യമല്ല. മാനവരാശിയുടെ വളർച്ചയുടെയും വികാസത്തിന്റെയും വഴികൾ പിശാചുക്കൾക്ക് വിട്ടുകൊടുത്ത് സന്യാസത്തിൽ സായുജ്യം തേടുന്നവർ ദൈവദാസരാകുന്നതെങ്ങനെ? സാമൂഹിക പ്രതിബദ്ധത ഉത്തേജിപ്പിക്കാത്ത മതവിശ്വാസം അചേതനമത്രേ.

## ദ്വിമുഖ ബന്ധങ്ങൾ

നാട്ടിൽ ആരാധനാലയങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നു. പ്രാർഥന യ്ക്കെത്തുന്നവരുടെ എണ്ണവും കൂടുന്നു. എന്നിട്ടും മതത്തെ സംബന്ധിച്ച മതിപ്പ് കുറഞ്ഞുവരുകയാണ്. കാരണം വളരെ വ്യക്തം: മതമുയർത്തി പ്പിടിക്കുന്ന മഹിതമൂല്യങ്ങൾ വിശ്വാസികളുടെ ജീവിതത്തിൽ വിശുദ്ധി വരുത്തുന്നില്ല. ആചാരാനുഷ്ഠാനങ്ങളിൽ നിഷ്ഠ പുലർത്തുന്നവരുടെ മാനുഷികബന്ധങ്ങളിൽ സ്നേഹ വാത്സല്യ വികാരങ്ങൾ കാണപ്പെടു ന്നില്ല. ദയാമയനായ ദൈവത്തിന്റെ പേരിൽ സംസാരിക്കുന്നവരും കൊടിയ ക്രൂരവൃത്തികളിൽ വ്യാപൃതരാവുന്നു. ദൈവവുമായുള്ള ബന്ധം മുറു കിവരുമ്പോൾ മനുഷ്യനുമായുള്ള ബന്ധം അയഞ്ഞുകൊണ്ടിരിക്കുന്നു.

യഥാർഥത്തിൽ മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധംപോലെ ത്തന്നെ പരമപ്രധാനമാണ് മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധവും. ഈ ബന്ധം എവ്വിധമായിരിക്കണമെന്ന് ഇസ്‌ലാം വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. ആ പാഠങ്ങളുടെ ലംഘനം മതത്തിന്റെ മാനുഷിക മുഖം നഷ്ടമാക്കും. മാനുഷിക മുഖം നഷ്ടമാവുന്നതോടെ മതം മൃതമായി ത്തീരുന്നു. അതാണ് സമൂഹത്തിലിന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഇസ്‌ലാമിക വീക്ഷണത്തിൽ, മനുഷ്യരോടുള്ള ബാധ്യതകളുടെ നിർവഹണം സ്രഷ്ടാവായ ദൈവത്തോടുള്ള ഉത്തരവാദിത്വ നിർവഹണം പോലെത്തന്നെയാണ്. രണ്ടിന്റെയും ലംഘനം കൊടിയ പാപമാണ്.

മനുഷ്യജീവിതത്തെ മരണശേഷം മറുലോകത്ത് വിചാരണയ്ക്ക് വിധേയമാക്കുമ്പോൾ രണ്ടുതരം കുറ്റമാണ് ചുമത്തപ്പെടുകയെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു: ഒന്ന് ദൈവവുമായി ബന്ധപ്പെട്ട കുറ്റം. മറ്റേത് മനുഷ്യനുമായി ബന്ധപ്പെട്ട കുറ്റം.

“കർമ പുസ്തകം ഇടതു കൈയിൽ നല്കപ്പെടുന്നവൻ പറയുന്നു: കഷ്ടം! എനിക്കെന്റെ കർമ പുസ്തകം കിട്ടാതിരുന്നെങ്കിൽ! എന്റെ കണക്ക് എന്തെന്ന് ഞാൻ അറിയാതിരുന്നെങ്കിൽ; മരണത്തോടെ എല്ലാം കഴിഞ്ഞിരുന്നെങ്കിൽ! എന്റെ ധനം ഇന്ന് യാതൊരു പ്രയോജനവും എനിക്ക് ചെയ്തില്ല. എന്റെ അധികാരങ്ങളൊക്കെയും നശിച്ചുപോയി. അപ്പോൾ അല്ലാഹുവിന്റെ ശാസനയുണ്ടാകും: അവനെ പിടിക്കൂ; കഴു ത്തിൽ ചങ്ങലയിടൂ, എന്നിട്ട് നരകത്തിലേക്കെറിയൂ. പിന്നെ എഴുപതു മുഴം നീളമുള്ള ചങ്ങലയിൽ ബന്ധിക്കൂ. അവൻ മഹോന്നതനായ അല്ലാ ഹുവിൽ വിശ്വസിച്ചിരുന്നില്ല. അഗതികളുടെ ആഹാരം നല്കാൻ പ്രേരി പ്പിച്ചിരുന്നുമില്ല. അതിനാൽ ഇന്നിവിടെ അവനോടനുഭാവമുള്ള ഒരു മിത്ര വുമില്ല. വ്രണങ്ങളുടെ ദുഷ്ടുകളല്ലാതെ അവന്ന് ഒരാഹാരവുമില്ല. പാപി കൾ മാത്രമേ അത് ഭക്ഷിക്കുകയുള്ളൂ.” (അൽഹാഖ: 25-37)

ദൈവത്തിൽ വിശ്വസിക്കാത്തവൻ നമസ്കാരമോ വ്രതമോ സകാതോ ഹജ്ജോ മറ്റ് ആരാധനാ കർമങ്ങളോ നിർവഹിക്കുകയില്ല. മദ്യപിക്കു

കയും വ്യഭിചരിക്കുകയും കള്ളം പറയുകയും മറ്റു കുറ്റകൃത്യങ്ങളിൽ വ്യാപൃതമാവുകയും ചെയ്തേക്കാം. എന്നാൽ അതൊന്നും ശിക്ഷയ്ക്ക് കാരണമായി എടുത്തുകാണിക്കുന്നില്ല. പകരം, രണ്ടാമത്തെ കുറ്റമായി പറയുന്നത് അഗതികളുടെ ആഹാരം നല്കാൻ പ്രേരിപ്പിച്ചിരുന്നില്ല എന്ന താണ്. ഇവിടെ ഈ രണ്ടു പാപവൃത്തികളും രണ്ടു പ്രതീകങ്ങളാണ്. അല്ലാഹുവിൽ വിശ്വസിച്ചില്ലെന്നത് സ്രഷ്ടാവിനോടുള്ള ബാധ്യതകൾ പൂർത്തീകരിക്കാത്തതിനെയും അഗതികളുടെ ആഹാരം നല്കാൻ പ്രേരി പ്പിച്ചില്ല എന്നത് മനുഷ്യരോടുള്ള ബാധ്യതകളിൽ വരുത്തിയ വീഴ്ചക ളെയും പ്രതിനിധീകരിക്കുന്നു. രണ്ടിനും തുല്യ പ്രാധാന്യം നല്കുകയും ചെയ്യുന്നു.

നരകവാസികൾ സ്വയം ഏറ്റുപറയുന്ന കുറ്റങ്ങളും ഇവ്വിധംതന്നെ. ഖുർആൻ പറയുന്നു: “ഓരോ മനുഷ്യനും താൻ സമ്പാദിച്ചതിനു പണ യപ്പെട്ടിരിക്കുന്നു- വലതുപക്ഷമൊഴികെ. അവർ സ്വർഗാവകാശികളത്രേ. അവർ കുറ്റവാളികളോട് ചോദിക്കും. നിങ്ങൾ നരകത്തിൽ പ്രവേശിക്കാൻ കാരണമെന്താണ്? അവർ പറയും: ഞങ്ങൾ നമസ്കരിക്കുന്നവരായി രുന്നില്ല. അഗതികൾക്ക് അന്നം നല്കിയിരുന്നില്ല. സത്യത്തിന്നെതിരെ വാദങ്ങൾ മെനയുന്നവരോടൊപ്പം ഞങ്ങളും അത് ചെയ്യാറുണ്ടായിരുന്നു. വിധിദിനത്തെ നിഷേധിക്കുന്നവരായിരുന്നു ഞങ്ങൾ. അങ്ങനെ ആ അനി ഷേധ്യ യാഥാർഥ്യം ഞങ്ങൾ നേരിട്ടനുഭവിച്ചു.” (അൽമുദ്ദസിർ: 38-47)

ഇവിടെയും എടുത്തുപറഞ്ഞ രണ്ടു കുറ്റം രണ്ടുവിധ ബാധ്യതാനിർവ ഹണത്തിലെ വീഴ്ചകളെയാണ് കുറിക്കുന്നത്. നമസ്കരിച്ചിരുന്നില്ലെന്നത് അല്ലാഹുവോടുള്ള കടമകൾ നിർവഹിക്കാത്തതിനെയും അഗതികളെ ആഹരിപ്പിച്ചിരുന്നില്ലെന്നത് മനുഷ്യരോടുള്ള ബന്ധവും ബാധ്യതയും യഥാവിധി പാലിച്ചില്ലെന്നതിനെയുമാണ് സൂചിപ്പിക്കുന്നത്.

മരണശേഷമുള്ള മറുലോക ശിക്ഷയ്ക്ക് കാരണമായി ഖുർആൻ പറഞ്ഞ കാര്യങ്ങൾ പരിശോധിച്ചാൽ ഈ രണ്ടു ബന്ധങ്ങളിലും ബാധ്യ തകളിലും വരുത്തിയ തെറ്റുകളും കുറ്റങ്ങളുമാണെന്ന് ഗ്രഹിക്കാവുന്ന താണ്. രണ്ടിനെയും തുല്യ പ്രാധാന്യത്തോടെയാണ് പരിശുദ്ധ ഖുർആൻ പരാമർശിക്കുന്നത്.

വൻപാപങ്ങളായി ഇസ്ലാം എണ്ണിയവ ഏറെയും മനുഷ്യരുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംഭവിക്കുന്നവയാണ്.

## മതനിഷേധം

സാധാരണ ധാരണയനുസരിച്ച് ദൈവത്തെ നിഷേധിക്കുന്നവനും മതത്തെ തള്ളിപ്പറയുന്നവനുമാണ് മതനിഷേധി. ഈ പൊതുധാരണയെ വിശുദ്ധ ഖുർആൻ തിരുത്തുന്നു. സമസൃഷ്ടികളോടുള്ള സമീപനത്തിൽ

ദൈവശാസന ശിരസാവഹിക്കാത്തവരെയും ആ ഗണത്തിലാണ് ഖുർആൻ ഉൾപ്പെടുത്തിയിരിക്കുന്നത്.

“വിധിദിനത്തെ നിഷേധിക്കുന്നവനെ നീ കണ്ടിട്ടുണ്ടോ? അവൻ അനാഥയെ അവഗണിക്കുന്നവനാണ്; അഗതിക്ക് ആഹാരം കൊടുക്കാൻ പ്രേരിപ്പിക്കാത്തവനും” (അൽമാഊൻ: 1-3). നമസ്കരിക്കാത്തവനെയല്ല മതനിഷേധിയെന്ന് ഖുർആൻ പരിചയപ്പെടുത്തുന്നത്; അത് നിർവഹിക്കുന്നവനെ തന്നെയാണ്. പക്ഷേ, അയാൾ നമസ്കരിക്കുന്നത് തീർത്തും അശ്രദ്ധനായും ജനത്തെ കാണിക്കാൻ വേണ്ടിയുമാണ്. നമസ്കാരം ജീവിതത്തെ ഒട്ടും സ്വാധീനിക്കുന്നില്ല. ഫലമോ, ജനങ്ങൾക്ക് കൊച്ചു കൊച്ചു ഉപകാരങ്ങൾ ചെയ്യുന്നതിനുപോലും മനസ്സില്ലാത്തവനായി അയാൾ മാറുന്നു.

“ആ നമസ്കാരക്കാർക്ക് നാശം! അവർ തങ്ങളുടെ നമസ്കാരത്തെ സംബന്ധിച്ച് തീർത്തും അശ്രദ്ധരാണ്. അവർ ആളുകളെ കാണിക്കുകയാണ്. നിസ്സാരമായ ആവശ്യങ്ങൾപോലും നിരസിക്കുകയും ചെയ്യുന്നു.”(അൽമാഊൻ: 4-6)

## അല്ലാഹുവിന്റെ പരാതി

ഇസ്‌ലാം ദൈവികമാണ്. മനുഷ്യരാശിക്കായി നൽകപ്പെട്ട ജീവിത വ്യവസ്ഥ. അതിനാലത് മാനുഷികവുമാണ്; തികച്ചും പ്രകൃതിപരവും. മനുഷ്യൻ സൃഷ്ടികളിൽ ശ്രേഷ്ഠനാണ്; അത്യധികം ആദരണീയനും. “മനുഷ്യപുത്രരെ നാം മാനിച്ചിരിക്കുന്നു. അവർക്ക് നാം കടലിലും കരയിലും വാഹനങ്ങൾ നൽകി. ഉത്തമ വസ്തുക്കൾ ആഹാരമായി ഒരുക്കി. നാം സൃഷ്ടിച്ച നിരവധി വസ്തുക്കളെക്കാൾ വ്യക്തമായ മഹത്വമേകുകയും ചെയ്തു.” (അൽഇസ്റാഅ്: 70)

മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ അല്ലാഹു താനുമായുള്ള ബന്ധവുമായി കൂട്ടിയിണക്കുന്നു. അല്ലാഹു, കഷ്ടതയനുഭവിക്കുന്ന മനുഷ്യന്റെ സ്ഥാനത്ത് സ്വയം നിന്നുകൊണ്ട് അവരോടുള്ള സമീപനത്തെ തന്നോടുതന്നെയുള്ള സമീപനമായി ഗണിക്കുന്ന ഒരു ചിത്രം പ്രവാചകൻ വിവരിക്കുന്നുണ്ട്: അന്ത്യദിനത്തിൽ അല്ലാഹു പറയും: “ഹേ മനുഷ്യാ, ഞാൻ രോഗിയായപ്പോൾ നീയെന്നെ സന്ദർശിച്ചില്ല.” അപ്പോൾ മനുഷ്യൻ ചോദിക്കും: “എന്റെ നാഥാ, ഞാൻ നിന്നെ സന്ദർശിക്കുകയോ?” അന്നേരം അല്ലാഹു പറയും: “എന്റെ ഇന്ന അടിമ രോഗിയായത് നീ അറിഞ്ഞിരുന്നില്ലേ? എന്നിട്ട് നീ അവനെ സന്ദർശിച്ചില്ല. അവനെ സന്ദർശിച്ചിരുന്നുവെങ്കിൽ അവന്റെ അടുത്ത് എന്നെ നീ കാണുമായിരുന്നുവെന്ന് നിനക്ക് അറിഞ്ഞുകൂടേ? ഹേ മനുഷ്യാ, നിന്നോട് ഞാൻ ഭക്ഷണം ആവശ്യപ്പെട്ടു. പക്ഷേ, നീയെനിക്ക് ഭക്ഷണം തന്നില്ല.” മനുഷ്യൻ പറയും: “എന്റെ നാഥാ, നീ ലോക രക്ഷിതാവല്ലേ? ഞാൻ നിനക്കെങ്ങനെ

ആഹാരം നല്കും?” അല്ലാഹു പറയും: “എന്റെ ഇന്ന അടിമ നിന്നോട് ആഹാരം ആവശ്യപ്പെട്ടത് നിനക്കറിയില്ലേ? എന്നിട്ട് നീ അവന് ആഹാരം കൊടുത്തില്ല. നീ അവന് ആഹാരം നൽകിയിരുന്നുവെങ്കിൽ അത് എന്റെ അടുത്ത് കാണുമായിരുന്നുവെന്ന് നിനക്കറിഞ്ഞുകൂടേ? മനുഷ്യാ! ഞാൻ നിന്നോട് കുടിനീരാവശ്യപ്പെട്ടു. നീ എനിക്ക് വെള്ളം തന്നില്ല.” മനുഷ്യൻ പറയും: “എന്റെ നാഥാ, നീ സർവലോക രക്ഷിതാവ്. ഞാൻ എങ്ങനെ നിനക്ക് വെള്ളം തരും?” അല്ലാഹു പറയും: “എന്റെ ഇന്ന അടിമ നിന്നോട് വെള്ളം ചോദിച്ചു. നീ അവന് കൊടുത്തില്ല. നിനക്കറിഞ്ഞുകൂടേ, നീ കൊടുത്തിരുന്നുവെങ്കിൽ അത് എന്റെ അടുത്ത് കാണുമായിരുന്നുവെന്ന്.” (ബുഖാരി)

## പാപ്പരായവർ

സഹജീവികളോടുള്ള സമീപനം സ്വർഗനരകങ്ങൾ നേടിക്കൊടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. മോശമായ സമീപനം ജീവിതകാലം മുഴുവൻ നിർവഹിച്ച ആരാധനാനുഷ്ഠാനങ്ങളെ പോലും പ്രയോജനരഹിതമാക്കും. ഒരിക്കൽ പ്രവാചകൻ തിരുമേനി തന്റെ അനുചരൻമാരോട് ചോദിച്ചു: “പാപ്പരായവർ ആരെന്ന് നിങ്ങൾക്കറിയാമോ?” അവർ പറഞ്ഞു: “ഞങ്ങൾക്കിടയിലെ പാപ്പർ ദിർഹമും ദീനാറും ജീവിത വിഭവവുമില്ലാത്തവനാണ്.” അപ്പോൾ അവിടന്ന് അറിയിച്ചു: “എന്റെ സമുദായത്തിലെ പാപ്പർ അന്ത്യദിനത്തിൽ താൻ നിർവഹിച്ച നമസ്കാരവും നോമ്പും സകാത്തുമായി വരുന്നവനാണ്. പക്ഷേ, അയാൾ ഒരാളെ ചീത്ത പറഞ്ഞിരിക്കുന്നു. മറ്റൊരാൾക്കെതിരെ അപവാദം പ്രചരിപ്പിച്ചിരിക്കുന്നു. വേറൊരാളുടെ ധനം ആഹരിച്ചിരിക്കുന്നു. ഇനിയുമൊരുത്തന്റെ രക്തം ചിന്തിയിരിക്കുന്നു. വേറൊരുത്തനെ അടിച്ചിരിക്കുന്നു. അതിനാൽ അയാളുടെ നൻമകൾ അവർക്ക് നൽകപ്പെടുന്നു. പക്ഷേ, ബാധ്യതകൾ കൊടുത്തുതീരും മുമ്പേ അയാളുടെ നൻമകൾ തീർന്നുപോകുന്നു. അപ്പോൾ അവരുടെ പാപങ്ങൾ അയാൾക്ക് നൽകപ്പെടും. അങ്ങനെ അയാൾ നരകത്തിലെറിയപ്പെടുന്നു.” (മുസ്ലിം)

വിശദീകരണമാവശ്യമില്ലാത്തവിധം വ്യക്തമാണിതിന്റെ ആശയം. ആരാധനകളുടെ സദ്ഫലങ്ങൾപോലും സഹജീവികളോട് അന്യായം ചെയ്യുന്നവർക്ക് ആസ്വദിക്കാൻ സാധിക്കുന്നില്ല. മാത്രമല്ല, തങ്ങളാൽ ദ്രോഹിക്കപ്പെടുന്നവരുടെ പാപങ്ങൾ അവർക്ക് ചുമക്കേണ്ടിവരുകയും ചെയ്യുന്നു. ദൈവികമതം മനുഷ്യന്നും മാനുഷികബന്ധങ്ങൾക്കും കൽപിക്കുന്ന സ്ഥാനത്തെ ഇത് വ്യക്തമാക്കുന്നു.

## അന്ധനെ അവഗണിച്ചപ്പോൾ

ഉമ്മുമക്തൂമിന്റെ മകൻ അബ്ദുല്ല അന്ധനായിരുന്നു. ഒരിക്കൽ അദ്ദേഹം പ്രവാചക സന്നിധിയിലെത്തി. പ്രവാചകനപ്പോൾ ഗൗരവപൂർവ

മായ ചർച്ചയിലായിരുന്നു. കൂടെയുള്ളത് പ്രധാന പ്രതിയോഗികളായ ഖുറൈശിക്കൂട്ടത്തിലെ കാരണവൻമാരാണ്. അവരുമായുള്ള ചർച്ച വിജയിച്ചാൽ ഫലം വമ്പിച്ചതായിരിക്കും. എതിർപ്പുകൾ അവസാനിക്കും. ദൗത്യം വിജയിക്കും. അതിനിടയിലാണ് അന്ധന്റെ വരവ്. ഒരനിഷ്ടം നബിതിരുമേനിയുടെ മുഖത്ത് നിഴലിച്ചു. അന്ധനായതുകൊണ്ട് അബ്ദുല്ല അത് കണ്ടില്ല. താൻ അവഗണിക്കപ്പെട്ടതായി അയാൾ അറിഞ്ഞില്ല. അറിഞ്ഞാൽതന്നെ സാരമാക്കാനിടയുമില്ല. അസാധാരണമായൊന്നും അതിലില്ലല്ലോ. അന്ധൻമാർ എവിടെയും അവഗണിക്കപ്പെടുന്നവരാണ്. വരേണ്യവർഗത്തിന്റെ വിഹാരവേദികളിൽ അവർക്ക് ഇടം അനുവദിക്കപ്പെടാറില്ല. അതിനാൽ നബിതിരുമേനിയുടെ നിലപാട് അസംഗതമല്ലെന്നു തോന്നിയേക്കാം. എന്നാൽ, അല്ലാഹു അതിഗുരുതരമായാണ് അതിനെ കണ്ടത്. തന്റെ അവശ ആശ്രിതൻ അവഗണിക്കപ്പെടുന്നത് അവന്ന് അംഗീകരിക്കാനാവില്ല. അതിനാൽ തന്റെ അന്ത്യദൂതന്ന് സംഭവിച്ച അബദ്ധം അല്ലാഹു അദ്ദേഹത്തിന്റെ നാവിലൂടെതന്നെ തിരുത്തി: “കുരുടൻ വന്നപ്പോൾ അദ്ദേഹം മുഖം ചുളിച്ചു തിരിഞ്ഞു കളഞ്ഞു. നീ എന്തറിയുന്നു? അയാൾ ഒരുവേള നന്നായെങ്കിലോ? അഥവാ, ഉപദേശം ശ്രദ്ധിക്കുകയും അത് ഉപകരിക്കുകയും ചെയ്തെങ്കിലോ? താൻപോരിമ നടിക്കുന്നവനെ നീ ശ്രദ്ധിക്കുന്നു. അവൻ നന്നായില്ലെങ്കിൽ നിനക്കെന്ത്? നിന്റെയടുക്കൽ ഓടിയെത്തിയവൻ, ദൈവഭക്തിയുള്ളവനാണ്. എന്നിട്ടും നീ അവനോട് വിമുഖത കാട്ടി. ഓർക്കുക: ഇതൊരുദ്ബോധനം. ഇഷ്ടമുള്ളവർ സ്വീകരിക്കട്ടെ.” (അബസ: 1-12)

ഒരന്ധന്നുവേണ്ടിയാണ് ഇവിടെ വേദം ഇടപെട്ടത്. അതിൽ വിമർശിച്ചതോ തന്റെ പ്രിയപ്പെട്ട പ്രവാചകനെയും. പ്രത്യക്ഷത്തിൽ സംഭവം നന്നെ നിസ്സാരം. പക്ഷേ, വേദഗ്രന്ഥത്തിലൂടെ അല്ലാഹു അതിനെ അനശ്വരമാക്കി. പാവപ്പെട്ടവരെ അവഗണിക്കുന്നവർക്ക് എന്നേക്കുമുള്ള താക്കീതായി. നൂറ്റാണ്ടുകളിലൂടെ കോടാനുകോടികൾ ഈ കുരുടന്റെ കഥ കേൾക്കണമെന്ന് അല്ലാഹു നിശ്ചയിച്ചു. ആരാധനാ കർമങ്ങളിൽ നിഷ്ഠ കുറഞ്ഞതിനോ ഭക്തിപോരാത്തതിനോ അല്ല, അഥവാ, അല്ലാഹുവോടുള്ള ബന്ധത്തിലെ പോരായ്മയുടെ പേരിലല്ല, മനുഷ്യനോടുള്ള ബന്ധത്തിലെ വീഴ്ചക്കാണ് വിശുദ്ധ ഖുർആനിലൂടെ അല്ലാഹുവിന്റെ അന്ത്യദൂതൻ വിമർശനത്തിനിരയായത്. മാനുഷികതയ്ക്ക് ഇസ്‌ലാം കല്പിക്കുന്ന പ്രാധാന്യം ഗ്രഹിക്കാൻ ഈ ഒരൊറ്റ സംഭവം മതി.

## അടിയാളന്റെ മോചനം

സ്രഷ്ടാവിനോടുള്ള ബാധ്യതാ നിർവഹണം, ദൈവ ദാസരായ മനുഷ്യർക്കുള്ള സേവനം - ഇവ രണ്ടിനെയും അല്ലാഹു പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നു. പലപ്പോഴും രണ്ടിനും തുല്യപ്രാധാന്യമാണ് നൽകുന്നത്. ചിലപ്പോഴെങ്കിലും തന്റെ ദാസന്നുള്ള വിഹിതത്തിന് പ്രാമുഖ്യം നൽകു

ന്നതായും കാണാം.

മനുഷ്യൻ വ്രതമനുഷ്ഠിക്കുന്നത് അല്ലാഹുവിനു വേണ്ടിയാണ്. അടിമയും ഉടമയും തമ്മിലുള്ള സ്വകാര്യ ഇടപാടിന്റെ ഭാഗമാണത്. “നോമ്പ് എനിക്കുള്ളതാണ്. അതിന് പ്രതിഫലം നൽകുന്നത് ഞാനാണ്.” (ബുഖാരി)

എന്നാൽ, തനിക്കുള്ള വ്രതാനുഷ്ഠാനത്തോളമോ അതിലധികമോ അല്ലാഹു തന്റെ അടിയാളന്റെ മോചനത്തിനും അഗതിക്ക് ആഹാരമേകുന്നതിനും പ്രാധാന്യം കൽപിച്ചതായി കാണാം. പല പാപവൃത്തികൾക്കും ഖുർആൻ നിശ്ചയിച്ച പ്രായശ്ചിത്തം പരിശോധിച്ചാൽ ഇത് വ്യക്തമാവും. അല്ലാഹു അറിയിക്കുന്നു: “ആരെങ്കിലും അബദ്ധത്തിൽ ഒരു വിശ്വാസിയെ വധിച്ചാൽ പ്രായശ്ചിത്തമായി വിശ്വാസിയായ ഒരടിമയെ മോചിപ്പിക്കുകയും കൊല്ലപ്പെട്ടവന്റെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകുകയും വേണം. അവർ ഔദാര്യത്തോടെ വിട്ടുവീഴ്ച ചെയ്താലൊഴികെ. വധിക്കപ്പെട്ട സത്യവിശ്വാസി നിങ്ങളുടെ ശത്രുസമൂഹത്തിൽപ്പെട്ടവനാണെങ്കിൽ വിശ്വാസിയായ ഒരടിമയെ മോചിപ്പിക്കുക. എന്നാൽ കൊല്ലപ്പെട്ടവൻ നിങ്ങളുമായി സഖ്യത്തിലുള്ളവരിൽപ്പെട്ടവനാണെങ്കിൽ അയാളുടെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകുകയും വിശ്വാസിയായ ഒരടിമയെ മോചിപ്പിക്കുകയും വേണം. ആർക്കെങ്കിലും അതിനു സാധ്യമല്ലെങ്കിൽ അവൻ തുടർച്ചയായി രണ്ടു മാസം നോമ്പനുഷ്ഠിക്കേണ്ടതാണ്. അല്ലാഹു നിശ്ചയിച്ച പ്രായശ്ചിത്തമാണിത്.” (അന്നിസാഅ്: 92)

ഇവിടെ അല്ലാഹു തനിക്കുള്ള വ്രതാനുഷ്ഠാനത്തെക്കാൾ തന്റെ ദാസന്റെ മോചനത്തിനാണല്ലോ പ്രാധാന്യം കൽപിച്ചത്. ളിഹാറിനുള്ള പ്രായശ്ചിത്തവും അവ്വിധംതന്നെ. ഭർത്താവ് ഭാര്യയോട്, “നീ എനിക്ക് എന്റെ മാതാവിന്റെ മുതുകുപോലെയാണ്” എന്നു പറയലാണ് ളിഹാർ. നീയുമായി ഞാൻ ലൈംഗിക ബന്ധം പുലർത്തുന്നത് മാതാവുമായി വേഴ്ച നടത്തുന്നതുപോലെയാണെന്നർഥം. ഇങ്ങനെ ളിഹാർ നടത്തി പിന്നീട് അതിൽനിന്ന് പിൻമാറുന്ന ഭർത്താവ്, ഇരുവരും പരസ്പരം സ്പർശിക്കുന്നതിനു മുമ്പായി ഒരടിമയെ മോചിപ്പിക്കേണ്ടതാണ്. “നിങ്ങൾക്കുള്ള ഉപദേശമാണിത്. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു. വല്ലവന്നും അടിമയെ കിട്ടിയില്ലെങ്കിൽ ഇരുവരും അന്യോന്യം തൊടുന്നതിനു മുമ്പായി രണ്ടു മാസക്കാലം തുടർച്ചയായി വ്രതമനുഷ്ഠിക്കേണ്ടതാകുന്നു. അതിനും കഴിയില്ലെങ്കിൽ അറുപത് അഗതികൾക്ക് ആഹാരം നൽകണം.” (അൽമുജാദില: 4)

ശപഥ ലംഘനത്തിനു നിശ്ചയിക്കപ്പെട്ട ശിക്ഷയിലും ഇത് പ്രകടമാണ്: “നിങ്ങൾ ചെയ്യുന്ന പാഴ്ശപഥങ്ങളുടെ പേരിൽ അല്ലാഹു നിങ്ങളെ

പിടികൂടുകയില്ല. എന്നാൽ മനഃപൂർവം ചെയ്യുന്ന ശപഥങ്ങളുടെ പേരിൽ അവൻ നിങ്ങളെ പിടികൂടുന്നതാണ്. അവയുടെ ലംഘനത്തിനുള്ള പ്രായശ്ചിത്തമിതാ: പത്ത് പാവങ്ങൾക്ക് നിങ്ങൾ സ്വന്തം കുടുംബത്തിനു നൽകുന്ന മിതമായ നിലവാരമുള്ള ആഹാരം നൽകുക. അതല്ലെങ്കിൽ അവർക്ക് വസ്ത്രം നൽകുക. അതുമല്ലെങ്കിൽ ഒരടിമയെ മോചിപ്പിക്കുക. അതിനൊന്നും കഴിവില്ലാത്തവൻ മൂന്ന് നോമ്പനുഷ്ഠിക്കണം. ഇതാകുന്നു നിങ്ങൾ ശപഥം ചെയ്ത് ലംഘിക്കുമ്പോൾ ചെയ്യേണ്ട പ്രായശ്ചിത്തം. നിങ്ങളുടെ ശപഥങ്ങളെ സൂക്ഷിച്ചുകൊള്ളുക." (അൽമാഇദ: 89)

ഇവിടെ വ്രതാനുഷ്ഠാനത്തെക്കാൾ പാവങ്ങളെ ഊട്ടുന്നതിനും ഉടുപ്പിക്കുന്നതിനും അടിയാളനെ മോചിപ്പിക്കുന്നതിനുമാണ് മുൻഗണന നല്കിയിരിക്കുന്നത്.

തന്നോട് ചെയ്യുന്ന തെറ്റുകൾ അല്ലാഹു പൊറുത്തുകൊടുത്തേക്കാം. പക്ഷേ, തന്റെ അടിമയോട് ചെയ്യുന്ന അപരാധം, അയാൾ വിട്ടുവീഴ്ച ചെയ്താലല്ലാതെ അല്ലാഹു മാപ്പാക്കുകയില്ല.

മനുഷ്യനെ സ്നേഹിക്കാതെ സ്രഷ്ടാവിന്റെ സ്നേഹം സമ്പാദിക്കുക സാധ്യമല്ല. സമസൃഷ്ടികളെ വിസ്മരിക്കുന്നവരെ അല്ലാഹുവും വിസ്മരിക്കും. അവരെ വെറുപ്പിക്കുന്നവരെ അവനും വെറുക്കുന്നു, അവരെ ദ്രോഹിക്കുന്നവരെ അവൻ ശിക്ഷിക്കുന്നു- ഇവ്വിധം ദ്രോഹിക്കുന്നവർ ആജീവനാന്തം ആരാധനാനുഷ്ഠാനങ്ങളിൽ ആമഗ്നരാണെങ്കിൽപോലും. അവരുടെ ആ സത്കർമങ്ങളുടെ സദ്ഫലങ്ങൾ അവരാൽ പീഡിപ്പിക്കപ്പെട്ടവർക്ക് സമ്മാനിക്കപ്പെടും. ദൈവനീതി ഏറെ മഹത്തരംതന്നെ; മനുഷ്യരോടുള്ള അതിരുകളില്ലാത്ത കാരുണ്യത്തിലധിഷ്ഠിതവുമാണത്.

രണ്ട്

# ആരാധനകളിലെ മാനവികത

ഇസ്‌ലാം നാല് ആരാധനാ കർമങ്ങൾ നിർബന്ധമാക്കിയിരിക്കുന്നു. മനുഷ്യനും അവന്റെ നാഥനും തമ്മിലുള്ള ബന്ധം സുദൃഢമാക്കാനുള്ള ശക്തമായ ഉപാധികളാണ് ആരാധനാനുഷ്ഠാനങ്ങൾ. മനുഷ്യനെ അവ ദൈവോൻമുഖനാക്കുകയും ആത്മീയോൽക്കർഷം സാധിതമാക്കുകയും ചെയ്യുന്നു.

ആരാധനാകർമങ്ങൾ മനുഷ്യനും ദൈവവും തമ്മിലുള്ള സ്വകാര്യ ഇടപാടായാണ് കണക്കാക്കപ്പെടാറുള്ളത്. എന്നാൽ, ഇസ്‌ലാമിൽ അവയ്ക്ക് മാനുഷികതയുടെ മറ്റൊരു മുഖംകൂടിയുണ്ട്. അവ വിശ്വാസികളിൽ സാമൂഹികാവബോധം ഉത്തേജിപ്പിക്കുന്നു. സമത്വവികാരം വളർത്തുന്നു. മഹിതമായ മാനുഷികഗുണങ്ങൾ ഉണർത്തുന്നു. ഈ വശങ്ങൾ അന്യമാവുമ്പോൾ ആരാധനകൾ അചേതനങ്ങളും പാഴ്‌വേലകളുമാണ്.

## നമസ്കാരം

ഭൗതിക പ്രപഞ്ചത്തോട് വിടപറഞ്ഞ് അല്ലാഹുവിന്റെ സന്നിധിയിലേക്ക് മനുഷ്യൻ നടത്തുന്ന മഹാ പ്രയാണമാണ് നമസ്കാരം. അടിമയും ഉടമയും തമ്മിലുള്ള സ്വകാര്യഭാഷണമാണത്; ഇസ്‌ലാമിലെ അതിപ്രധാനമായ ആരാധനാ കർമം. അതനുഷ്ഠിക്കാതെ ആർക്കും മുസ്‌ലിമാവുക സാധ്യമല്ല. നരകമുക്തിക്കും സ്വർഗലബ്ധിക്കും അതനിവാര്യം. മരണശേഷം മറുലോകത്ത് ആദ്യം വിചാരണ നടക്കുക നമസ്കാരത്തെ സംബന്ധിച്ചാണ്. ഇത്രയേറെ പ്രാധാന്യമുള്ള അതിവിശിഷ്ടമായ ഈ

ആരാധനാകർമത്തിന്റെ നിർവഹണത്തിലും മനുഷ്യരോടുള്ള കാരുണ്യം മറക്കാവതല്ല. പതിനായിരങ്ങൾക്ക് നമസ്കാരത്തിന് നേതൃത്വം നൽകുന്ന ഇമാം പിന്നിൽനിന്ന് കൊച്ചുകുട്ടിയുടെ കരച്ചിൽ കേട്ടാൽ നമസ്കാരം ദീർഘിപ്പിക്കാതെ ലഘൂകരിക്കണം. നബിതിരുമേനി ഇതിനു പറഞ്ഞ കാരണം കുട്ടി കരഞ്ഞ് കരഞ്ഞ് തളരുമെന്നല്ല. മറിച്ച്, കരയുന്ന കുഞ്ഞിന്റെ മാതൃഹൃദയം വേദനിക്കുമെന്നാണ്. ഒരു പെണ്ണിന്റെ മനസ്സ് പിടയാതിരിക്കാൻ പതിനായിരങ്ങൾ തങ്ങളുടെ പ്രാർഥന ചുരുക്കണമെന്നർഥം. ഇസ്‌ലാമിന്റെ ഈ സമീപനം ഉൾക്കൊള്ളുന്ന അതിരുകളില്ലാത്ത മനുഷ്യസ്നേഹവും കാരുണ്യവികാരവും വിവരണം വേണ്ടാത്തവിധം വ്യക്തമത്രേ.

അനസി(റ)ൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: “നമസ്കാരം ദീർഘിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ ഞാനതിൽ പ്രവേശിക്കുന്നു. അപ്പോൾ ഞാൻ കൊച്ചുകുട്ടിയുടെ കരച്ചിൽ കേൾക്കുന്നു. ആ കുഞ്ഞിന്റെ രോദനം അതിന്റെ മാതാവിലുണ്ടാക്കുന്ന പാരവശ്യമോർത്ത് ഞാൻ നമസ്കാരത്തിൽ നിർബന്ധമായവ മാത്രം നിർവഹിക്കുന്നു.” (ബുഖാരി)

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ) അരുൾചെയ്യുന്നു: “നിങ്ങളാരെങ്കിലും നമസ്കാരത്തിൽ ജനങ്ങൾക്ക് നേതൃത്വം നൽകുന്നുവെങ്കിൽ അത് ലഘൂകരിക്കേണ്ടതാണ്. കാരണം, അവരിൽ ദുർബലരും രോഗികളും വൃദ്ധരും ഉണ്ടായേക്കാം. തനിച്ചാണ് നമസ്കരിക്കുന്നതെങ്കിൽ ഇഷ്ടമുള്ളത്ര നീട്ടിക്കൊള്ളുക.” (ബുഖാരി, മുസ്‌ലിം)

നമസ്കാരം ദീർഘിപ്പിച്ച മുആദിനോട് നബിതിരുമേനി കഠിന കോപത്തോടെ മൂന്നു തവണ ചോദിച്ചു: “നീ കുഴപ്പമുണ്ടാക്കുകയാണോ?”

സ്രഷ്ടാവുമായുള്ള സൃഷ്ടികളുടെ സ്വകാര്യഭാഷണമെന്ന മഹത്തായ ആരാധനാകർമം പോലും അവശരെ പരിഗണിച്ച് ചുരുക്കണമെന്ന് പ്രവാചകനിവിടെ ഗൗരവപൂർവം ഉണർത്തുന്നു.

## വിശ്വപൗരന്റെ പിറവി

നമസ്കാരം സാമൂഹികാവബോധം വളർത്തുന്ന ആരാധനാ കർമം കൂടിയാണ്. അത് വിശ്വാസിയെ ‘ഞാനി’ൽനിന്ന് ‘ഞങ്ങളി’ലേക്ക് ഉയർത്തുന്നു. ‘ഞാൻ’ സ്വന്തത്തെയാണ് പ്രതിനിധീകരിക്കുന്നത്; ‘ഞങ്ങൾ’ സമൂഹത്തെയും. എല്ലാവരിലും ഈ രണ്ട് വികാരങ്ങളുമുണ്ട്. അനുപാതത്തിലേ അന്തരമുള്ളൂ. ചിലരിലെ ‘ഞാൻ’ ‘നമ്മളെ’ നിശ്ശേഷം നശിപ്പിക്കുന്നു. മറ്റു ചിലരിലെ ‘ഞാൻ’ ‘നമുക്ക്’ വഴിമാറിക്കൊടുക്കുന്നു. നമസ്കാരത്തിൽ ‘ഞാൻ’ ഇല്ല; ‘ഞങ്ങളേ’യുള്ളൂ. ഒരാൾ തീർത്തും ശൂന്യമായ മരുപ്പറമ്പിൽ തനിച്ചാണ് നമസ്കരിക്കുന്നതെങ്കിലും അല്ലാഹുവോട് പറയേണ്ടത് തനിക്കുവേണ്ടി മാത്രമല്ല; എല്ലാവർക്കും വേണ്ടി

യാണ്. പരിചിതർക്കും അപരിചിതർക്കും ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ജനിക്കാനിരിക്കുന്നവർക്കുമെല്ലാം വേണ്ടി. നമസ്കാരത്തിൽ 'ഞാൻ നിന്നെ വണങ്ങുന്നു' (ഇയ്യാക അഅ്ബുദു) എന്ന് ഓതുന്നവന്റെ ആരാധന അസ്വീകാര്യമത്രേ. 'ഞങ്ങൾ നിന്നെ വണങ്ങുന്നു' (ഇയ്യാക നഅ്ബുദു) എന്നുതന്നെ പറയണം. അവ്വിധംതന്നെ 'നിന്നോട് മാത്രം ഞാൻ സഹായം തേടുന്നു' (വഇയ്യാക അസ്തഈനു) എന്നു ചൊല്ലുന്നവന്റെ നമസ്കാരം ദുർബലമത്രേ. 'നിന്നോട് മാത്രം ഞങ്ങൾ സഹായമർഥിക്കുന്നു' (വഇയ്യാക നസ്തഈൻ) എന്നുതന്നെ ഓതണം. അവന്റെ ആത്മാർഥമായ അർഥന 'എന്നെ സൻമാർഗത്തിലാക്കണേ' (ഇഹ്ദിനിസ്സ്വിറാത്വൽ മുസ്തഖീം) എന്നല്ല; 'ഞങ്ങളെ നീ സൻമാർഗത്തിലാക്കേണമേ' (ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം) എന്നാണ്. കാരണം, വിശ്വാസി ഏകനല്ല. ഒറ്റപ്പെട്ടവനുമല്ല. അവൻ സമൂഹത്തിലെ ഒരംഗമാണ്. പാരാവാരത്തിലെ ഒരു തുള്ളി വെള്ളംപോലെ. അല്ലെങ്കിൽ ശരീരത്തിലെ ഒരവയവം പോലെ.

സത്യവിശ്വാസിയുടെ നമസ്കാരത്തിലെ പ്രാർഥന ദേശഭേദങ്ങളെ ഭേദിക്കുന്നു. കാലവ്യത്യാസങ്ങളെ പരിത്യജിക്കുന്നു. നമസ്കാരത്തിലവൻ തേടുന്നു: 'അല്ലാഹുവിന്റെ രക്ഷയും സമാധാനവും നമ്മുടെ മേൽ വർഷിക്കട്ടെ; അല്ലാഹുവിന്റെ സദ്വൃത്തരായ മുഴുവൻ അടിമകളുടെ മേലും.' (അസ്സലാമു അലയ്നാ വഅലാ ഇബാദില്ലാഹിസ്സ്വാലിഹീൻ).

ഇവിടെ നമസ്കാരത്തിലെ പ്രാർഥനകളിൽ അമേരിക്കക്കാരനും ബ്രിട്ടീഷുകാരനും ചൈനക്കാരനും ഉൾപ്പെടെ ലോകമെങ്ങുമുള്ള സമസ്ത സച്ചരിതരും സമ്മേളിക്കുന്നു. ആദം നബി മുതൽ ഇന്നോളം ഉണ്ടായവരും ലോകാവസാനം വരെ ഉണ്ടാവുന്നവരും ഒത്തുകൂടുന്നു. അതോടൊപ്പം അവരുടെയെല്ലാം പ്രാർഥനകളിൽ നാമും കടന്നുചെല്ലുന്നു. നമുക്കുവേണ്ടി, നാമറിയാതെ കോടാനുകോടികൾ പ്രാർഥിക്കുന്നു. നാം അവർക്കെന്നപോലെത്തന്നെ. ഇത് ലോകാരംഭം തൊട്ട് തുടങ്ങിയതാണ്. ലോകാന്ത്യം വരെ നിലനിൽക്കുകയും ചെയ്യും. ആദം തൊട്ട് അവസാനത്തെ മനുഷ്യൻ വരെയുള്ള സകല സച്ചരിതരുടെയും പ്രാർഥനകൾക്ക് അർഹനാവുന്ന സത്യവിശ്വാസി എത്ര സൗഭാഗ്യവാൻ!

നമസ്കാരം അവർക്കെല്ലാം വേണ്ടി പ്രാർഥിക്കാൻ നമുക്ക് അവസരമേകുന്നു. അങ്ങനെ വിശ്വാസി കാല-ദേശഭേദങ്ങൾക്കതീതനായ വിശ്വപൗരനായി വളരുന്നു. തലമുറകൾക്കിടയിലെ വിടവ് അവന്ന് തീർത്തും അന്യമായിത്തീരുന്നു. ഏതു കാലക്കാരും ദേശക്കാരും ഭാഷക്കാരും അവനെ നമസ്കാരത്തിൽ അനുസ്മരിക്കുന്നു; അവൻ അവരെയും. വിശ്വാസിയുടെ ലോകം വിശ്വത്തോളം വിശാലമാണെന്ന് വിശേഷിപ്പിക്കപ്പെടാനുള്ള കാരണവും അതത്രേ.

## സംഘബോധവും സമത്വവികാരവും

ഏവർക്കും ഏകാന്തതയിലാണ് കൂടുതൽ മനസ്സാന്നിധ്യമുണ്ടാവുക. അതിനാൽ ഒറ്റയ്ക്കുള്ള നമസ്കാരം കൂടുതൽ ആത്മനിഷ്ഠമായിരിക്കും. എന്നിട്ടും ഏറെ മടങ്ങ് പുണ്യം സംഘടിത നമസ്കാരത്തിനാണ്. ഇബ്നു ഉമറിൽനിന്ന് നിവേദനം: നബി തിരുമേനി അരുൾചെയ്തിരിക്കുന്നു: 'സംഘടിത നമസ്കാരത്തിന് ഒറ്റയ്ക്കുള്ള നമസ്കാരത്തെക്കാൾ ഇരുപത്തേഴിരട്ടി പുണ്യമുണ്ട്." (ബുഖാരി, മുസ്‌ലിം)

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: പ്രവാചകൻ(സ) പറഞ്ഞിരിക്കുന്നു: "ഒരാൾ സംഘം ചേർന്ന് നമസ്കരിക്കുന്നത് തന്റെ വീട്ടിലോ വ്യാപാരസ്ഥലത്തോ വെച്ച് നമസ്കരിക്കുന്നതിനെക്കാൾ ഇരുപത്തഞ്ചിരട്ടി പുണ്യമുള്ളതാണ്. കാരണം, നന്നായി അംഗശുദ്ധി വരുത്തി നമസ്കാരം മാത്രം ലക്ഷ്യമാക്കി പള്ളിയിലേക്ക് പുറപ്പെട്ടാൽ ഓരോ കാലടിവയ്ക്കുമ്പോഴും ഓരോ പാപം പൊറുക്കപ്പെടുകയും ഓരോ പദവി ഉയർത്തപ്പെടുകയും ചെയ്യുന്നു. അങ്ങനെ നമസ്കരിച്ചു തുടങ്ങിയാൽ അവൻ ശുദ്ധിയോടെ നമസ്കരിച്ച സ്ഥലത്ത് സ്ഥിതി ചെയ്ത സമയമത്രയും 'നാഥാ, ഇയാൾക്ക് അനുഗ്രഹവും കരുണയും ചെയ്യേണമേ'യെന്ന് അയാൾക്കു വേണ്ടി മാലാഖമാർ പ്രാർഥിച്ചുകൊണ്ടിരിക്കും. നമസ്കാരം പ്രതീക്ഷിച്ചുകൊണ്ടിരിക്കുമ്പോഴെല്ലാം അയാൾ നമസ്കാരത്തിൽതന്നെയായിരിക്കുകയും ചെയ്യും' (ബുഖാരി, മുസ്‌ലിം).

സംഘടിത നമസ്കാരത്തിൽ എല്ലാവരും ഒരേ നേതാവിന്റെ കീഴിൽ, ഒരേ ഭാഗത്തേക്ക് തിരിഞ്ഞ്, ഒരേ ലക്ഷ്യത്തോടെ, ഒരേ അനുഷ്ഠാനം ഒരുമിച്ച് നിർവഹിക്കുന്നു. നേതാവിനെ എല്ലാവരും കണിശമായി പിന്തുടരുന്നു. നേതാവിന് തെറ്റിയാൽ തിരുത്തുന്നു. ഇവ്വിധം നമസ്കാരത്തിന് അണിചേരുമ്പോൾ ചരിവോ വളവോ ഇടയ്ക്ക് വിടവോ ഇല്ലാതെ കൃത്യത പുലർത്തണമെന്ന് കണിശമായി നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഇത് വിശ്വാസികളിൽ സംഘബോധവും സമത്വവികാരവും വളർത്തുന്നു.

നമസ്കാരത്തിന്റെ മർമം ഭയഭക്തിയും മനസ്സാന്നിധ്യവുമാണെങ്കിലത് തനിച്ച് നമസ്കരിക്കുമ്പോഴാണ് കൂടുതലുണ്ടാവുക. എങ്കിലും ഇസ്‌ലാം കൂടുതൽ പ്രാധാന്യം കൽപിച്ചത് സംഘടിത നമസ്കാരത്തിലെ സാമൂഹികതക്കാണെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമത്രേ.

നമസ്കാരത്തിന് പള്ളിയിൽ ആദ്യമെത്തുന്നവരാണ് മുൻനിരയിൽ അണിചേരുക. അതിനാൽ ചിലപ്പോൾ ഓഫീസിലെ ശിപായിയായിരിക്കും മുന്നിൽ; പിന്നിൽ സംസ്ഥാന ഗവർണറും. എങ്കിൽ ഗവർണറുടെ തല വെക്കേണ്ടത് ശിപായിയുടെ കാലിനടുത്താണ്. നേരത്തെ പള്ളിയിലെത്തിയ കൈവണ്ടി വലിക്കുന്നവന്റെ കാലിന്റെയടുത്ത് പിന്നീടെത്തിയ പ്രധാനമന്ത്രിയുടെ ശിരസ്സ് വെക്കുകതന്നെ വേണം. അതിന് ഒരു

ക്കമില്ലാത്ത അഹങ്കാരി അവിശ്വാസിയത്രേ. നിത്യനാശത്തിനുടമയായ നരകാവകാശി! മുൻനിരയിലുള്ളവരുടെ പാദങ്ങൾക്കരികെ ശിരസ്സമർത്തി വെക്കേണ്ടത് വിമ്മിട്ടമൊട്ടുമില്ലാതെയാണ്. ഇത് സൃഷ്ടിക്കുന്ന സമത്വ വികാരത്തിന് സമാനമായി ലോകത്തെവിടെയും മറ്റൊന്ന് കാണുക സാധ്യമല്ല. നമസ്കാരത്തിന് നിൽക്കുന്നതോ, എല്ലാവരും ഒരേ അണിയിൽ. വർഗ, വർണ, ദേശ, ഭാഷാ, ഭരണ, ഭരണീയ ഭേദങ്ങളേതുമില്ല.

അങ്ങനെ സംഘടിത നമസ്കാരം സ്വാർഥവികാരത്തിന് വിരാമമിടുന്നു. സംഘബോധം അങ്കുരിപ്പിക്കുന്നു. ഉച്ചനീചത്വം ഉഛാടനം ചെയ്യുന്നു. സമത്വചിന്ത സാർവത്രികമാക്കുന്നു. അഹന്ത അകറ്റി വിനയം വളർത്തുന്നു. അപകർഷബോധമില്ലാതാക്കി ഔന്നത്യവികാരമുണർത്തുന്നു.

നമസ്കാരത്തിൽനിന്ന് വിരമിക്കുമ്പോഴുള്ള വിശ്വാസിയുടെ പ്രാർഥന മുഴുലോകത്തിനുമുള്ളതാണ്. 'അല്ലാഹുവിന്റെ രക്ഷയും അനുഗ്രഹവും നിങ്ങളുടെ മേലുണ്ടാവട്ടെ' (അസ്സലാമു അലൈക്കും വറഹ്മതുല്ലാഹ്). മനുഷ്യരും മലക്കുകളും മൃഗങ്ങളും മറ്റു ചരാചരങ്ങളും മുഴുലോകവും ഇതിലുൾപ്പെടുന്നു. അങ്ങനെ നമസ്കരിക്കുന്ന വിശ്വാസിയുടെ ലോകം അതിരുകൾക്കതീതമായി മാറുന്നു.

## വ്രതം

വ്രതാനുഷ്ഠാനം വിശുദ്ധ ജീവിതത്തിന് വഴിയൊരുക്കുന്ന വിശിഷ്ടാരാധനയാണ്. അത് ശാരീരികേഛകളെ നിയന്ത്രിക്കാൻ ശക്തിയേകുന്നു. മോഹങ്ങളെ മെരുക്കിയെടുക്കുന്നു. ജന്മവാസനകൾക്ക് കടിഞ്ഞാണിടാൻ കരുത്തേകുന്നു. സംയമനശേഷി പോഷിപ്പിക്കുന്നു. പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിക്കാൻ പരിശീലിപ്പിക്കുന്നു. ഇങ്ങനെ ആത്മീയോൽക്കർഷത്തിന് പാതയൊരുക്കുന്ന മഹൽകൃത്യമാണ് വ്രതം. അതീവ രഹസ്യമായി നിർവഹിക്കപ്പെടുന്ന കർമമാണത്. ഒരാൾ നോമ്പ് നിർവഹിക്കുന്നത് ആ വ്യക്തിയും ദൈവവുമല്ലാതെ മറ്റാരും അറിയുകയില്ല. അതുകൊണ്ടുതന്നെ തീർത്തും സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള സ്വകാര്യ ഇടപാടത്രേ. അല്ലാഹു അറിയിക്കുന്നു: "നോമ്പ് എനിക്കുള്ളതാണ്. നാമാണതിന് പ്രതിഫലം നൽകുന്നത്." (ബുഖാരി)

അല്ലാഹുവിനുള്ള അതിപ്രധാനമായ ഈ ആരാധനാകർമം സമസൃഷ്ടികളോടുള്ള സമീപനം മോശമാവുന്നതോടെ പാഴ്വേലയായി പരിണമിക്കുന്നു. പ്രവാചകൻ പറയുന്നു: "ആർ വ്യാജ വാക്കുകളും വ്യാജ വൃത്തികളും ഉപേക്ഷിക്കുന്നില്ലയോ, അയാൾ അന്ന പാനീയങ്ങൾ ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് ഒട്ടും താൽപര്യമില്ല." (ബുഖാരി, തിർമിദി, ഇബ്നുമാജ, നസാഈ)

“ആഹാരപാനീയങ്ങൾ വർജിക്കൽ മാത്രമല്ല വ്രതം. വ്യർഥവും വഷളുമായ വാക്കുകൾ വർജിക്കലുമാണത്. നിന്നെ ആരെങ്കിലും ചീത്ത പറയുകയോ നിന്നോട് അവിവേകം കാണിക്കുകയോ ചെയ്താൽ ‘ഞാൻ നോമ്പുകാരനാണ്; ഞാൻ നോമ്പുകാരനാണ്’ എന്നു മാത്രം പറയുക”. (ഹാകിം, ഇബ്നുഖുസൈമ)

ഇവ്വിധം നോമ്പുകാരനിൽനിന്ന് മഹിതമായ മാനുഷികമര്യാദ ആവശ്യപ്പെടുന്നു ഇസ്ലാം. പുലഭ്യം പറയുന്നവനോട് മറുത്ത് പറയാതിരിക്കുമാറ് മാന്യനായിരിക്കണം ഭക്തനായ ആരാധകനെന്നർഥം.

വ്രതം നിർബന്ധമാക്കിയപ്പോൾ മതം അത് നിർവഹിക്കുന്നവന്റെ അവസ്ഥ നന്നായി പരിഗണിച്ചിരിക്കുന്നു. യാത്രക്കാരനും രോഗിയും റമദാനിലെ വ്രതാനുഷ്ഠാനം നിർവഹിക്കേണ്ടതില്ല. പിന്നീട് പകരം നിർവഹിച്ചാൽ മതി.

നന്നേ ദുർബലരായ വൃദ്ധരും മാറാരോഗികളും വ്രതമനുഷ്ഠിക്കേണ്ടതില്ല. പ്രായശ്ചിത്തം നല്കിയാൽ മതി. പ്രായശ്ചിത്തം അശരണർക്കുള്ള അന്നദാനവും. ഇളവിലെന്നപോലെ ഇതിലും മാനുഷികത പൂർണമായും പരിഗണിക്കപ്പെട്ടിരിക്കുന്നു.

ലോകമെങ്ങുമുള്ള വിശ്വാസികൾ ഒരു നിർണിത മാസം നിശ്ചിത സമയത്ത് അന്നപാനീയങ്ങളുപേക്ഷിക്കുന്നു. ഒരേ കൃത്യം നിർവഹിക്കുന്നു. അങ്ങനെ ഒരേ ശരീരാവസ്ഥയ്ക്ക് ഏവരും വിധേയമാവുന്നു. ഇത് വളർത്തുന്ന സാമൂഹികതയും സമത്വ ബോധവും വിവരണമാവശ്യമില്ലാത്ത വിധം വ്യക്തമത്രേ.

## സകാത്ത്

ധനമാണ് മനുഷ്യന്റെ ഏറ്റവും വലിയ ദൗർബല്യം. പലർക്കും പരമപ്രധാനം പണമാണല്ലോ. സമ്പത്ത് സ്വന്തമാക്കാനാണ് സർവരും സദാ ശ്രമിക്കുന്നത്. മനുഷ്യനെപ്പറ്റി അല്ലാഹു പറയുന്നു: “അവന്റെ പണത്തോടുള്ള പ്രേമം അതിതീവ്രമത്രേ.” (അൽആദിയാത്ത്: 8)

ധനം നരവംശത്തിന്റെ നിലനില്പിന്നാധാരമാണെന്ന് ഖുർആൻ പറയുന്നു: “അല്ലാഹു നിങ്ങളുടെ നിലനില്പിന്നാധാരമാക്കിയ സമ്പത്ത് മൂഢൻമാരെ ഏല്പിക്കാതിരിക്കുക.” (അന്നിസാഅ്: 5)

ധനം ദൈവത്തിന്റേതാണെന്നും മനുഷ്യന്ന് കൈവശാവകാശം മാത്രമേയുള്ളൂവെന്നും ഇസ്ലാം പഠിപ്പിക്കുന്നു. ആ അവകാശമോ, ദൈവിക വ്യവസ്ഥയ്ക്ക് വിധേയവും.

ധനത്തിന്റെ നിശ്ചിത വിഹിതം നിർബന്ധമായും ദാനം ചെയ്യണമെന്ന് ഇസ്ലാം നിഷ്കർഷിക്കുന്നു. അതുവഴി ദാതാവ് നേടേണ്ടത് വിശുദ്ധിയും

സംസ്കരണവുമത്രേ. "നീ അവരുടെ ധനത്തിൽനിന്ന് ദാനം സ്വീകരിക്കുക. അതുവഴി അവർ വിശുദ്ധിയും സംസ്കാരവും വരിക്കുന്നു." (അത്തൗബ: 103)

ഈ നിർബന്ധ ദാനം അല്ലാഹുവിനുള്ള അതിവിശിഷ്ടമായ ആരാധനയാണ്. എന്നാൽ, ഈ ദിവ്യോപാസനയുടെ ഗുണഭോക്താക്കൾ മനുഷ്യരത്രേ. അവരിലെ അവശരും അശരണരും അഗതികളും അടിയാളരും. സകാത്തിന്റെ അവകാശികൾ എട്ടായി നിശ്ചയിക്കപ്പെട്ടപ്പോൾ ഒരംശം മാത്രമേ നേർക്കുനേരെ മതപരമെന്ന് വിശേഷിപ്പിക്കപ്പെടുന്നതിന് നീക്കിവയ്ക്കപ്പെട്ടിട്ടുള്ളൂ. ബാക്കി ഏഴും അല്ലാഹു അവന്റെ അടിമകൾക്കായി മാറ്റിവെച്ചിരിക്കുന്നു: "ദരിദ്രർ, അഗതികൾ, സകാത്ത് ജോലിക്കാർ, മനസ്സിണക്കപ്പെട്ടവർ, അടിയാളമോചനം, കടബാധിതർ, ദൈവമാർഗം, വഴിയാത്രക്കാർ എന്നീ വകുപ്പുകൾക്ക് മാത്രമുള്ളതാണ് സകാത്ത്. ഇത് അല്ലാഹുവിന്റെ നിർണയമത്രേ. അഭിജ്ഞനും യുക്തിജ്ഞനുമാകുന്നു അല്ലാഹു." (അത്തൗബ: 20)

## ഹജ്ജ്

ഇസ്‌ലാമിലെ സുപ്രധാനമായ ആരാധനാകർമമാണ് ഹജ്ജ്. വിശുദ്ധ കഅ്ബയാണതിന്റെ കേന്ദ്രബിന്ദു. ജനങ്ങൾക്കു വേണ്ടിയാണത് നിർമിക്കപ്പെട്ടത്. അല്ലാഹു അറിയിക്കുന്നു: "ജനങ്ങൾക്കായി നിർമിക്കപ്പെട്ട പ്രഥമദേവാലയം മക്കയിൽ സ്ഥിതിചെയ്യുന്നതു തന്നെയാണ്. അത് അനുഗൃഹീതം. ലോകർക്കാകമാനം മാർഗദർശനകേന്ദ്രവും." (ആലു ഇംറാൻ: 96)

ഹജ്ജിന്റെ തുടക്കം ഇഹ്റാമിലൂടെയാണ്. മനുഷ്യർ തമ്മിലുള്ള വസ്ത്രപരമായ വൈവിധ്യത്തിന് പോലും വിരാമമിട്ട് എല്ലാവരെയും ഏകീകരിക്കുന്ന കർമമാണ് ഇഹ്റാം. പിന്നെ, എല്ലാവർക്കും ഒരേ വേഷം, ഒരേ മന്ത്രം, ഒരേ മുദ്രാവാക്യം. എല്ലാവരുടെയും പേരും ഒന്നുതന്നെ - അൽഹാജ്. മാനുഷിക സമത്വം ഇവ്വിധം പ്രകാശിതമാവുന്ന മറ്റൊരു ചടങ്ങും ലോകത്തില്ല.

ഹജ്ജിന്റെ അവിഭാജ്യഘടകമായ ത്വവാഫ് ഒരു മഹാപ്രവാഹമാണ്. ആരാധകൻ അതിൽ അലിഞ്ഞില്ലാതാവുന്നു; ആർത്തിരമ്പുന്ന സമുദ്രത്തിൽ ജലകണങ്ങൾ ലയിച്ചുചേരുന്നതുപോലെ. ത്വവാഫിൽ വർഗങ്ങൾക്ക് പ്രസക്തിയില്ല. വ്യക്തിക്ക് സ്ഥാനമില്ല. എല്ലാവരും ഒരേ കൂട്ടായ്മയുടെ ഭാഗം.

ത്വവാഫ് ഏകാന്ത തപസ്സല്ല. ജനതയുടെ സജീവ സാന്നിധ്യമുള്ള ആരാധനയാണ്. അതിൽ ചലനമുണ്ട്. നിരന്തര ചലനം. ജനത്തിന്റെ ശബ്ദമുണ്ട്. തിക്കും തിരക്കുമുണ്ട്. അതിനാൽ വിശ്വാസി അവിടെ ധ്യാനനിമഗ്നനായ യോഗിയല്ല. തിരക്കിലൂടെ പായുന്ന കർമനിരതനാണ്. തിടു

ക്കവും ജാഗ്രതയും പുലർത്തുന്നവൻ. അല്ലാഹുവിനു വേണ്ടി ഇവ്വിധം ആരാധന നിർവഹിക്കുമ്പോൾ സഹജീവികളിലാരെയെങ്കിലും വാക്കു കൊണ്ടോ കർമം കൊണ്ടോ ദ്രോഹിച്ചാൽ അത് ആരാധനയുടെ ചൈതന്യം ചോർത്തുന്നു. മാനുഷിക മര്യാദപുലർത്താത്തവന് ദൈവ സാമീപ്യം അപ്രാപ്യമത്രേ.

ഹജറുൽ അസ്‌വദ് ചുംബിക്കുന്ന വിശ്വാസി പിന്നിട്ട തലമുറകളു മായി തന്നെ ബന്ധിപ്പിക്കുന്നു. ചരിത്രത്തിൽ കോടാനുകോടികളുടെ സ്നേഹാദരവുകളാർന്ന ചുംബനങ്ങൾ പതിഞ്ഞ ഒരിടത്താണ് തന്റെയും അധരം തൊട്ടുരുമ്മുന്നതെന്ന ബോധമവനെ വികാരഭരിതനാക്കുന്നു. ത്വവാഫിൽനിന്ന് വിരമിച്ച വിശ്വാസി 'സംസം' കുടിക്കുമ്പോഴുണ്ടാവുന്ന നിർവൃതിയും നിർവചനാതീതം തന്നെ. ബോധമണ്ഡലത്തിലത് സഹ സ്രാബ്ദങ്ങൾക്കപ്പുറത്തെ ദൈവദാസൻമാരെ സംബന്ധിച്ച സ്മരണകൾ കോരിനിറയ്ക്കും. അങ്ങനെ ഈ ചടങ്ങുകളെല്ലാം കാലത്തിന്റെ അതിർവ രമ്പുകളെ വകഞ്ഞുമാറ്റി തലമുറകളുടെ വിശുദ്ധ സംഗമത്തിന് വഴിയൊ രുക്കുന്നു.

ഹജ്ജ് നിർവഹിക്കുന്നവർക്ക് ഹാജറയെ ഓർക്കാതിരിക്കാൻ സാധ്യ മല്ല. അവർ അടിമയായിരുന്നു. കറുത്തവളായിരുന്നു. വിദേശിയായിരുന്നു. പോരാത്തതിന് പെണ്ണും. സാധാരണ മാനദണ്ഡമനുസരിച്ച് നാലു പോരാ യ്മകളുടെ പ്രതീകമായ അവരുടെ പ്രവൃത്തികൾ പിന്തുടരാതെ ആർക്കും ഹജ്ജ് പൂർത്തീകരിക്കാനാവില്ല. രാജാവായാലും ചക്രവർത്തിയായാലും പ്രസിഡന്റായാലും പ്രധാനമന്ത്രിയായാലും കറുത്തവളായ ആ അടിമ പ്പെണ്ണ് ചവിട്ടി നില്ക്കുക വഴി അല്ലാഹുവിന്റെ അടയാളമായി മാറിയ സ്വഫാ-മർവാ മലകളിൽ കയറിനിൽക്കുകതന്നെ വേണം. മകന്ന് ദാഹ ജലം തേടി അവർ ഓടിയ പാതയിലൂടെ പ്രയാണം നടത്തുകയും വേണം. ഇത് വളർത്തുന്ന വിനയ വികാരവും സമത്വബോധവും വിവരണാതീത മത്രേ.

അറഫയില്ലാതെ ഹജ്ജില്ല. അറഫാ ദിനത്തിൽ നിരവധി ലക്ഷങ്ങൾ ഒത്തുകൂടുന്നു. അതൊരു ലോകമായി മാറുന്നു. വർഗ-വർണ-ദേശ-ഭാഷാ- ലിംഗഭേദങ്ങൾക്ക് പ്രസക്തിയില്ലാത്ത സമത്വ സുന്ദരലോകം. ഇസ്‌ലാം വിഭാവനചെയ്യുന്ന ഏകലോകത്തിന്റെ കൊച്ചുപതിപ്പ്. അവിടെ ശത്രുതയില്ല. സംഘർഷമില്ല. അസൂയയില്ല. പകയില്ല. അസമത്വമില്ല. അസഹിഷ്ണുതയില്ല. ആരുടെയും അന്തരംഗത്ത് അഹിതവികാരങ്ങൾ അശേഷമില്ല. അതോടൊപ്പം അവർക്കിടയിൽ അദൃശ്യവും എന്നാൽ അവി ഛേദ്യവുമായ വൈകാരിക ബന്ധം നിലനില്ക്കുന്നു.

ആൾക്കൂട്ടത്തിലെ തിരക്കിൽ ഏറെ പ്രയാസം സഹിച്ചു മാത്രമേ ഹാജിമാർക്ക് പ്രാഥമികാവശ്യങ്ങൾ പോലും പൂർത്തീകരിക്കാൻ സാധി

ക്കുകയുള്ളൂ. അത്തരം അവസരങ്ങളിൽപോലും ആരോടും അരുതാത്തത് പറയുകയോ അപമര്യാദയായി പെരുമാറുകയോ അരുത്. ഹജ്ജ് വേളയിൽ വിവാദങ്ങളിലേർപ്പെടുന്നതുപോലും വിലക്കപ്പെട്ടിരിക്കുന്നു: "ഹജ്ജിന്റെ മാസങ്ങൾ സർവരാലും അറിയപ്പെട്ടവയാകുന്നു. ഈ നിർണിതമാസങ്ങളിൽ ഹജ്ജ് ചെയ്യാൻ തീരുമാനിച്ചാൽ പ്രസ്തുത നാളുകളിൽ സ്ത്രീസംസർഗവും പാപവൃത്തികളും വാദകോലാഹലങ്ങളും വർജിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്. നിങ്ങളാചരിക്കുന്ന ഏതൊരു നൻമയും അല്ലാഹു അറിയുന്നുണ്ട്.' (അൽബഖറ: 197)

മനുഷ്യരോടുള്ള വിവാദവും കയർക്കലും അല്ലാഹുവിനുള്ള ആരാധനയ്ക്ക് വിഘാതം വരുത്തുമെന്നർഥം. മാനവികതയുടെ അംശം അന്യമാവുന്നതോടെ ആരാധനകൾ അചേതനങ്ങളായിത്തീരുന്നു. എന്നല്ല; ആരാധനകളുടെ ഐഹികഫലം മനുഷ്യബന്ധങ്ങളെ പോഷിപ്പിക്കലത്രേ.

## മൂന്ന്

# സത്യവിശ്വാസവും സൽസ്വഭാവവും

മനുഷ്യമനസ്സ് ഇനിയും ആർക്കും പിടികിട്ടാത്ത ഒരദ്ഭുത പ്രതിഭാസമാണ്. അത് ആധുനിക വിജ്ഞാനീയങ്ങളുടെ വിശകലനവരുതിക്ക് അതീതവുമാണ്. അതിന്റെ നിഗൂഢതലങ്ങളിലെ ചലനങ്ങൾ സൂക്ഷ്മമായി അപഗ്രഥിക്കാൻ ഇന്നോളം ആർക്കും സാധിച്ചിട്ടില്ല.

യഥാർഥത്തിൽ മാനവജീവിതത്തെ രൂപപ്പെടുത്തുന്നത് മനസ്സിന്റെ വികാരവിചാരങ്ങളാണ്. അവ വിശുദ്ധങ്ങളെങ്കിൽ ജീവിതം പാവനമായിരിക്കും. മലിനമെങ്കിൽ മറിച്ചും. അതുകൊണ്ടുതന്നെ മനസ്സിന്റെ നിയന്ത്രണമാണ് മർമപ്രധാനം. ഒരാൾ എന്തു ചിന്തിക്കുന്നുവെന്നറിഞ്ഞാൽ അയാളെപ്പറ്റി മനസ്സിലാക്കാൻ അൽപവും പ്രയാസപ്പെടേണ്ടിവരില്ല. ഒരാൾ എപ്പോഴും എന്തിനെക്കുറിച്ചാണോ ചിന്തിക്കുന്നത് അതായിരിക്കും അയാളെന്ന് എമേഴ്സൺ പറയാനുള്ള കാരണവും അതുതന്നെ. മനോവ്യാപാരമാണ് മനുഷ്യനെ രൂപപ്പെടുത്തുന്നതെന്നർഥം.

മനുഷ്യന്റെ കഴിവ് അപാരമത്രേ. താജ്മഹലും ചെങ്കോട്ടയും വൻമതിലും പിരമിഡുകളും പണിതത് അവനാണല്ലോ. മനുഷ്യൻ സ്വന്തമാക്കിയ ശാസ്ത്ര സാങ്കേതിക സിദ്ധികൾ സീമാതീതമാണ്. ഗോളാന്തരയാത്രപോലും അവനിന്ന് നിസ്സാരം. ഭൂമിയെ ഒരു പിടി ചാരമാക്കാൻ പോന്ന ബോംബുകളുടെ നിർമാണം, നിഷ്പ്രയാസം. ഹൃദയം മാറ്റിവെക്കാൻ അവന്ന് അനായാസം സാധിക്കും. എന്നാൽ മുഴുവൻ മനുഷ്യരും ഒത്തുകൂടിയാലും ഒരൊറ്റയാളുടെ മനസ്സുമാറ്റാൻ കഴിയണമെന്നില്ല. ഇവിടെയാണ് വിശ്വാസം വൻവിജയം വരിക്കുന്നത്. അതിന്റെ ശക്തി അജയ്യമാണ്. പാപത്തിന്റെ പാഴ്ച്ചേറിലമർന്ന ജീവിതങ്ങളെ സത്യവിശ്വാസത്തിന്റെ തെളിനീര് കഴുകി വൃത്തിയാക്കുന്നു. തിൻമയുടെ പ്രേരകങ്ങളെ പ്രതിരോധിക്കാനത് കരുത്തേകുന്നു. വിശ്വാസമാണ് വിജയത്തിന് വഴിയൊരുക്കുന്നത്. അതില്ലാതെ ആർക്കും രക്ഷപ്പെടുക സാധ്യമല്ല.

സത്യവിശ്വാസത്തിന്റെ സദ്ഫലങ്ങൾ ജീവിതത്തിലുടനീളം കാണപ്പെടും. അതാണ് നബിതിരുമേനി ഇങ്ങനെ അരുൾചെയ്തത്: "സത്യവിശ്വാസത്തിന് എഴുപതിലേറെ ശാഖകളുണ്ട്. അവയിലേറ്റം ശ്രേഷ്ഠം 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്യമാണ്. നിസ്സാരമായത് വഴിയിൽനിന്ന് മാലിന്യങ്ങൾ നീക്കലും." (ബുഖാരി, മുസ്‌ലിം)

സത്യവിശ്വാസം ഇവ്വിധം മുഴുജീവിതത്തെയും ചൂഴ്ന്നുനിൽക്കുമെങ്കിലും അത് ഏറ്റവുമധികം പ്രകടമാവുക സ്വഭാവത്തിലും പെരുമാറ്റ

ത്തിലുമാണ്. സ്വഭാവസംസ്കരണത്തിന് സഹായകമല്ലാത്ത വിശ്വാസം സത്യശുദ്ധമല്ലെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. നബിതിരുമേനി അറിയിച്ചു: "സത്യവിശ്വാസത്തിൽ പൂർണത വരിച്ചവൻ അവരിൽ ഏറ്റവും നല്ല സ്വഭാവമുള്ളവനാണ്." (തിർമിദി)

ജനത്തിന് ദ്രോഹം വരുത്തുകയും നന്മ നൽകാതിരിക്കുകയും ചെയ്യുന്നവനാണ് മനുഷ്യരിലേറ്റം മോശക്കാരൻ. ഇബ്നു അബ്ബാസിൽനിന്ന് നിവേദനം: നബി(സ) ചോദിച്ചു: "നിങ്ങളിലേറ്റം കൊള്ളരുതാത്തവൻ ആരാണെന്ന് ഞാനറിയിച്ചുതരട്ടെയോ?" 'അല്ലാഹുവിന്റെ ദൂതരേ, അവിടന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അങ്ങനെ ചെയ്താലും'- അവർ പറഞ്ഞു. ഏകനായി ഇറങ്ങിത്തിരിച്ചവനും തന്റെ ഭൃത്യനെ അടിക്കുന്നവനും സഹായം തടയുന്നവനുമാണ് നിങ്ങളിലേറ്റം കൊള്ളരുതാത്തവൻ. എന്നാൽ, അവനെക്കാൾ കൊള്ളരുതാത്തവൻ ആരെന്ന് ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ?' തിരുമേനി ചോദിച്ചു. 'അല്ലാഹുവിന്റെ ദൂതരേ, അവിടന്ന് ഉദ്ദേശിക്കുന്നുവെങ്കിൽ അങ്ങനെ ചെയ്താലും.' അവർ പറഞ്ഞു. 'ജനങ്ങളെ വെറുക്കുന്നവനും അവരുടെ വെറുപ്പിന് വിധേയനാവുന്നവനുമാണത്. എന്നാൽ അവനെക്കാൾ ചീത്ത ആരെന്ന് ഞാൻ അറിയിച്ചുതരട്ടെയോ?' പ്രവാചകൻ ചോദിച്ചു. 'അല്ലാഹുവിന്റെ ദൂതരേ, അവിടന്ന് ഇച്ഛിക്കുന്നുവെങ്കിൽ അങ്ങനെ ചെയ്താലും.' 'വീഴ്ചകൾ വിട്ടുകൊടുക്കാത്തവനും ക്ഷമാപണം സ്വീകരിക്കാത്തവനും തെറ്റുകൾക്ക് മാപ്പ് കൊടുക്കാത്തവനുമാണത്. എന്നാൽ അവനെക്കാൾ ഹീനൻ ആരെന്ന് നിങ്ങളെ അറിയിക്കട്ടെയോ?' നബി(സ) ആരാഞ്ഞു. 'അല്ലാഹുവിന്റെ ദൂതരേ, അവിടന്ന് ഉദ്ദേശിക്കുന്നുവെങ്കിൽ അങ്ങനെ ചെയ്താലും'- അവർ പറഞ്ഞു. 'ആരുടെ ഉപകാരം പ്രതീക്ഷിക്കാനും ഉപദ്രവത്തിൽനിന്ന് നിർഭയത്വം നേടാനും സാധിക്കുന്നില്ലയോ അവനാണത്." (ത്വബ്റാനി)

ഇവിടെ പരാമർശിക്കപ്പെട്ടവയെല്ലാം സ്വഭാവവുമായി ബന്ധപ്പെട്ടവയാണ്. മാനുഷികബന്ധങ്ങളിൽ നൻമ നിലനിർത്താത്തവൻ നീചരിൽ നീചനാണെന്ന് ഈ നബിവചനം വ്യക്തമാക്കുന്നു.

സ്വർഗവും അതിലെ സമുന്നത സ്ഥാനവും സൽസ്വഭാവികൾക്കാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അബുദ്ദർദാഇൽനിന്ന് നിവേദനം: നബി(സ) അറിയിച്ചിരിക്കുന്നു: "അന്ത്യദിനത്തിൽ സത്യവിശ്വാസിയുടെ തുലാസിൽ സൽസ്വഭാവത്തെക്കാൾ ഘനംതൂങ്ങുന്ന മറ്റൊന്നില്ല. നിശ്ചയം, അശ്ലീലവും പുലഭ്യവും പറയുന്നവരെ അല്ലാഹു വെറുക്കുന്നു." (തിർമിദി)

ആളുകളെ കൂടുതലായി സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നത് എന്താണെന്ന് നബി തിരുമേനിയോട് ചോദിച്ചപ്പോൾ അവിടന്ന് പ്രതിവചിച്ചു:

“അല്ലാഹുവോടുള്ള ഭക്തിയും സൽസ്വഭാവവും” (തിർമിദി). നബി(സ) അറിയിക്കുന്നു: അല്ലാഹു ഇബ്റാഹീം നബിക്ക് ഇങ്ങനെ ബോധനം നൽകി: “എന്റെ ഉറ്റമിത്രമേ, സത്യനിഷേധികളോടായാലും നന്നായി പെരുമാറുക. എങ്കിൽ സുകൃതികളുടെ വാസസ്ഥലത്ത് നിനക്കും സ്ഥാനം ലഭിക്കും. സ്വഭാവം സംസ്കരിക്കുന്നവന്ന് എന്റെ സിംഹാസനത്തിന്റെ തണൽ നൽകുമെന്നും എന്റെ പരിശുദ്ധമായ സ്വർഗത്തിൽ താമസിപ്പി ക്കുമെന്നും എന്റെ അടുത്തുനിർത്തുമെന്നും ഞാൻ കരാർ ചെയ്തിട്ടുണ്ട്.” (തിർമിദി)

ജാബിറിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: “അന്ത്യദിനത്തിൽ നിങ്ങളിൽ എനിക്കേറ്റം ഇഷ്ടപ്പെട്ടവരും എന്റെയടുത്ത് സ്ഥാനം ലഭിക്കു ന്നവരും നിങ്ങളിൽ ഏറ്റം നല്ല സ്വഭാവമുള്ളവരായിരിക്കും. അന്ത്യദിന ത്തിൽ നിങ്ങളിൽ എനിക്കേറ്റം കോപമുള്ളവരും എന്നിൽനിന്ന് ഏറെ അകന്നവരുമായ ആളുകൾ ധാരാളമായി സംസാരിക്കുന്നവരും ആളുകളെ അപഹസിക്കുന്നവരും അഹങ്കാരികളുമായിരിക്കും.” (തിർമിദി)

ആഇശ(റ)യിൽനിന്ന് നിവേദനം: “നബിതിരുമേനി അറിയിച്ചിരി ക്കുന്നു. “സൽസ്വഭാവം കാരണമായി സത്യവിശ്വാസിക്ക് നിന്ന് നമസ്ക രിക്കുന്നവന്റെയും നോമ്പ് അനുഷ്ഠിക്കുന്നവന്റെയും പദവി ലഭിക്കും.” (അബൂദാവൂദ്)

ഉസാമതുബ്നു ശരീക് പറയുന്നു: “ഞങ്ങളുടെ തലയിൽ പക്ഷികൾ വന്നിരുന്നിട്ടെന്ന വണ്ണം ഞങ്ങൾ ദൈവദൂതന്റെയടുത്ത് അടങ്ങിയൊ തുങ്ങി ഇരിക്കുകയായിരുന്നു. ആരും വായ തുറക്കാൻ ധൈര്യപ്പെട്ടിരു ന്നില്ല. അപ്പോൾ ഒരു സംഘം ആളുകൾ വന്ന് നബി(സ)യോട് ചോദിച്ചു: ‘അല്ലാഹുവിന്റെ അടിമകളിൽ അവനോട് ഏറ്റവും അടുത്ത് നിൽക്കുന്ന വൻ ആരാണ്?’ പ്രവാചകൻ പ്രതിവചിച്ചു: ‘ഏറ്റവുമധികം സ്വഭാവശു ദ്ധിയുള്ളവൻ.” (ത്വബ്റാനി)

ഒരു സംഘം സ്വഹാബികൾ പ്രവാചകനോട് ചോദിച്ചു: “മനുഷ്യന്ന് നൽകപ്പെട്ടതിൽവെച്ചേറ്റം ഉത്തമമായത് എന്താണ്?” അവിടന്ന് അറിയിച്ചു: “സ്വഭാവശുദ്ധി.” (ഇബ്നുഹിബ്ബാൻ)

അബൂദർറിൽനിന്ന് നിവേദനം: നബി(സ) പറയുന്നു: “വിശ്വാസത്തി നായി ഹൃദയത്തെ ശുദ്ധമാക്കുകയും നേർവഴിയിൽ നിലനിർത്തുകയും നാവിനെ സത്യസന്ധമാക്കുകയും മനസ്സിനെ സ്വസ്ഥമാക്കുകയും സ്വഭാ വത്തെ ശരിപ്പെടുത്തുകയും ചെയ്യുന്നവനാണ് വിജയി.” (ഇബ്നു ഹിബ്ബാൻ)

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബിതിരുമേനി അരുൾ ചെയ്യുന്നു: “വിശ്വാസിയുടെ മാന്യത മതഭക്തിയാണ്. ബുദ്ധിയാണവന്റെ

മാനുഷികത. കുലീനത സ്വഭാവശുദ്ധിയും.” (ഹാകിം)

ആരാധനാനുഷ്ഠാനങ്ങളിലെ പോരായ്മപോലും സ്വഭാവമഹിമ കൊണ്ട് പരിഹരിക്കപ്പെടുമെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു. അനസി(റ)ൽനിന്ന് നിവേദനം: നബി(സ) പറയുന്നു: “സൽസ്വഭാവം കാരണമായി അല്ലാഹുവിന്റെ അടിമ പരലോകത്ത് ശ്രേഷ്ഠമായ സ്ഥാനവും മഹിതമായ പദവിയും നേടുന്നു; ആരാധനകളിൽ അൽപം പിറകിലാണെങ്കിലും. എന്നാൽ ദുസ്സ്വഭാവം അവനെ നരകത്തിന്റെ അടിത്തട്ടിലെത്തിക്കുന്നു.” (ത്വബ്റാനി)

ലോകത്ത് ഏറ്റവും ഭാഗ്യവാൻമാർ നൻമകൊണ്ട് തിൻമയെ തടയുന്നവരാണ്. “നൻമയും തിൻമയും തുല്യമല്ല. അതിനാൽ ഉത്തമമായ നൻമകൊണ്ട് തിൻമയെ തടയുക. അപ്പോൾ താങ്കളോട് ശത്രുത പുലർത്തുന്നവൻ മിത്രമായി മാറുന്നത് നിനക്കു കാണാം. സഹനമവലംബിക്കുന്നവർക്കല്ലാതെ ഈ സദ്ഗുണം സിദ്ധമല്ല. മഹാഭാഗ്യവാൻമാർക്കല്ലാതെ ഈ പദവി ലഭ്യവുമല്ല.’ (ഫുസ്സ്വിലത്ത്: 34, 35)

സൽസ്വഭാവം സദ്ഫലം സമ്മാനിക്കുന്നു. ദുഃസ്വഭാവം ദുരന്തവും. ഇക്കാര്യം പ്രവാചകൻ(സ) ഒരുദാഹരണത്തിലൂടെ വ്യക്തമാക്കുന്നു: “ശുദ്ധജലം അഴുക്ക് നീക്കും പോലെ സൽസ്വഭാവം പാപങ്ങളെ കഴുകിക്കളയുന്നു. വിനാഗിരി തേനിനെ ദുഷിപ്പിക്കും പോലെ ദുഃസ്വഭാവം കർമങ്ങളെ ചീത്തയാക്കുന്നു.” (ബൈഹഖി)

സത്യവിശ്വാസവും ദുഃസ്വഭാവവും ഒത്തുചേരുകയില്ല. അതാണ് നബി (സ) പ്രഖ്യാപിച്ചത്: “കപടവിശ്വാസിയുടെ അടയാളങ്ങൾ മൂന്നാണ്. സംസാരിച്ചാൽ കള്ളം പറയുക, വാഗ്ദത്തം ചെയ്താൽ ലംഘിക്കുക, വിശ്വസിച്ചാൽ ചതിക്കുക. അയാൾ നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും മുസ്ലിമാണെന്ന് വാദിക്കുകയും ചെയ്താലും ശരി കപടവിശ്വാസി തന്നെ.” (മുസ്ലിം)

അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്വിൽനിന്ന് നിവേദനം: നബി തിരുമേനി അരുൾചെയ്തിരിക്കുന്നു: “നാലു ദുർഗുണങ്ങളുള്ളവൻ തീർത്തും കപടവിശ്വാസിയാണ്. അവയിൽ ഒരു ദുർഗുണമുള്ളവനിൽ, അതുപേക്ഷിക്കാത്ത കാലത്തോളം കാപട്യത്തിന്റെ ഒരംശമുണ്ടായിരിക്കും. സംസാരിച്ചാൽ കള്ളംപറയുക, കരാർ ചെയ്താൽ ചതിക്കുക, വിശ്വസിച്ചാൽ വഞ്ചിക്കുക, പിണങ്ങിയാൽ പുലഭ്യം പറയുക.” (ബുഖാരി, മുസ്ലിം)

“പ്രവാചകനിയോഗം തന്നെ ഉത്തമസ്വഭാവങ്ങളുടെ പൂർത്തീകരണത്തിനു വേണ്ടിയാണ്.” (മാലിക്)

കൊടിയ ശത്രുക്കളെ ആത്മമിത്രങ്ങളാക്കി മാറ്റുന്നതിൽ മുഹമ്മദ്

നബി തിരുമേനിയോളം വിജയിച്ച മറ്റൊരു വ്യക്തിയെ ലോകചരിത്രത്തിലെവിടെയും കാണുക സാധ്യമല്ല. ഉമറുബ്നുല്‍ ഖത്ത്വാബ്, ഖാലിദുബ്നുല്‍ വലീദ്, അംറുബ്നുല്‍ ആസ്വ്, ഉര്‍വതുബ്നു മസ്ഊദ്, സുഹൈലുബ്നു അംറ്, അബൂസുഫ്യാന്‍, വഹ്ശി, ഹിന്ദ്, ത്വുഫൈലുദ്ദൂസി, ബുറൈദതുബ്നുല്‍ ഹസ്വീബുല്‍ അസ്‌ലമി പോലുള്ളവരെല്ലാം പ്രവാചകന്റെ കടുത്ത പ്രതിയോഗികളായിരുന്നു. അവരെല്ലാം പ്രവാചകനെയും അനുചരന്‍മാരെയും പീഡിപ്പിക്കുന്നതിലും അനല്‍പമായ പങ്കുവഹിച്ചവരാണ്. പിന്നീടവരൊക്കെ പ്രവാചകന്റെ ആത്മാര്‍ഥതയുള്ള അനുയായികളും ഇസ്‌ലാമിന്റെ കരുത്തരായ കാവല്‍ക്കാരുമായി. ഈ ആശ്ചര്യകരമായ മാറ്റത്തിന് പ്രധാന കാരണം പ്രവാചകന്റെ അസദൃശമായ സ്വഭാവമേന്‍മ തന്നെ. അല്ലാഹു പറയുന്നു: “നീ മഹിതമായ സ്വഭാവമുള്ളവനാണ്.” (അല്‍ഖലം: 4)

“നീ ക്രൂരമനസ്കനും പരുഷപ്രകൃതനുമായിരുന്നെങ്കില്‍ അവരെല്ലാം നിന്റെ അടുത്തുനിന്ന് അകന്നുപോകുമായിരുന്നു.” (ആലുഇംറാന്‍: 159)

അനുചരന്‍മാരിലും ഉത്തമസ്വഭാവം വളര്‍ത്തിയെടുക്കാന്‍ നബിതിരുമേനി നിഷ്കര്‍ഷ പുലര്‍ത്തിയിരുന്നു. അതിനാല്‍ എതിരാളികളില്‍പോലും പ്രവാചക ശിഷ്യന്‍മാരുടെ സ്വഭാവ മേന്‍മ നല്ല മതിപ്പുളവാക്കി. അവിടത്തെ ആദ്യത്തെ ഉത്തരാധികാരിയായിത്തീര്‍ന്ന അബൂബക്ര്‍ സിദ്ദീഖിന്റെ അനുഭവം ഇതാണ് തെളിയിക്കുന്നത്.

അവിശ്വാസികളുടെ അക്രമമര്‍ദനങ്ങള്‍ കാരണം മക്കയില്‍ നവജാത ഇസ്‌ലാമികസമൂഹത്തിന് ജീവിക്കാന്‍ സാധ്യമല്ലാത്ത സാഹചര്യമുണ്ടായി. അങ്ങനെയിരിക്കെ എത്യോപ്യയുടെ കവാടങ്ങള്‍ അവര്‍ക്കുവേണ്ടി തുറക്കപ്പെട്ടു. പ്രവാചകശിഷ്യരില്‍ പലരും അവിടേക്ക് പലായനം ചെയ്തു. അബൂബക്റും അക്കൂട്ടത്തിലുണ്ടായിരുന്നു. വഴിയില്‍വെച്ച് ഗോത്രത്തലവന്‍മാരിലൊരാളായ ഇബ്നുദ്ദുഗ്ന അദ്ദേഹത്തെ കണ്ടുമുട്ടി. ഗാറാപ്രദേശത്തെ പ്രധാനിയായിരുന്നു അയാള്‍. അബൂബക്റിനെ തടഞ്ഞുനിര്‍ത്തി അയാള്‍ ചോദിച്ചു: “താങ്കള്‍ എങ്ങോട്ടാണ്?” “എവിടെയെങ്കിലും പോയി സ്വൈരമായി ജീവിക്കട്ടെ. ദൈവത്തെ ആരാധിച്ചും അനുസരിച്ചും കഴിയാനൊരിടം തേടി ഇറങ്ങിയതാണ്.”

“താങ്കളെപ്പോലുള്ളവര്‍ നാടുവിടരുത്. നാട്ടില്‍നിന്ന് പുറത്താക്കപ്പെടുകയുമരുത്. താങ്കള്‍ കുടുംബബന്ധം ചേര്‍ക്കുന്നു, അതിഥികളെ ആദരിക്കുന്നു, അഗതികള്‍ക്ക് ആശ്വാസമേകുന്നു, ദരിദ്രരെ സേവിക്കുന്നു, അന്യരുടെ ഭാരം ചുമക്കുന്നു, അക്രമത്തെ പ്രതിരോധിക്കുന്നു. വരൂ, താങ്കളുടെ സംരക്ഷണം ഞാനേറ്റു. മക്കയില്‍ താമസിച്ചുതന്നെ താങ്കള്‍ക്ക് ദൈവത്തെ വണങ്ങി, വഴങ്ങിക്കഴിയാം”- അവിശ്വാസിയായ ഇബ്നുദ്ദുഗ്ന അറിയിച്ചു.

ഇസ്‌ലാമിക വീക്ഷണത്തിൽ സൽസ്വഭാവത്തിന്റെ സകലഭാവങ്ങളും സത്യവിശ്വാസത്തിന്റെ ഭാഗവും പരലോകത്ത് പ്രതിഫലാർഹമായ സൽക്കർമങ്ങളുമാണ്. കൂട്ടുകാരനെ കാണുമ്പോൾ അഭിവാദ്യം ചെയ്യുന്നത് ആരാധനയാണ്; രോഗിയെ സന്ദർശിക്കുന്നത് പുണ്യവും. സുഹൃത്തിന്റെ മുഖത്തുനോക്കി മന്ദഹസിക്കുന്നത് ഇബാദത്താണ്; സദ്‌വചനം സുകൃതവും. ഹസ്തദാനം മഹിതകർമമാണ്; അനാഥയെ തലോടുന്നത് ധർമവും. കുടുംബബന്ധം ചേർക്കൽ മതബാധ്യതയാണ്; സഹോദരനെ സന്ദർശിക്കൽ പാവനകൃത്യവും. മാതാപിതാക്കളെ സേവിക്കൽ ദൈവ മാർഗത്തിലെ സായുധ സമരം പോലെ സമുൽകൃഷ്ടമാണ്; സഹധർമിണിയോടുള്ള സൽപെരുമാറ്റം നൻമയുടെ നിദർശനവും. ഇത്തരം മാനുഷിക മര്യാദകളുടെ ലംഘനം മതനിരാസത്തിനു സമമത്രേ.

## നാല്

# മാതാപിതാക്കളോടുള്ള സമീപനം

**ഇ**സ്‌ലാം കുടുംബഭദ്രതയ്ക്ക് വലിയ പ്രാധാന്യം കൽപിച്ച മതമാണ്. കുടുംബങ്ങൾ ഭദ്രമാകുമ്പോഴേ സമൂഹവും ഭദ്രമാകൂ. കുടുംബാംഗങ്ങളുടെ പരസ്പര സ്നേഹവും സഹകരണവും സേവനവുമാണ് കുടുംബത്തെ ഭദ്രമാക്കുന്നത്. പരസ്പരം മനസ്സിലാക്കുക, ആദരിക്കേണ്ടവരെ ആദരിക്കുക, അനുസരിക്കേണ്ടവരെ അനുസരിക്കുക ഇതൊക്കെ കുടുംബഭദ്രതയ്ക്ക് അനിവാര്യമാകുന്നു. കുടുംബത്തിന്റെ അടിവേര് മാതാപിതാക്കളാണ്. അവരാണല്ലോ വ്യക്തിയെ ജനിപ്പിക്കുന്നതും പോറ്റിവളർത്തി വലുതാക്കുന്നതും. അതുകൊണ്ട് സ്രഷ്ടാവായ അല്ലാഹുവിനുശേഷം ഒരു മനുഷ്യന്റെ ജീവിതം ഏറ്റവും കടപ്പെട്ടിട്ടുള്ളത് അവന്റെ മാതാപിതാക്കളോടാണ്. അവരിൽ പ്രഥമ സ്ഥാനം മാതാവിനും.

അതിനാൽ മതം മാതാപിതാക്കൾക്ക് മഹിത പദവി നൽകുന്നു. അവരെ അനുസരിക്കാനും ആദരിക്കാനും ആജ്ഞാപിക്കുന്നു. ധിക്കരിക്കരുതെന്ന് കൽപിക്കുന്നു. പ്രായാധിക്യത്താൽ പ്രയാസമനുഭവിക്കുന്ന മാതാപിതാക്കളെ കാരുണ്യത്തോടെ പരിരക്ഷിക്കണമെന്ന് ശാസിക്കുന്നു. അവരെ അലോസരപ്പെടുത്തുന്ന സംസാരം പോലും അരുതാത്തതത്രേ.

അല്ലാഹു മാതാപിതാക്കളുടെ കാര്യം പറഞ്ഞത് തന്നോട് ചേർത്താണ്; തന്നെ മാത്രം വണങ്ങി, വഴങ്ങി ജീവിക്കണമെന്ന ശാസനയുടെ ഭാഗമായും. “നിന്റെ നാഥൻ നിർബന്ധപൂർവം നിഷ്കർഷിച്ചിരിക്കുന്നു: അവന്നല്ലാതെ നീ വഴിപ്പെടരുത്. മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കണം.” (അൽഇസ്റാഅ്: 23)

“നിങ്ങൾ അല്ലാഹുവിന് കീഴ്പ്പെട്ട് ജീവിക്കുക. അവനിൽ ഒന്നിനെയും പങ്കുചേർക്കാതിരിക്കുക. മാതാപിതാക്കളോട് നല്ല നിലയിൽ സഹവസിക്കുകയും ചെയ്യുക.” (അന്നിസാഅ്: 36)

“പറയുക: വരൂ! നിങ്ങളുടെ നാഥൻ നിങ്ങളോട് നിഷ്കർഷിച്ച കാര്യങ്ങൾ എന്തൊക്കെയെന്ന് ഞാൻ പറഞ്ഞുതരാം. അവനിൽ യാതൊന്നിനെയും പങ്കു ചേർക്കരുത്. മാതാപിതാക്കൾക്ക് നൻമ ചെയ്യണം.” (അൽ അൻആം: 151)

ഈ മൂന്നിടത്തും ഇസ്‌ലാമിന്റെ അടിസ്ഥാനാദർശമായ തൗഹീദിനോട് ചേർത്തും അതിന്റെ ഭാഗമായും ആണ് മാതാപിതാക്കളുടെ കാര്യം പരാ

മർശിച്ചത്. അപ്രകാരംതന്നെ, അല്ലാഹു തന്നോടെന്നപോലെ അവരോടും നന്ദി കാണിക്കണമെന്ന് കൽപിക്കുന്നു: “മനുഷ്യനോട് അവന്റെ മാതാപിതാക്കളുടെ കാര്യം നാം ഉപദേശിച്ചിരിക്കുന്നു. കടുത്ത ക്ലേശത്തോടെയാണ് മാതാവ് അവനെ ഗർഭം ചുമന്നത്. അവന്റെ മുലകുടി നിർത്താനോ രണ്ടു വർഷം വേണം. അതിനാൽ നീ എന്നോടും നിന്റെ മാതാപിതാക്കളോടും നന്ദികാണിക്കുക. മടക്കം എന്റെ അടുത്തേക്കുതന്നെയാണ്.” (ലുഖ്മാൻ: 14)

ഇസ്‌ലാമിന്റെ കാമ്പും കാതലുമായ തൗഹീദിന് വിരുദ്ധവും ഏറ്റം കഠിനമായ കുറ്റവുമാണ് അല്ലാഹുവിൽ പങ്കുചേർക്കൽ. ഈ കൊടിയ പാപം മാതാപിതാക്കൾ ചെയ്യുകയും ചെയ്യാൻ ഉപദേശിക്കുകയും പ്രേരിപ്പിക്കുകയും മാത്രമല്ല; നിർബന്ധിക്കുക കൂടി ചെയ്താലും ഐഹിക ജീവിതത്തിൽ അവരോട് നല്ല നിലയിൽ വർത്തിക്കണമെന്ന് അല്ലാഹു അനുശാസിക്കുന്നു. ഇസ്‌ലാം അവർക്ക് നൽകിയ പ്രാധാന്യമാണിത് കാണിക്കുന്നത്.

“നിനക്ക് യാഥാർഥ്യം വ്യക്തമായറിയാത്ത വസ്തുക്കളെ എന്നിൽ പങ്കു ചേർക്കണമെന്ന് അവരിരുവരും നിന്നെ നിർബന്ധിച്ചാൽ നീ അനുസരിക്കരുത്. അതോടൊപ്പം ഐഹിക ജീവിതത്തിൽ അവരുമായി നല്ല നിലയിൽ സഹവസിക്കുകയും ചെയ്യുക.” (ലുഖ്മാൻ: 15)

മാതാവ് സഹിച്ച ത്യാഗം അനുസ്മരിച്ച് നന്നായി സഹവസിക്കുന്നവരാണ് സച്ചരിതരെന്ന് ഖുർആൻ പഠിപ്പിക്കുന്നു: “മാതാപിതാക്കൾക്ക് നൻമ ചെയ്യണമെന്ന് മനുഷ്യനോട് നാം കല്പിച്ചിരിക്കുന്നു. ഏറെ പ്രയാസത്തോടെയാണ് മാതാവ് അവനെ ഗർഭം ചുമന്നത്. പ്രസവിച്ചതോ, കടുത്ത പാരവശ്യത്തോടെയും. ഗർഭധാരണവും മുലകുടിമാറ്റലും കൂടി മുപ്പത് മാസമത്രേ. പിന്നീടവൻ പൂർണ യുവത്വം പ്രാപിക്കുകയും നാൽപത് വയസ്സ് പ്രായമെത്തുകയും ചെയ്തപ്പോൾ അവനതാ പ്രാർഥിക്കുന്നു: നീ എനിക്കും എന്റെ മാതാപിതാക്കൾക്കും ചെയ്തുതന്ന അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കാനും നിനക്കിഷ്ടമുള്ള നല്ല കാര്യങ്ങൾ ചെയ്യാനും എനിക്ക് സൻമനസ്സേകണമേ! ഞാനിതാ നിന്നിലേക്ക് പശ്ചാത്തപിച്ച് മടങ്ങിയിരിക്കുന്നു. ഞാൻ അനുസരണമുള്ളവൻ തന്നെ; തീർച്ച.”(അഹ്ഖാഫ്:15)

മാനവജീവിതത്തിലെ ഏറ്റവും വിഷമമേറിയ ഘട്ടം വാർധക്യമാണല്ലോ. ശാരീരികമായി പടുകിഴവൻമാരെക്കാളും കഴിവുകുറഞ്ഞവർ കൊച്ചുകുട്ടികളായിരിക്കും. അവർക്ക് കരയാൻ മാത്രമേ കഴിയൂ. എന്നാൽ, മാതാപിതാക്കളും മറ്റും പിഞ്ചുകുഞ്ഞുങ്ങളെ ലാളിച്ചോമനിച്ച് രസിപ്പിക്കുകയും വാത്സല്യപൂർവം പരിലാളിക്കുകയും ചെയ്യുന്നു. ഉദ്ദേശിക്കുന്നിടത്തെല്ലാം എത്താനും ആഗ്രഹിക്കുന്നപോലെ പ്രവർത്തിക്കാനും കഴി

ഞ്ഞിരുന്ന യുവത്വത്തിനുശേഷം പ്രായാധിക്യം കാരണമായി പരവശത അനുഭവിക്കുന്ന വൃദ്ധജനങ്ങൾ ശാരീരികമായ തളർച്ചയോടൊപ്പം മാനസിക ക്ഷീണവും സഹിക്കേണ്ടിവരുന്നു. അതവരെ അത്യധികം അലോസരപ്പെടുത്തുകയും അസ്വസ്ഥരാക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ അവരോട് അലോസരമുണ്ടാക്കുന്ന ഒരക്ഷരം പോലും ഉരിയാടരുതെന്ന് ഖുർആൻ കണിശമായി കൽപിക്കുന്നു: "അവരിൽ ഒരാളോ, അല്ലെങ്കിൽ രണ്ടുപേരുമോ വാർധക്യം ബാധിച്ച് നിന്റെ സംരക്ഷണം ആവശ്യമായി വന്നാൽ നീ അവരോട് 'ഛെ' എന്നു പോലും പറയരുത്. മാന്യമായ വാക്കുകൾ മാത്രമേ പറയാവൂ. കാരുണ്യത്തോടെ വിനയമാകുന്ന ചിറക് അവർക്ക് താഴ്ത്തിക്കൊടുക്കണം. 'നാഥാ, കൊച്ചുന്നാളിൽ അവരിരുവരും എന്നെ പരിപാലിച്ചു വളർത്തിയ പോലെ നീ അവരോടും കാരുണ്യം കാണിക്കേണമേ'യെന്ന് പ്രാർഥിക്കുകയും വേണം". (അൽഇസ്‌റാഅ്: 23, 24)

മാതാപിതാക്കളുടെ സംതൃപ്തി അല്ലാഹുവിന്റെ പ്രീതിക്കുപോലും ആധാരമാകുന്നു. അഥവാ, മാതാപിതാക്കളോട് മാന്യമായി വർത്തിച്ച് അവരുടെ പ്രീതി നേടാതെ ദൈവഹിതം സമ്പാദിക്കുക സാധ്യമല്ല. പ്രവാചകൻ പറയുന്നു: "അല്ലാഹുവിന്റെ തൃപ്തി മാതാപിതാക്കളുടെ തൃപ്തിയിലാണ്. അവന്റെ കോപം അവരുടെ കോപത്തിലും". (ഹാകിം)

മാതാപിതാക്കൾ സ്വർഗ-നരകപ്രവേശത്തിന് നിമിത്തമാണെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു: "നബിതിരുമേനിയോട് മാതാപിതാക്കളെ സംബന്ധിച്ച് ഒരാൾ അന്വേഷിച്ചു. അവിടന്ന് ചോദ്യകർത്താവിനോട് പ്രതിവചിച്ചു: അവർ നിന്റെ സ്വർഗവും നരകവുമാണ്." (ഇബ്നുമാജ)

അബൂഹുറയ്റയിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "പ്രായാധിക്യമുള്ള മാതാപിതാക്കളെയോ അവരിലൊരാളെയോ കൂടെകിട്ടിയിട്ടും സ്വർഗം സമ്പാദിക്കാൻ സാധിക്കാത്തവന്ന് നാശം! അവന്ന് പരാജയം! അവൻ തുലഞ്ഞവൻ!" (മുസ്‌ലിം)

അബൂഉമാമയിൽനിന്ന് നിവേദനം: "ഒരിക്കൽ ഒരാൾ മാതാപിതാക്കൾ വഴി മക്കൾക്ക് ലഭ്യമാകുന്ന അനുഗ്രഹങ്ങളെ സംബന്ധിച്ച് നബിതിരുമേനിയോട് ചോദിച്ചു. അവിടന്ന് അരുൾചെയ്തു: 'അവർ നിന്റെ സ്വർഗത്തിന്റെ അല്ലെങ്കിൽ നരകത്തിന്റെ വാതിലുകളാണ്. അവരുടെ ആഗ്രഹത്തിനനുസൃതമായി അവരെ സേവിച്ചാൽ സ്വർഗം സമ്പാദിക്കാം. അവരോട് ക്രൂരമായി പെരുമാറിയാലോ, നരകവും.'

ഇബ്നു അബ്ബാസിൽനിന്ന് നിവേദനം. നബി തിരുമേനി അരുൾചെയ്തിരിക്കുന്നു: "ആരെങ്കിലും അല്ലാഹുവിന്റെ അഭീഷ്ടം ആഗ്രഹിച്ച് മാതാപിതാക്കൾക്ക് നൻമചെയ്യാനും അവരെ സേവിക്കാനും സമയം വ്യയം ചെയ്താൽ അവന്നുവേണ്ടി സ്വർഗത്തിന്റെ രണ്ടു കവാടങ്ങൾ തുറ

ക്കപ്പെടും. മാതാപിതാക്കൾക്കെതിര് നിൽക്കാനോ അവരെ ധിക്കരിക്കാനോ ആണ് നീക്കമെങ്കിൽ നരകത്തിന്റെ രണ്ടുവാതിലുകളായിരിക്കും അവന്നായി തുറക്കപ്പെടുക.' സ്വഹാബികളിലൊരാൾ ചോദിച്ചു: 'മാതാപിതാക്കൾ ക്രൂരത കാണിക്കുന്നവരാണെങ്കിലോ?' 'അതെ, അവർ നിന്നോട് ക്രൂരത ചെയ്താലും നീ അവരോട് 'ഛെ' എന്നുപോലും പറയരുത്." പ്രവാചകൻ പ്രതിവചിച്ചു.

മറ്റൊരിക്കൽ അവിടന്ന് അരുൾചെയ്തു: "സ്വർഗത്തിലേക്ക് പല വഴികളുണ്ട്. ഈ ലോകത്തു ചെയ്ത നൻമയുടെ തോതനുസരിച്ച് ഒരാൾക്ക് അവയിലൂടെ പ്രവേശിക്കാം. മാതാവാണ് സ്വർഗമധ്യത്തിലേക്കുള്ള വഴി. നീ ആഗ്രഹിക്കുന്നുവെങ്കിൽ ആ വഴി ഭദ്രമാക്കിവയ്ക്കുക. അല്ലെങ്കിൽ അത് നാശത്തിന്റേതാക്കുക. എല്ലാം നിന്റെ വിധിപോലെ."

ഇബ്നു ഉമറിൽനിന്ന് നിവേദനം: കൃത്യമായി നമസ്കരിക്കുകയും വ്രതമനുഷ്ഠിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്ന തികഞ്ഞ ഭക്തനെന്ന് അവകാശപ്പെട്ട് ഒരാൾ നബിതിരുമേനിയെ സമീപിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: "അങ്ങനെയെങ്കിൽ നീ സ്വർഗത്തിൽ പ്രവേശിക്കും; തീർച്ച. മാതാപിതാക്കൾക്ക് ഒരുപദ്രവവും ചെയ്തിട്ടില്ലെങ്കിൽ."

അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിനെക്കാൾ ഇസ്ലാം പ്രാധാന്യം കൽപിക്കുന്നത് മാതാപിതാക്കളുടെ പരിരക്ഷണത്തിനാണ്.

അബ്ദുർറഹ്മാൻ, അബ്ദുല്ലാഹിബ്നു മസ്ഊദിൽനിന്ന് നിവേദനം: ഞാൻ നബിതിരുമേനിയോട് ചോദിച്ചു: "അല്ലാഹുവിന് ഏറ്റവും പ്രിയങ്കരമായ പ്രവൃത്തി ഏതാണ്?" അവിടന്ന് അരുൾചെയ്തു: "അഞ്ചു നേരത്തെ നമസ്കാരം." പിന്നെ ഏതാണെന്ന് ഞാൻ ചോദിച്ചു. മാതാപിതാക്കൾക്ക് നൻമ ചെയ്യലാണെന്ന് പ്രവാചകൻ പ്രതിവചിച്ചു. പിന്നെ ഏതാണെന്ന് ഞാൻ വീണ്ടും അന്വേഷിച്ചു. തിരുമേനി അറിയിച്ചു: 'അല്ലാഹുവിന്റെ മാർഗത്തിലെ ജിഹാദ്." (ബുഖാരി, മുസ്ലിം)

അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ്വിൽനിന്ന് നിവേദനം. ഒരാൾ പ്രവാചക സന്നിധിയിൽവന്ന് പറഞ്ഞു: "അല്ലാഹുവിന്റെ പ്രതിഫലം പ്രതീക്ഷിച്ച് പലായനം ചെയ്യാമെന്നും അവന്റെ മാർഗത്തിൽ സമരം നടത്താമെന്നും ഞാനിതാ താങ്കളോട് കരാർ ചെയ്യുന്നു. അപ്പോൾ നബിതിരുമേനി ചോദിച്ചു: 'നിന്റെ മാതാപിതാക്കളിലാരെങ്കിലും ജീവിച്ചിരിപ്പുണ്ടോ?' 'അതെ, രണ്ടാളും.' അയാൾ പറഞ്ഞു. അപ്പോൾ അവിടന്ന് അന്വേഷിച്ചു: 'താങ്കൾ അല്ലാഹുവിന്റെ പ്രതിഫലം തന്നെയല്ലേ ആഗ്രഹിക്കുന്നത്?' അയാൾ അറിയിച്ചു: 'അതേ.' 'എങ്കിൽ താങ്കൾ താങ്കളുടെ മാതാപിതാക്കളുടെ അടുത്തേക്ക് തിരിച്ചുചെന്ന് അവരോടുള്ള സഹവാസം നന്നാക്കുക-' നബി തിരുമേനി നിർദേശിച്ചു." (ബുഖാരി, മുസ്ലിം)

മറ്റൊരു നിവേദനമനുസരിച്ച് അവിടന്ന് കൽപിച്ചത് ഈ വിധമാണ്: "താങ്കൾ പോയി അവരുടെ സംരക്ഷണകാര്യത്തിൽ ജിഹാദ് ചെയ്യുക." (ബുഖാരി, മുസ്‌ലിം)

ഭൂമിയിൽ മനുഷ്യന്ന് ഏറ്റവുമധികം ബാധ്യതയുള്ളത് മാതാവിനോടാണ്. പിന്നെ, പിതാവിനോടും.

അബൂഹുറയ്‌റയിൽനിന്ന് നിവേദനം: ഒരാൾ പ്രവാചക സന്നിധിയിൽ വന്ന് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, എന്റെ ഏറ്റവും മെച്ചപ്പെട്ട സഹവാസത്തിന് അർഹൻ ആരാണ്?" അവിടന്ന് അരുൾചെയ്തു: 'നിന്റെ മാതാവ്.' അയാൾ ചോദിച്ചു: 'പിന്നെ ആരാണ്?' പ്രവാചകൻ പ്രതിവചിച്ചു: 'നിന്റെ മാതാവ്.' 'പിന്നെ ആരാണ്?' അയാൾ വീണ്ടും ചോദിച്ചു. 'നിന്റെ മാതാവ് തന്നെ'- തിരുമേനി പറഞ്ഞു. അയാൾ ചോദിച്ചു: 'പിന്നെ ആരാണ്?' നബിതിരുമേനി അറിയിച്ചു: 'നിന്റെ പിതാവ്." (ബുഖാരി, മുസ്‌ലിം)

മാതാപിതാക്കളെ വെറുക്കലും ദ്രോഹിക്കലും കൊടുംപാപമത്രേ. അബൂഹുറയ്‌റയിൽനിന്ന് നിവേദനം: പ്രവാചകൻ പറഞ്ഞിരിക്കുന്നു: "നിങ്ങളുടെ പിതാക്കളോട് നിങ്ങൾ വെറുപ്പ് കാണിക്കരുത്. ആരെങ്കിലും അങ്ങനെ ചെയ്താൽ അത് കടുത്ത നന്ദികേടാണ്." (ബുഖാരി, മുസ്‌ലിം)

മാതാപിതാക്കളെ ചീത്തപറയലും ശപിക്കലും വൻപാപമാണെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു. അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ്വിൽനിന്ന് നിവേദനം: നബി തിരുമേനി പറയുന്നു: "മനുഷ്യൻ തന്റെ മാതാപിതാക്കളെ ചീത്ത പറയൽ വൻപാപങ്ങളിൽ പെട്ടതാണ്. അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ആരെങ്കിലും തന്റെ മാതാപിതാക്കളെ ചീത്തപറയുമോ?' അവിടന്ന് അരുൾ ചെയ്തു: 'അതെ! ഒരാൾ അപരന്റെ പിതാവിനെ ചീത്തപറയും. അപ്പോൾ അയാൾ ഇയാളുടെ പിതാവിനെയും പറയും. അവൻ മറ്റയാളുടെ മാതാവിനെ ചീത്തപറയും. ഇയാൾ അയാളുടെ മാതാവിനെയും ചീത്തപറയും". (ബുഖാരി, മുസ്‌ലിം)

മറ്റൊരു നിവേദനപ്രകാരം ഇങ്ങനെയാണ്: "വൻപാപങ്ങളിൽ ഏറ്റം ഗുരുതരമായത് ഒരാൾ തന്റെ മാതാപിതാക്കളെ ശപിക്കലാണ്. 'അല്ലാഹുവിന്റെ ദൂതരേ, ആരെങ്കിലും തന്റെ മാതാപിതാക്കളെ ശപിക്കുമോ'യെന്ന ചോദ്യമുയർന്നു. തിരുമേനി പറഞ്ഞു: 'ഒരാൾ അപരന്റെ പിതാവിനെ ചീത്തപറയും. അപ്പോൾ അയാൾ മറ്റയാളുടെ പിതാവിനെയും ചീത്തപറയും. അയാൾ ഇയാളുടെ മാതാവിനെ ചീത്ത പറയും. അപ്പോൾ ഇയാൾ അയാളുടെ മാതാവിനെയും ചീത്തപറയും."

നമ്മുടെ സമൂഹത്തിൽ സ്വന്തം മാതാപിതാക്കളെ ശപിക്കുന്നവർക്കും ചീത്ത പറയുന്നവർക്കും പഞ്ഞമില്ലെങ്കിലും പ്രവാചകകാലത്തെ സമൂഹത്തിലത് അചിന്ത്യമായിരുന്നു. തന്റെ മാതാപിതാക്കൾ മറ്റുള്ളവരാൽ

ശകാരിക്കപ്പെടാൻ ഇടവരുത്തുന്നതുപോലും അതിഗുരുതരമായ അപ രാധമാണെന്ന് ഇസ്‌ലാം ഇതുവഴി ബോധ്യപ്പെടുത്തുന്നു.

മരണംപോലും മാതാപിതാക്കളോടുള്ള ബാധ്യതകൾക്ക് അറുതി വരുത്തുകയില്ല. അബൂഉബൈദിൽനിന്ന് നിവേദനം: "ഞങ്ങൾ നബിതിരു മേനിയുടെ അടുത്ത് ഇരിക്കുകയായിരുന്നു. അപ്പോൾ ബനൂസലമഃ ഗോത്ര ത്തിൽപെട്ട ഒരാൾ വന്ന് തിരുമേനിയോട് ചോദിച്ചു: 'എന്റെ മരിച്ചുപോയ മാതാപിതാക്കൾക്കു വേണ്ടി വല്ല നൻമയും ചെയ്യാൻ ഇനി സാധ്യ മാണോ?' അവിടന്ന് അരുൾചെയ്തു: 'അതെ, അവർക്കു വേണ്ടി പ്രാർഥി ക്കുക, അവരിരുവരുടെയും പാപമോചനം തേടുക, അവർക്കു ശേഷം അവർ ചെയ്ത കരാറുകൾ പാലിക്കുക, അവരിലൂടെയല്ലാതെ ചേർക്കാൻ സാധ്യമല്ലാത്ത കുടുംബബന്ധങ്ങൾ സ്ഥാപിക്കുക, അവരുടെ കൂട്ടുകാരെ ആദരിക്കുക." (അബൂദാവൂദ്)

ഇങ്ങനെ മാതാപിതാക്കളുമായുള്ള ബന്ധം ഏതുവിധമാവണമെന്ന് ഇസ്‌ലാം കണിശമായും വിശദമായും വിവരിക്കുന്നു. അത് വ്യക്തിക ളുടെ ഇഷ്ടാനിഷ്ടങ്ങൾക്കോ സമൂഹത്തിന്റെ നിലപാടുകൾക്കോ നാട്ടിന്റെ പാരമ്പര്യങ്ങൾക്കോ ഭരണാധികാരികളുടെ ഹിതത്തിനോ വിട്ടുതന്നിട്ടില്ല. അല്ലാഹുവിനുള്ള ആരാധനാകർമങ്ങളെപ്പോലെത്തന്നെ മാതാപിതാക്കളോടുള്ള ബാധ്യതാനിർവഹണവും പരമപ്രധാനമത്രേ. എന്നല്ല, മാതാപിതാക്കളോടുള്ള സമീപനം മോശമായാൽ ആരാധനാ കർമങ്ങൾപോലും പ്രയോജനരഹിതമായിത്തീരും. പ്രവാചകകാലത്തെ ഒരു സംഭവമിത് സുതരാം വ്യക്തമാക്കുന്നു.

അനസുബ്നു മാലികിൽനിന്ന് നിവേദനം: നബിതിരുമേനിയുടെ അനു ചരനും ഭക്തനും വിശുദ്ധനും ദയാലുവുമായ അൽഖമ മാരകമായ രോഗ ത്തിനടിപ്പെട്ട് കിടപ്പിലായി. അദ്ദേഹത്തിന്റെ പ്രിയതമ പ്രവാചകനെ സമീ പിച്ച് ഭർത്താവിനെ അനുഗ്രഹിക്കണമെന്ന് അപേക്ഷിച്ചു. നബിതിരുമേനി ബിലാലുബ്നു റബാഹ്, അലിയ്യുബ്നു അബീത്വാലിബ്, ഉമറുൽ ഫാറൂഖ് എന്നിവരെ വിവരങ്ങളന്വേഷിച്ചു വരാൻ പറഞ്ഞയച്ചു. അവർ ചെന്ന് അൽഖമയെ ശുശ്രൂഷിച്ചു. ആസന്നമരണനായ അദ്ദേഹത്തിന് അവർ വിശുദ്ധ വചനം ചൊല്ലിക്കൊടുത്തു. പക്ഷേ, അതേറ്റു പറയാൻ അദ്ദേഹ ത്തിന് കഴിഞ്ഞില്ല. ബിലാലുബ്നു റബാഹ് നബിതിരുമേനിയുടെ അടുത്ത് തിരിച്ചുവന്ന് സംഭവിച്ചതൊക്കെ വിവരിച്ചു.

പ്രവാചകൻ ചോദിച്ചു: 'അദ്ദേഹത്തിന്റെ മാതാപിതാക്കൾ ജീവിച്ചിരി പ്പുണ്ടോ?' ബിലാൽ പറഞ്ഞു: 'അദ്ദേഹത്തിന്റെ പിതാവ് നേരത്തെ പര ലോകം പ്രാപിച്ചിരിക്കുന്നു. വൃദ്ധയായ മാതാവ് അദ്ദേഹത്തോടൊപ്പമുണ്ട്.'

'അദ്ദേഹത്തിന്റെ മാതാവിനെ സമീപിച്ച് എന്റെ ആശീർവാദങ്ങൾ അറി യിക്കുക. കഴിയുമെങ്കിൽ ഇവിടെ എന്റെ അടുത്ത് വരാനും പറയുക. അല്ലെങ്കിൽ ഞാൻ അവരുടെ അടുത്തേക്ക് ചെല്ലാം.' പ്രവാചകൻ ബിലാ ലിനോടാവശ്യപ്പെട്ടു.

ആ വൃദ്ധ വന്നപ്പോൾ നബിതിരുമേനി അവരെ ആദരപൂർവം സ്വീക രിച്ചു. പിന്നീട് അൽഖമയുടെ പെരുമാറ്റത്തെക്കുറിച്ച് അന്വേഷിച്ചു. ആ വൃദ്ധമാതാവ് പറഞ്ഞു: 'എന്റെ മകൻ അൽഖമ അല്ലാഹുവിന്റെ ആജ്ഞ കൾ യഥാവിധി പാലിക്കുന്ന ഭക്തനാണ്. എന്നാൽ എന്നോടുള്ള പെരു മാറ്റം നല്ല രീതിയിലല്ല. അതിലെനിക്കവനോട് വെറുപ്പുമുണ്ട്. പലപ്പോഴും അവന്റെ ഭാര്യയുടെ മുമ്പിൽ എന്നെ തരംതാഴ്ത്തുന്നു. എനിക്ക് അവ ളുടെ ആജ്ഞകൾ അനുസരിക്കേണ്ടി വരുന്നു.'

പ്രവാചകൻ അറിയിച്ചു: 'അതുതന്നെയാണ് അൽഖമയുടെ നാവ് വിശുദ്ധ വാക്യമുരുവിടാൻ വഴങ്ങാത്തതിന്റെ കാരണം.' തുടർന്ന് അവി ടന്ന് അൽഖമയെ അഗ്നികുണ്ഡത്തിലെറിയാൻ വിറക് കൊണ്ടുവരാൻ ബിലാലിനോട് കൽപിച്ചു. ഇതുകേട്ട് ആ വൃദ്ധമാതാവ് ഉറക്കെ വിളിച്ചു പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, എന്റെ മുമ്പിൽവെച്ച് എങ്ങനെയാണ് എന്റെ മകനെ തീയിട്ട് കരിക്കുക? എനിക്കത് സഹിക്കാൻ സാധിക്കുമോ?' പ്രവാചകൻ പ്രതിവചിച്ചു: 'അല്ലാഹുവിന്റെ ശിക്ഷ ഇതിലും കഠിനമാണ്. സാധ്യമെങ്കിൽ അവന്ന് മാപ്പ് നൽകുക. അല്ലെങ്കിൽ അവന്റെ നമസ്കാരം, നോമ്പ് തുടങ്ങിയ സൽക്കർമങ്ങൾകൊണ്ടൊന്നും ഒരു പ്രയോജനവുമു ണ്ടാവില്ല.'

ഇതുകേട്ട് ആ മാതാവ് മകന്ന് മാപ്പ് നൽകി. നബിതിരുമേനി ബിലാ ലിനെ വീണ്ടും അൽഖമയുടെ അടുത്തേക്കയച്ചു. അപ്പോൾ അൽഖമ വളരെ വ്യക്തമായി വിശുദ്ധ വചനം ഉരുവിടുന്നുണ്ടായിരുന്നു. അങ്ങനെ അതു ചൊല്ലിക്കൊണ്ടുതന്നെ അദ്ദേഹം അന്ത്യശ്വാസം വലിച്ചു. നബി തിരുമേനി തന്നെ അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിന് നേതൃത്വം നല്കി. അല്ലാഹുവിനുവേണ്ടി അർപ്പിക്കപ്പെട്ട ആരാധനാകർമങ്ങളത്രയും മാതാവിന്റെ കോപത്തിൽ ചാരമായി മാറുമെന്നാണല്ലോ ഈ ചരിത്രസം ഭവം നമ്മെ പഠിപ്പിക്കുന്നത്.

മാതാപിതാക്കളോടുള്ള സമീപനം തന്നോടുള്ളതു പോലെയാണ് അല്ലാഹു പരിഗണിക്കുക. അതിനാൽ അവരോടുള്ള നന്ദി അല്ലാഹുവി

നുള്ള നന്ദിയാണ്. അവരെ അനുസരിക്കൽ അല്ലാഹുവിനെ അനുസരിക്കലും. അവരെ ബഹുമാനിക്കൽ അല്ലാഹുവിനുള്ള ആദരവാണ്. മാതാപിതാക്കളോടുള്ള ബാധ്യതാനിർവഹണം മതപരമായ കർമമാണെന്നർഥം. അല്ലാഹുവിനുള്ള അതിശ്രേഷ്ഠമായ ഇബാദത്തും.

## അഞ്ച്

# മക്കളോടുള്ള ബാധ്യത

**കു**ട്ടികൾ അനുഗ്രഹമാണ്; വീട്ടിന് അലങ്കാരവും. അവരുടെ സാന്നിധ്യം ആഗ്രഹിക്കാത്തവരുണ്ടാവില്ല. കൊച്ചു കുട്ടികളുടെ കിളിക്കൊഞ്ചൽ കാണാൻ കൊതിക്കാത്തവർ നന്നെ കുറവായിരിക്കും.

മക്കൾ മാതാപിതാക്കൾക്ക് മനസ്സമാധാനമേകുന്നു. അവരുടെ മുഖത്തെ മന്ദഹാസം കരളിന് കുളിരു പകരുന്നു. സന്താന സൗഭാഗ്യമില്ലാത്തവർ നിരാശരും ദുഃഖിതരുമായിരിക്കും. മാതൃത്വവികാരവും പിതൃത്വബോധവും പ്രകൃതിപരമാണെന്നതാണ് കാരണം.

എന്നാൽ ഇസ്‌ലാം മക്കളോടുള്ള സമീപനം കേവല നൈസർഗിക വികാരങ്ങൾക്ക് വിട്ടുകൊടുക്കുന്നില്ല. അത് എവ്വിധമാവണമെന്ന് ഇസ്‌ലാം വിശദീകരിച്ചുതന്നിട്ടുണ്ട്. അതിന്റെ പാലനം പുണ്യകർമവും മതകാര്യവുമാണ്. ലംഘനം കുറ്റകരവും ശിക്ഷാർഹവും.

ധാരാളം സന്താനങ്ങളെ സമ്മാനിക്കുന്ന സ്നേഹസമ്പന്നരെ, സഹധർമിണിമാരായി സ്വീകരിക്കണമെന്ന് ഇസ്‌ലാം ആവശ്യപ്പെടുന്നു. സച്ചരിതരായ മക്കൾക്കുവേണ്ടി പ്രാർഥിക്കണമെന്നും പ്രവാചകൻമാർ അവ്വിധം പ്രാർഥിക്കാറുണ്ടായിരുന്നുവെന്നും അത് പഠിപ്പിക്കുന്നു.

കുഞ്ഞുങ്ങളോട് കരുണകാണിക്കണമെന്ന് ഇസ്‌ലാം കൽപിക്കുന്നു. വാത്സല്യപൂർവം അവരോട് പെരുമാറണം. മോശമായോ പരുഷമായോ പെരുമാറരുത്.

പ്രവാചകൻ തന്റെ പേരക്കുട്ടികളിലൊന്നിനെ ചുംബിച്ചു. അദ്ദേഹത്തിനരികെ അഖ്റഉബ്നു ഹാബിസ് ഉണ്ടായിരുന്നു. അഖ്റഅ് പറഞ്ഞു: "എനിക്ക് പത്ത് മക്കളുണ്ട്. അവരിലാരെയും ഒരിക്കലും ഞാൻ ചുംബിച്ചിട്ടില്ല." ഇതുകേട്ട് നബി തിരുമേനി അദ്ദേഹത്തിന്റെ നേരെ തിരിഞ്ഞ് പറഞ്ഞു: "കരുണ കാണിക്കാത്തവന്ന് കാരുണ്യം കിട്ടുകയില്ല." (ബുഖാരി, മുസ്‌ലിം)

ഹസ്രത്ത് ആയിശയിൽനിന്ന് നിവേദനം: ഒരു ഗ്രാമീണൻ പ്രവാചക സന്നിധിയിൽ വന്നു. അയാൾ പറഞ്ഞു: "നിങ്ങൾ കുട്ടികളെ ചുംബിക്കുന്നുണ്ടല്ലോ. ഞങ്ങളവരെ ചുംബിക്കാറില്ല. അപ്പോൾ പ്രവാചകൻ പ്രതിവചിച്ചു: 'അല്ലാഹു നിന്റെ ഹൃദയത്തിൽനിന്ന് കാരുണ്യം എടുത്തുകളഞ്ഞെങ്കിൽ ഞാനെന്തു ചെയ്യാനാണ്?" (ബുഖാരി, മുസ്‌ലിം)

നബി തിരുമേനി കൽപിക്കുന്നു: "നിങ്ങൾ കുട്ടികളെ സ്നേഹിക്കുകയും അവരോട് കരുണകാണിക്കുകയും ചെയ്യുക. അവരോട് കരാർ

ചെയ്താൽ പാലിക്കുക. നിങ്ങളവർക്ക് ആഹാരം നൽകുന്നുവെന്നതല്ലാതെ മറ്റൊന്നും മനസ്സിലാക്കാനവർക്ക് സാധ്യമല്ല." (ത്വഹ്ഹാവി)

പ്രവാചകൻ പറയുന്നു: "കൊച്ചു കുട്ടി അടുത്തുള്ളപ്പോൾ നിങ്ങളും കുട്ടിയെപ്പോലെ പെരുമാറുക." (ഇബ്നു അസാകിർ)

മക്കളുമായി അടുത്തിടപഴകണമെന്നും അവരിൽ സദ്ഗുണങ്ങൾ വളർത്തണമെന്നും ഇസ്‌ലാം അനുശാസിക്കുന്നു.

ഇബ്നു അബ്ബാസിൽനിന്ന് നിവേദനം: നബി തിരുമേനി കല്പിച്ചിരിക്കുന്നു: "നിങ്ങൾ സ്വന്തം സന്താനങ്ങളുമായി സഹവസിക്കൂ. അവരെ സൽപെരുമാറ്റം ശീലിപ്പിക്കുകയും ചെയ്യുക."

അംറുബ്നു ശുഐബിലൂടെ അദ്ദേഹത്തിന്റെ പിതാമഹനിൽനിന്ന് നിവേദനം: പ്രവാചകൻ പ്രഖ്യാപിച്ചു: ''നമ്മുടെ കുട്ടികളോട് കരുണകാണിക്കാത്തവരും മുതിർന്നവരുടെ മഹത്വം മനസ്സിലാക്കാത്തവരും നമ്മിൽ പെട്ടവരല്ല." (അബൂദാവൂദ്, തിർമിദി)

ലോകത്ത് എന്നും എവിടെയും ഏറെ പീഡിപ്പിക്കപ്പെടാറുള്ളത് സ്ത്രീകളാണ്. അതുകൊണ്ടുതന്നെ പെൺകുട്ടികളെ പോറ്റിവളർത്തുന്നതിന് ഇസ്‌ലാം പ്രത്യേക പ്രാധാന്യവും പുണ്യവും കൽപിച്ചിരിക്കുന്നു. പ്രവാചകൻ പറയുന്നു: "രണ്ട് പെൺകുട്ടികളെ ലഭിച്ച മുസ്‌ലിമായ മനുഷ്യന് അവരോട് മാന്യമായി പെരുമാറിയാൽ അതുവഴി സ്വർഗം ലഭിക്കാതിരിക്കില്ല." (ബുഖാരി)

അവിടന്ന് അരുൾചെയ്യുന്നു: "മൂന്ന് പെൺമക്കളോ സഹോദരിമാരോ കാരണമായി പ്രാരാബ്ധമനുഭവിക്കുന്നവന്ന് പ്രതിഫലമായി സ്വർഗം ലഭിക്കാതിരിക്കില്ല." (ത്വഹ്ഹാവി).

കുട്ടികൾക്ക് പേരിടുന്നത് പോലും സൂക്ഷിച്ചും ശ്രദ്ധിച്ചുമാവണം. ഒരാൾ നബിതിരുമേനിയുടെ അടുത്ത് വന്ന് ചോദിച്ചു: "എന്റെ ഈ കുട്ടിയുടെ അവകാശങ്ങൾ എന്തൊക്കെയാണ്?' അവിടന്ന് അറിയിച്ചു: 'താങ്കൾ അവന്റെ പേരും പെരുമാറ്റവും നന്നാക്കുക. നല്ല സ്ഥലത്ത് താമസിപ്പിക്കുകയും ചെയ്യുക." (ത്വൂസി)

സൗന്ദര്യം ചോർന്നുപോവുമോ എന്ന് ഭയന്ന് അമ്മിഞ്ഞപ്പാൽ സന്താനങ്ങൾക്ക് നിഷേധിക്കുന്ന സ്ത്രീകളുടെ ലോകമാണല്ലോ നമ്മുടേത്. ഇക്കാര്യത്തിലും ഇസ്‌ലാമിന് തനതായ നിലപാടുണ്ട്. അല്ലാഹു ആജ്ഞാപിക്കുന്നു: "മാതാക്കൾ തങ്ങളുടെ മക്കൾക്ക് രണ്ട് കൊല്ലം പൂർണമായി മുലകൊടുക്കേണ്ടതാകുന്നു. മുലകുടി പൂർത്തീകരിക്കണമെന്നാഗ്രഹിക്കുന്നവർക്കാണിത്. അവർക്ക് ന്യായമായ ഭക്ഷണവും വസ്ത്രവും നൽകാൻ കുട്ടിയുടെ പിതാവും കടപ്പെട്ടവനാണ്." (അൽബഖറ: 233)

നൊന്തു പെറ്റ കുഞ്ഞ് പത്തിരുപത് കൊല്ലം കഴിഞ്ഞാൽ വരവോ ചെലവോ വരുത്തുകയെന്ന് നോക്കി അത് ജീവിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നവർ നമ്മുടെ ലോകത്തിനും കാലത്തിനും അപരിചിതരല്ല. ഗർഭപാത്രത്തിൽ രൂപംകൊണ്ട കുട്ടി പതിറ്റാണ്ടുകൾ പിന്നിടു

മ്പോൾ നേട്ടമോ നഷ്ടമോ ഉണ്ടാക്കുകയെന്ന് പരിശോധിച്ച് പ്രസവിക്കണമോ പിഴുതെറിയണമോയെന്ന് തീരുമാനിക്കുന്ന ജനകോടികളുടെ നാടാണിത്. ഈ പ്രവണതയെ ഇസ്‌ലാം കണിശമായി നിരോധിക്കുന്നു. “പട്ടിണി പേടിച്ച് നിങ്ങൾ സ്വന്തം സന്താനങ്ങളെ വധിക്കരുത്. അവർക്കും നിങ്ങൾക്കും ആഹാരം നൽകുന്നത് നാമാണ്. അവരെ കൊല്ലുന്നത് ഗുരുതരമായ കുറ്റമാണ്.” (അൽഇസ്‌റാഅ്: 31)

“വിഡ്ഢിത്തം കാരണമായി, യാതൊരു ബോധവുമില്ലാതെ സ്വന്തം സന്താനങ്ങളെ വധിക്കുകയും അല്ലാഹുവിന്റെ മേൽ വ്യാജമാരോപിച്ച്, അവൻ അവർക്കായി നൽകിയ വസ്തുക്കൾ സ്വയം നിഷിദ്ധമാക്കുകയും ചെയ്തവർ നഷ്ടത്തിലാണ്. തീർച്ച. അവർ പിഴച്ചതുതന്നെ. അവർ സൻമാർഗം സിദ്ധിച്ചവരല്ല.” (അൽഅൻആം: 140)

കുട്ടികൾക്കിടയിൽ വിവേചനം കാണിക്കുന്നത് ഇസ്‌ലാം വിലക്കിയിരിക്കുന്നു. നുഅ്മാനുബ്നു ബശീറിൽനിന്ന് നിവേദനം. അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെയുംകൊണ്ട് പ്രവാചക സന്നിധിയിൽവന്ന് പറഞ്ഞു: “ഞാൻ എന്റെ ഈ മകന് ഒരടിമയെ ഇഷ്ടദാനമായി നൽകിയിരിക്കുന്നു. അപ്പോൾ അവിടന്ന് ചോദിച്ചു: താങ്കളുടെ എല്ലാ മക്കൾക്കും ഇതുപോലെ കൊടുത്തിട്ടുണ്ടോ? ഇല്ലെന്ന് അദ്ദേഹം മറുപടി പറഞ്ഞപ്പോൾ നബി തിരുമേനി ആജ്ഞാപിച്ചു: എങ്കിൽ താങ്കളത് തിരിച്ചുവാങ്ങുക.”

മറ്റൊരു നിവേദനമനുസരിച്ച് ഇങ്ങനെയാണ്: പ്രവാചകൻ ചോദിച്ചു: “താങ്കളുടെ മുഴുവൻ മക്കളുടെയും കാര്യത്തിൽ ഇതുപോലെ ചെയ്തിട്ടുണ്ടോ? ‘ഇല്ലെ’ന്ന് പറഞ്ഞപ്പോൾ നബിതിരുമേനി നിർദേശിച്ചു: ‘താങ്കൾ അല്ലാഹുവെ സൂക്ഷിക്കുക. മക്കളുടെ കാര്യത്തിൽ നീതി പുലർത്തുക.’ അങ്ങനെ എന്റെ പിതാവ് അവിടെനിന്ന് മടങ്ങുകയും ആ ദാനം റദ്ദാക്കുകയും ചെയ്തു.”

നബി തിരുമേനി അരുൾചെയ്യുന്നു: “നിങ്ങൾ നിങ്ങളുടെ മക്കൾക്കിടയിൽ ദാനത്തിൽ നീതി പുലർത്തുക. ഞാൻ ആർക്കെങ്കിലും പ്രത്യേ

കത കൽപിക്കുന്നവനായിരുന്നെങ്കിൽ സ്ത്രീകൾക്ക് മുൻഗണന നൽകുമായിരുന്നു.” (ത്വബ്റാനി)

വിശ്വാസി തന്റെ മക്കൾക്ക് ആഹാരസമ്പാദനത്തിനായി അധ്വാനിക്കുന്നത് അല്ലാഹുവിന്റെ മാർഗത്തിലെ പരിശ്രമത്തിൽപെടുമെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു.

കഅ്ബ്ബ്നു ഉജ്സയിൽനിന്ന് നിവേദനം: ഒരാൾ നബിതിരുമേനിയുടെ അരികിലൂടെ നടന്നുപോയി. അദ്ദേഹത്തിന്റെ കരുത്തും ഉൻമേഷവും കണ്ടപ്പോൾ പ്രവാചകന്റെ അനുചരൻമാർ പറഞ്ഞു: ദൈവദൂതരേ, അയാൾ ഇറങ്ങിത്തിരിച്ചത് അല്ലാഹുവിന്റെ മാർഗത്തിലായിരുന്നെങ്കിൽ എത്ര നന്നായിരുന്നു! അപ്പോൾ അവിടന്ന് അരുൾചെയ്തു: അയാൾ തന്റെ കൊച്ചു കുട്ടികൾക്കുവേണ്ടി അധ്വാനിക്കാനാണ് ഇറങ്ങിത്തിരിച്ചിട്ടുള്ളതെങ്കിൽ അല്ലാഹുവിന്റെ മാർഗത്തിലാണ്. വാർധക്യം ബാധിച്ച തന്റെ മാതാപിതാക്കൾക്കു വേണ്ടിയാണ് അയാൾ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നതെങ്കിൽ അയാൾ അല്ലാഹുവിന്റെ മാർഗത്തിലാണ്. സ്വന്തം ശരീരത്തിന്റെ ന്യായമായ ആവശ്യങ്ങൾക്കു വേണ്ടി പരിശ്രമിക്കാനാണ് പുറപ്പാടെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽതന്നെ. എന്നാൽ പുറംപൂച്ചും പൊങ്ങച്ചവും പ്രകടിപ്പിക്കാനാണ് പുറപ്പെട്ടതെങ്കിൽ അയാൾ പിശാചിന്റെ പാതയിലാണ്.” (ത്വബ്റാനി)

മക്കളുടെ പരിപാലനവും അവരുടെ ക്ഷേമത്തിനായുള്ള പരിശ്രമവും പുണ്യകർമമത്രേ. അവയിൽ വീഴ്ച വരുത്തൽ പാപവൃത്തിയും. അപ്രകാരം തന്നെ മക്കളുടെ സ്വഭാവസംസ്കരണത്തിലും മൂല്യ ശിക്ഷണത്തിലും ജാഗ്രത പുലർത്താൻ മാതാപിതാക്കൾ ബാധ്യസ്ഥരാണ്. മക്കളുടെ വിശ്വാസവും ജീവിതവീക്ഷണവും ആചാരാനുഷ്ഠാനങ്ങളും സ്വഭാവരീതികളും പെരുമാറ്റ സമ്പ്രദായങ്ങളും സാംസ്കാരിക സമീപനങ്ങളും രൂപപ്പെടുത്തുന്നതിൽ ഏറ്റവുമധികം പങ്കുവഹിക്കാൻ സാധിക്കുക അവർക്കാണല്ലോ.

ഇങ്ങനെ സ്വന്തം സന്താനങ്ങളുടെ സംരക്ഷണവും അവരോടുള്ള ഉത്തമമായ സമീപനവും ഇസ്ലാം മത കർമമായാണ് പരിഗണിക്കുന്നത്. അല്ലാഹുവിനുള്ള ആരാധനപോലും അവരോടുള്ള കാരുണ്യപ്രകടനത്തിന് വിഘാതമാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നബി തിരുമേനി നമസ്കാരവേളയിൽപോലും കുഞ്ഞിനെ എടുത്തിരുന്നു. അവിടന്ന് തന്റെ മകൾ സൈനബിന്റെ പുത്രി ഉമൈമയെ പിരടിയിൽ വഹിച്ച് നമസ്കരിക്കാറുണ്ടായിരുന്നു. നമസ്കരിക്കുമ്പോൾ കുട്ടികളുടെ കരച്ചിൽ കേട്ടാൽ അത് ദീർഘിപ്പിക്കാതെ ലഘൂകരിക്കുമായിരുന്നു. കാരുണ്യത്തിന്റെ ഈ മാനവികമുഖം നഷ്ടമാവുന്നതോടെ മതം മൃതമാവുന്നു. സമകാലിക സമൂഹത്തിൽ സംഭവിക്കുന്നതും അതുതന്നെ.

## ആറ്

# ദാമ്പത്യബന്ധത്തിന്റെ മതകീയ മാനം

ദാമ്പത്യം ധന്യവും സംതൃപ്തവുമാവണമെന്ന് ഇസ്‌ലാം ആഗ്രഹിക്കുന്നു. അതിനാവശ്യമായ ഉപദേശ നിർദേശങ്ങൾ അത് നൽകിയിട്ടുമുണ്ട്. ബഷീർ കഥാപാത്രം പറഞ്ഞപോലെ ഒന്നും ഒന്നും ചേർന്ന് ഇമ്മിണി വല്യ ഒന്നാകുന്ന ഒരു മഹാപ്രക്രിയയാണല്ലോ ദാമ്പത്യം. അന്യരായ രണ്ടു വ്യക്തികളുടെ സംഗമത്തിലൂടെയാണത് രൂപപ്പെടുന്നത്. ഭിന്നമായ പ്രകൃതവും താൽപര്യവുമുള്ളവരുടെ സംയോജനം സുഗമമാവണമെങ്കിൽ ആസൂത്രിതവും ശ്രദ്ധാപൂർവവുമായ ശ്രമം അനിവാര്യമാണ്.

സമൂഹത്തിന്റെ ഏറ്റവും ചെറിയ ഘടകമാണ് കുടുംബം. വിവാഹത്തിലൂടെയാണത് രൂപപ്പെടുന്നത്. അത് ദൈവഹിതത്തിലധിഷ്ഠിതമായാൽ സമൂഹഘടനയുടെ അടിത്തറ ഭദ്രമായി. അതിനാലാണ് തികച്ചും ഭൗതികമെന്ന് തോന്നിയേക്കാവുന്ന വിവാഹത്തെ ഇസ്‌ലാം മതത്തിന്റെ പാതിയായി പരിചയപ്പെടുത്തിയത്. പ്രവാചകൻ പറയുന്നു: “വിവാഹം കഴിക്കുന്നതോടെ ഒരാളുടെ മതത്തിന്റെ പാതി പൂർത്തിയായി. അവശേഷിക്കുന്ന അർധാംശത്തിൽ അയാൾ അല്ലാഹുവെ സൂക്ഷിച്ചു ജീവിക്കട്ടെ.” (ബൈഹഖി)

മറ്റു ജീവിതമേഖലകളെയെന്നപോലെ ദാമ്പത്യത്തെയും ഇസ്‌ലാം സ്വർഗനരകവുമായി ബന്ധിപ്പിച്ചിരിക്കുന്നു. ആ രംഗത്തെ നിയമ നിർദേശങ്ങളുടെ പാലനം ദീനുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

കുടുംബം സമൂഹത്തിലെ ആദ്യസ്ഥാപനമാണ്. ഏത് സ്ഥാപനവും സുഗമമായി നിലനിൽക്കണമെങ്കിൽ ഒരു നായകൻ വേണം. കുടുംബത്തിലത് പുരുഷനാണ്. “പുരുഷൻമാർ സ്ത്രീകളുടെ മേൽനോട്ടക്കാരാകുന്നു. അവരിലൊരു വിഭാഗത്തെക്കാൾ മറുഭാഗത്തിന് അല്ലാഹു പ്രത്യേക കഴിവ് നല്കിയതിനാലും പുരുഷൻമാർ തങ്ങളുടെ ധനം ചെലവഴിക്കുന്നതിനാലുമാണത്.” (അന്നിസാഅ്: 34)

സ്ത്രീയുടെ സംരക്ഷണ ബാധ്യത നിർവഹിക്കുന്നതിലൂടെയാണ് ഈ നായകത്വം സ്ഥാപിതമാവുക. വിവാഹമൂല്യം നൽകുന്നതിലൂടെ അതാരംഭിക്കുന്നു. അല്ലാഹു ആജ്ഞാപിക്കുന്നു: “അവരുടെ രക്ഷിതാക്കളുടെ അനുമതിയോടെ അവരെ നിങ്ങൾ വിവാഹം കഴിക്കുക. അവരുടെ വിവാഹമൂല്യം ന്യായമായ നിലയിലവർക്ക് നൽകുകയും ചെയ്യുക.” (അന്നിസാഅ്: 25)

“അവർക്ക് അവകാശപ്പെട്ട വിവാഹമൂല്യം നൽകുകയാണെങ്കിൽ നിങ്ങൾക്കവരെ കല്യാണം കഴിക്കുന്നതിൽ വിരോധമില്ല.” (അൽമുംതഹിന: 10)

തുടർന്ന്, സ്ത്രീയുടെ സംരക്ഷണച്ചുമതല പൂർണമായും പുരുഷന്നാണ്. അത് മാന്യമായി നിർവഹിക്കണമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. നബിതിരുമേനി അരുൾചെയ്യുന്നു: “ശ്രദ്ധിക്കുക. സ്ത്രീകൾക്ക് നല്ല നിലയിൽ ഭക്ഷണവും വസ്ത്രവും നൽകലാണ് നിങ്ങൾക്ക് അവരോടുള്ള ബാധ്യത.” (തിർമിദി)

മുആവിയയിൽനിന്ന് നിവേദനം: “ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾക്ക് ഞങ്ങളുടെ ഭാര്യമാരോടുള്ള ബാധ്യതകൾ എന്തെല്ലാമാണ്? പ്രവാചകൻ പ്രതിവചിച്ചു: നീ ആഹരിക്കുന്നുവെങ്കിൽ അവളെയും ആഹരിപ്പിക്കുക. നീ വസ്ത്രം ധരിക്കുന്നുവെങ്കിൽ അവൾക്കും വസ്ത്രം നൽകുക. മുഖത്ത് അടിക്കാതിരിക്കുക. പുലഭ്യം പറയാതിരിക്കുക. വീട്ടിലൊഴികെ അവളുമായി അകന്ന് കഴിയാതിരിക്കുക.” (അബൂദാവൂദ്)

ഇവ്വിധം സ്വന്തം സഹധർമിണിയെ സംരക്ഷിക്കുന്നത് ധർമമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അബൂമസ്ഊദിൽനിന്ന് നിവേദനം: “അല്ലാഹുവിന്റെ പ്രതിഫലം പ്രതീക്ഷിച്ച് ആരെങ്കിലും തന്റെ കുടുംബത്തിന് ചെലവഴിക്കുന്നുവെങ്കിൽ അതും അവന്റെ ദാനമായി പരിഗണിക്കുമെന്ന് പ്രവാചകൻ പറഞ്ഞിരിക്കുന്നു.” (ബുഖാരി, മുസ്‌ലിം)

നബിതിരുമേനി അരുൾചെയ്യുന്നു: “നീ ചെലവഴിക്കുന്നതെന്തും നിനക്ക് ധർമമാണ്. നിന്റെ ഭാര്യയുടെ വായിൽ വെച്ചുകൊടുക്കുന്ന ആഹാരം പോലും.” (ബുഖാരി)

“അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ച ഒരു ദീനാർ, അടിയാളന്റെ മോചനത്തിന് വിനിയോഗിച്ച ദീനാർ, അഗതിക്കുവേണ്ടി ചെലവഴിച്ച ദീനാർ, ഭാര്യക്കുവേണ്ടി വിനിയോഗിച്ച ദീനാർ; ഇവയിൽ ഏറ്റവും കൂടുതൽ പ്രതിഫലം ലഭിക്കുക ഭാര്യക്കുവേണ്ടി ചെലവഴിച്ച ദീനാറിനാണ്.” (മുസ്‌ലിം)

ഭർത്താവ് ന്യായമായ നിലയിൽ ചെലവിന് നൽകുന്നില്ലെങ്കിൽ മിതമായ നിലയിൽ അയാളുടെ ധനം എടുത്തുപയോഗിക്കാൻ ഭാര്യക്ക് അവകാശമുണ്ട്. ഹസ്രത്ത് ആയിശയിൽനിന്ന് നിവേദനം: അബൂസുഫ്‌യാന്റെ പത്നി ഹിന്ദ് നബിതിരുമേനിയോട് പരാതിപറഞ്ഞു: അബൂസുഫ്‌യാൻ തീരെ പിശുക്കനാണ്. എനിക്കും കുട്ടികൾക്കും ആവശ്യമായത് നൽകാറില്ല; അദ്ദേഹം അറിയാതെ ഞങ്ങൾ എടുക്കുന്നതൊഴികെ. അപ്പോൾ അവിടന്ന് അരുൾ ചെയ്തു: “നിനക്കും കുട്ടികൾക്കും ന്യായമായ ആവശ്യത്തിന് അനിവാര്യമായത് എടുത്തുകൊള്ളുക.” (ബുഖാരി, മുസ്‌ലിം)

പുരുഷൻ സ്ത്രീക്ക് ചെലവിന് നൽകാതിരിക്കുന്നത് കടുത്ത കുറ്റ മാണ്. പ്രവാചകൻ പറഞ്ഞതായി അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ് നിവേദനം ചെയ്യുന്നു: “താൻ ചെലവിന് കൊടുക്കാൻ കടപ്പെട്ട വരെ അവഗണിക്കുന്നതുതന്നെ ഗുരുതരമായ കുറ്റമാണ്.” (അബൂദാവൂദ്)

ഭാര്യമാരിൽനിന്ന് അകന്നുകഴിയുന്ന ഭർത്താക്കൻമാർ അവർക്ക് ജീവി തച്ചെലവ് നൽകുകയോ അവരെ വിവാഹമോചനം നടത്തുകയോ ചെയ്യാനും വിവാഹമോചനം നടത്തുകയാണെങ്കിൽ, ഭാര്യമാരെന്ന നില യിൽ അവരെ തങ്ങളുടെ അധീനതയിൽ നിർത്തിയ കാലത്തേക്ക് വേണ്ട ജീവിതച്ചെലവ് കൊടുത്തയയ്ക്കാനും പുരുഷൻമാരുടെ മേൽ നിർബന്ധം ചെലുത്താൻ നിർദേശിച്ചുകൊണ്ട് ഉമറുൽ ഫാറൂഖ് സൈനിക നേതാ ക്കൾക്ക് എഴുതിയിരുന്നു. (ഉദ്ധാരണം: ശാഫിഈ, ബൈഹഖി)

ഏതു സാഹചര്യത്തിലും സ്ത്രീയുടെ സംരക്ഷണ ബാധ്യത പുരു ഷന്നാണ്. സ്ത്രീകൾ സ്വയം സമ്പന്നരാണെങ്കിലും ജീവനാംശം നൽകാൻ ഭർത്താക്കൻമാർ ബാധ്യസ്ഥരാണ്. അതിൽ വീഴ്ചവരുത്തൽ മതപരമായ കുറ്റവുമാണ്.

സ്ത്രീകളുടെ അവകാശം ഇസ്ലാം ഊന്നിപ്പറയുന്നുണ്ട്: “സ്ത്രീകൾക്ക് ചില ബാധ്യതകളുള്ളതുപോലെതന്നെ ന്യായമായ ചില അവകാശങ്ങളുമുണ്ട്.” (അൽബഖറ: 228)

കാരണം, സ്ത്രീകളും പുരുഷൻമാരെപ്പോലെത്തന്നെ പരിഗണ നാർഹരായ മനുഷ്യരാണ്. പ്രവാചകൻ പറയുന്നു: “സ്ത്രീകൾ പുരു ഷൻമാരുടെ ഭാഗമാണ്.” (അബൂദാവൂദ്, നസാഈ)

ഭർത്താക്കൻമാർ വളരെ നല്ല നിലയിലാണ് അവരോട് വർത്തിക്കേ ണ്ടത്. “അവരോട് നിങ്ങൾ നല്ല നിലയിൽ സഹവസിക്കുക. അഥവാ, നിങ്ങൾക്ക് അവരോട് അനിഷ്ടം തോന്നുന്നുവെങ്കിൽ, ഓർക്കുക: നിങ്ങൾ വെറുക്കുന്ന കാര്യത്തിൽ അല്ലാഹു നിരവധി നൻമ നിശ്ചയിച്ചുവെച്ചി രിക്കാം.” (അന്നിസാഅ്: 19)

അബൂഹുറയ്റയിൽനിന്ന് നിവേദനം: പ്രവാചകൻ പറയുന്നു: “സത്യ വിശ്വാസികളിൽ വിശ്വാസപരമായി പൂർണത നേടിയവർ അവരിൽ ഏറ്റവും ഉത്തമ സ്വഭാവമുള്ളവരാണ്. നിങ്ങളിൽ ഏറ്റവും നല്ലവർ സ്വന്തം കുടുംബത്തോട് ഏറ്റവും നന്നായി വർത്തിക്കുന്നവരും.” (തിർമിദി)

ആയിശയിൽനിന്ന് നിവേദനം: “നിങ്ങളിൽ ഏറ്റവും നല്ലവർ സ്വന്തം കുടുംബത്തോട് നന്നായി നിലകൊള്ളുന്നവരാണെന്നും തന്റെ കുടുംബ ത്തോട് ഏറ്റം ഉത്തമമായി വർത്തിക്കുന്നവൻ താനാണെന്നും നബിതിരു മേനി അരുൾ ചെയ്തിരിക്കുന്നു.” (ഇബ്നു ഹിബ്ബാൻ)

സ്ത്രീകളോട് മാന്യമായി സഹവസിക്കണമെന്നും പരുഷമായി പെരു

മാററുതെന്നും ഇസ്‌ലാം അനുശാസിക്കുന്നു. നബിതിരുമേനി അരുൾ ചെയ്യുന്നു: "മാന്യനല്ലാതെ അവരെ മാനിക്കുകയില്ല. നീചനല്ലാതെ അവരെ നിന്ദിക്കുകയില്ല."

അബൂഹുറയ്റയിൽനിന്ന് നിവേദനം: നബി തിരുമേനി നിർദേശിച്ചിരിക്കുന്നു. "ഒരു സത്യവിശ്വാസിയും വിശ്വാസിനിയെ വെറുക്കരുത്. അഥവാ, അവളുടെ ഒരു സ്വഭാവം അനിഷ്ടകരമായി തോന്നിയാൽ മറ്റൊന്ന് ആനന്ദകരമായിരിക്കും." (മുസ്‌ലിം)

അംറിൽനിന്ന് നിവേദനം: ഹജ്ജതുൽ വിദാഇൽ പ്രവാചകൻ അല്ലാഹുവിനെ സ്തുതിക്കുകയും അവന്റെ വിശുദ്ധി വാഴ്ത്തുകയും അനുസ്മരണവും ഉപദേശവും നൽകുകയുംചെയ്തശേഷം ഇങ്ങനെ ആജ്ഞാപിക്കുന്നത് ഞാൻ കേട്ടു: "അറിയുക, സ്ത്രീകളോട് നല്ല നിലയിൽ വർത്തിക്കാനുള്ള നിർദേശം നിങ്ങൾ സ്വീകരിക്കുക. അവർ നിങ്ങളുടെ ആശ്രിതരാണ്." (തിർമിദി)

"കുടുംബത്തോട് കാഠിന്യം കാണിക്കുന്നവനും സ്വയം അഹങ്കരിക്കുന്നവനും സ്വർഗത്തിൽ പ്രവേശിക്കുകയില്ലെ"ന്ന് പ്രവാചകൻ പഠിപ്പിച്ചു. (അബൂദാവൂദ്)

സ്ത്രീയെ കൂടെ നിർത്തുന്നേടത്തോളം അവളോട് നല്ല നിലയിൽ വർത്തിക്കണം. ഒരു നിലക്കും ഒത്തുപോവുക സാധ്യമല്ലെങ്കിൽ വളരെ മാന്യമായി വേർപിരിയുകയാണ് വേണ്ടത്. അല്ലാഹു ആജ്ഞാപിക്കുന്നു: "മര്യാദപ്രകാരം ഭാര്യയായി നിറുത്തുക, അല്ലെങ്കിൽ നല്ല നിലയിൽ പിരിച്ചയയ്ക്കുക." (അൽബഖറ: 229)

"അവരെ നല്ല നിലയിൽ നിലനിർത്തുകയോ മാന്യമായി പിരിച്ചയയ്ക്കുകയോ ചെയ്യുക. ദ്രോഹിക്കാൻ മാത്രമായി പിടിച്ചുവെക്കരുത്. അതുവഴി നിങ്ങൾ അതിക്രമകാരികളായിത്തീരും. അങ്ങനെ വല്ലവനും ചെയ്താൽ അവൻ തന്നോട് തന്നെയാണ് അതിക്രമം കാണിക്കുന്നത്." (അൽബഖറ: 231)

ഭാര്യമാരുടെ ഭാഗത്തുനിന്നുണ്ടാവുന്ന പോരായ്മകളെ അവഗണിക്കുകയും കാർക്കശ്യത്തെ കരുണയോടെ കാണുകയും വേണം. ഉമറുൽ ഫാറൂഖിന്റെ ഭരണകാലത്ത് ഒരാൾ തന്റെ ഭാര്യയുടെ സ്വഭാവദൂഷ്യത്തെക്കുറിച്ച് പരാതി പറയാനായി അദ്ദേഹത്തെ സമീപിച്ചു. ഖലീഫ അകത്തുനിന്നു പുറത്തുവരുന്നതും പ്രതീക്ഷിച്ച് വാതിൽക്കൽ നിന്ന അയാൾ ഖലീഫയുടെ ഭാര്യ അദ്ദേഹത്തോട് കയർത്തു സംസാരിക്കുന്നത് കേൾക്കാനിടയായി. ഖലീഫ ഒന്നും മറുപടി പറഞ്ഞിരുന്നില്ല. അതുകേട്ട് ആ മനുഷ്യൻ തിരിച്ചുപോകാൻ തുടങ്ങി. അയാളിങ്ങനെ ആത്മഗതം ചെയ്തു: സത്യവിശ്വാസികളുടെ നായകനും പരുഷപ്രകൃതനുമായിരു

ന്നിട്ടും ഉമറിന്റെ നിലപാട് ഇതാണെങ്കിൽ എന്റെ അവസ്ഥ എങ്ങനെയായിരിക്കണം? അപ്പോൾ പുറത്തുവന്ന ഖലീഫ അയാളെ കാണാനിടയായി. അയാളെ തിരിച്ചുവിളിച്ച് ആഗമനോദ്ദേശ്യം ആരാഞ്ഞു. അയാൾ പറഞ്ഞു: വിശ്വാസികളുടെ നേതാവേ, ഞാൻ എന്റെ ഭാര്യയുടെ പാരുഷ്യത്തെയും കയർത്തുള്ള സംസാരത്തെയും സംബന്ധിച്ച് പരാതി പറയാൻ വന്നതായിരുന്നു. അപ്പോഴാണ് താങ്കളുടെ ഭാര്യയും അവ്വിധം സംസാരിക്കുന്നത് കേൾക്കാനിടയായത്. അതിനാൽ ഞാൻ മടങ്ങിപ്പോവുകയായിരുന്നു. ഇതുകേട്ട് ഉമറുൽ ഫാറൂഖ് പറഞ്ഞു: 'പ്രിയ സഹോദരാ, അവൾക്ക് എന്റെ മേലുള്ള അവകാശങ്ങൾ ഞാൻ അംഗീകരിക്കുന്നു. അവൾ എനിക്കുവേണ്ടി ആഹാരമൊരുക്കുന്നു. റൊട്ടി പാകം ചെയ്യുന്നു. വസ്ത്രം അലക്കുന്നു. എന്റെ കുട്ടികൾക്ക് മുലകൊടുക്കുന്നു. യഥാർഥത്തിൽ ഇവയൊന്നും അവളുടെ ബാധ്യതയിൽപെട്ടതല്ല. അതോടൊപ്പം അവളെന്റെ മനസ്സിനെ നിഷിദ്ധതകളിൽനിന്ന് രക്ഷപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ ഞാൻ അവൾക്ക് ആവശ്യമായ പരിഗണന നൽകുന്നു.' ഇതുകേട്ട ആഗതൻ പറഞ്ഞു: 'എന്റെ ഭാര്യയും അങ്ങനെ തന്നെയാണ്.' (കിതാബുൽ കബാഇർ- ഹാഫിള് ശംസുദ്ദീനുദ്ദഹബി, അൽമക്തബതുസ്സഖാഫിയ്യഃ, ബൈറൂത്, പുറം: 189)

പ്രവാചകൻ പറയുന്നു: "തന്റെ സഹധർമിണിയുടെ സ്വഭാവദൂഷ്യം സഹിക്കാൻ സാധിക്കുന്ന പുരുഷന് അല്ലാഹു അയ്യൂബ് നബിക്ക്, അദ്ദേഹത്തിന് നേരിടേണ്ടി വന്ന പരീക്ഷണത്തിന്റെ പേരിൽ നൽകിയതുപോലുള്ള പ്രതിഫലം കൊടുക്കുന്നതാണ്. അപ്രകാരം ഭർത്താവിന്റെ ദുഃസ്വഭാവം ക്ഷമിക്കാൻ കഴിയുന്ന കുടുംബിനിക്ക് ഫറോവയുടെ ഭാര്യയും മുസാഹിമിന്റെ പുത്രിയുമായ ആസ്യക്ക് കൊടുത്തതുപോലുള്ള പ്രതിഫലവും നൽകുന്നതാണ്."

സഹധർമിണിമാരുമായി സല്ലപിക്കാനും ഉല്ലസിക്കാനും അവസരമൊരുക്കണമെന്ന് ഇസ്‌ലാം ആവശ്യപ്പെടുന്നു. നബി തിരുമേനി അരുൾ ചെയ്തിരിക്കുന്നു: "വിനോദ കുതുകികളും ചെറുപ്പക്കാരികളുമായ സ്ത്രീകൾക്ക് അർഹമായത് നിങ്ങൾ അംഗീകരിച്ചുകൊടുക്കുക."

"ദൈവസ്മരണയില്ലാത്തതെല്ലാം കളിയും വിനോദവുമാണ്. നാലെണ്ണമൊഴികെ- സഹധർമിണിയോടുള്ള പുരുഷന്റെ സല്ലാപം, കുതിരയെ പരിശീലിപ്പിക്കൽ, ലക്ഷ്യസ്ഥാനങ്ങൾക്കിടയിലെ ഓട്ടം, നീന്തൽപഠിക്കൽ എന്നിവയാണവ." (നസാഈ)

മറ്റൊരിക്കൽ അവിടന്ന് അരുൾചെയ്തു: "മനുഷ്യന്റെ കളികളെല്ലാം നിഷിദ്ധങ്ങളാകുന്നു. മൂന്നെണ്ണമൊഴിച്ച്- അമ്പെയ്ത്തും കുതിരയെ പരിശീലിപ്പിക്കലും ഭാര്യയുമായി വിനോദിക്കലുമാണവ. അതൊക്കെ കാര്യങ്ങളാകുന്നു." (അഹ്മദ്)

ഉമറുൽ ഫാറൂഖ് പറഞ്ഞു: "പുരുഷൻ തന്റെ വീട്ടുകാരോടൊത്താകുമ്പോൾ കൊച്ചുകുട്ടിയെപ്പോലെയായിരിക്കണം." (അൽമർഅതു ഫിത്തസ്വവ്വുരിൽ ഇസ്‌ലാമി, പുറം 88)

ഇമാം ഗസ്സാലി പറയുന്നു: "സ്ത്രീകളുമായി സല്ലപിക്കുകയും കളിക്കുകയും അവരോട് തമാശ കാണിക്കുകയും വേണം. അതെല്ലാം അവരുടെ അന്തരംഗങ്ങളിൽ ആനന്ദം ചുരത്തും. നബിതിരുമേനി അവരോടൊന്നിച്ച് തമാശകാണിച്ചിരുന്നു. പെരുമാറ്റത്തിലും പ്രവൃത്തിയിലും അവരുടെ വിതാനത്തിലേക്ക് ഇറങ്ങിവരുകയും ചെയ്തിരുന്നു." (ഇഹ്‌യാ ഉലൂമിദ്ദീൻ)

പത്നിമാരോടുള്ള പ്രവാചകന്റെ പെരുമാറ്റത്തെപ്പറ്റി ഹസ്രത്ത് ആയിശ പറയുന്നു: "ഭാര്യമാരുമായി തനിച്ചായാൽ അവിടന്ന് ധാരാളം ചിരിക്കുന്ന സൗമ്യനായിരുന്നു."

നബിതിരുമേനി സഹധർമിണിമാരുടെ മുമ്പിൽ വളരെ വിനയാന്വിതനായിരുന്നു. തിരുമേനിയുടെ കാലിൽ ചവിട്ടിക്കയറിനിന്നാണ് പത്നിമാർ ഒട്ടകപ്പുറത്ത് കയറിയിരുന്നത്. പെരുന്നാൾ ദിവസം സ്ത്രീകളെ പൊതുമൈതാനിയിൽ പ്രാർഥനയ്ക്ക് പങ്കെടുപ്പിക്കുക മാത്രമല്ല, അവരുടെ ആഗ്രഹം പൂർത്തിയാകുന്നതുവരെ കളി കാണിച്ചുകൊടുക്കുകയും ചെയ്ത സ്നേഹനിധിയാണ് നബിതിരുമേനി. ആയിശ പറയുന്നു: പെരുന്നാൾ ദിവസം രണ്ടു പെൺകുട്ടികൾ എന്റെ അരികിലിരുന്ന് പാട്ട് പാടുകയായിരുന്നു. ഞങ്ങൾക്ക് പ്രയാസമുണ്ടാവരുതെന്ന് കരുതി തിരുമേനി ഞങ്ങളിൽനിന്ന് മുഖം തിരിച്ചുപിടിച്ച് അടുത്തുതന്നെ കിടക്കുന്നുണ്ട്. അപ്പോൾ അവിടെയെത്തിയ അബൂബക്കർ സിദ്ദീഖ് ചോദിച്ചു: "പ്രവാചകന്റെ വീട്ടിൽ പിശാചിന്റെ വാദ്യോപകരണങ്ങളോ?" ഇതുകേട്ട് അവിടന്ന് അരുൾ ചെയ്തു: "അബൂബക്കറേ, അവരെ വിട്ടേക്കുക. ഇന്ന് പെരുന്നാളല്ലേ, അവർ പാടട്ടെ."

ആയിശ (റ) തുടരുന്നു: "പെരുന്നാൾ ദിവസം എത്യോപ്യക്കാർ പള്ളിയിൽ കളിക്കുന്നുണ്ടായിരുന്നു. നബിതിരുമേനി ചോദിച്ചു: കളി കാണാൻ കൊതിയുണ്ടോ? ഉണ്ടെന്നറിയിച്ചപ്പോൾ അവിടന്ന് എന്നെയും കൂട്ടി ഒന്നിച്ച് നിന്ന് കളി കാണിച്ചുതന്നു. ഞാൻ മതി എന്നു പറഞ്ഞപ്പോൾ മാത്രമാണ് തിരുമേനി പിരിഞ്ഞുപോന്നത്."

പ്രവാചകൻ പത്നി ആയിശയോടൊത്ത് ഓട്ടപ്പന്തയം നടത്താറുണ്ടായിരുന്നു. ഹസ്രത്ത് ആയിശയിൽനിന്ന് നിവേദനം: "നബിതിരുമേനി എന്നോട് ഓട്ടത്തിൽ മത്സരിച്ചിരുന്നു. ഞാൻ അവിടത്തെ തോൽപിച്ചുകൊണ്ടിരുന്നു- എന്റെ ശരീരം തടിക്കുന്നതുവരെ. അതിനുശേഷം അവിടന്ന് എന്നെ തോൽപിച്ചു. അപ്പോൾ തിരുമേനി പറഞ്ഞു: ഇത് പഴയ പരാജയത്തിനുള്ള പകരം വീട്ടലാണ്." (അഹ്‌മദ്, അബൂദാവൂദ്)

ദമ്പതികൾ തമ്മിലുള്ള ലൈംഗികബന്ധം പുണ്യകർമമാണെന്ന് പഠിപ്പിക്കുന്ന മതമാണ് ഇസ്‌ലാം. പ്രവാചകൻ പറഞ്ഞു: "സഹധർമിണിയെ സംഭോഗം ചെയ്യുന്നതിൽ നിനക്ക് പ്രതിഫലമുണ്ട്. അപ്പോൾ സഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളിലൊരാൾ തന്റെ ലൈംഗിക വികാരം പൂർത്തീകരിക്കുകയും എന്നിട്ട് അതിന്റെ പേരിൽ പ്രതിഫലം ലഭിക്കുകയും ചെയ്യുകയോ? അവിടന്ന് അരുൾചെയ്തു: നിഷിദ്ധമായ മാർഗത്തിലൂടെയാണ് അയാളത് ശമിപ്പിച്ചതെങ്കിൽ ശിക്ഷയുണ്ടാവുകയില്ലേ? അപ്രകാരം അനുവദനീയ മാർഗത്തിലൂടെ പൂർത്തീകരിക്കുമ്പോൾ പ്രതിഫലവും ലഭിക്കുന്നതാണ്." (മുസ്‌ലിം)

ലൈംഗിക ബന്ധത്തിലെ മര്യാദപോലും ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. നബിതിരുമേനി അരുൾചെയ്യുന്നു: "നിങ്ങളാരും കന്നുകാലികളെപ്പോലെ പ്രിയതമയെ പ്രാപിക്കരുത്. അവർക്കിടയിൽ ഒരു ദൂതൻ ഉണ്ടായിരിക്കട്ടെ." ആരാണ് ഈ ദൂതനെന്ന് അന്വേഷിച്ചപ്പോൾ അവിടന്ന് അറിയിച്ചു: "ചുംബനവും സംസാരവും." (ദയ്‌ലമി)

"നിങ്ങൾ ഭാര്യയുമായി ലൈംഗികബന്ധത്തിലേർപ്പെടുന്നത് പക്ഷികളെപ്പോലെയാവരുത്. സാവകാശം കാണിക്കുകയും ക്ഷമ പാലിക്കുകയും ചെയ്യുക." (ത്വൂസി)

അനസുബ്നു മാലികിൽനിന്ന് നിവേദനം: "നിങ്ങളിലാരെങ്കിലും സ്ത്രീയുമായി ശയിക്കുമ്പോൾ അവൾക്ക് കുറേ ദാനമായി നൽകണം. തന്റെ ആവശ്യം ആദ്യം പൂർത്തിയായാൽ പിന്നീട് ധൃതികാണിക്കരുത്. അവളുടെ ആവശ്യം അവൾക്കും പൂർത്തിയാവട്ടെ." (അബൂയഅ്‌ലാ)

ഇമാം ഗസ്സാലി പറയുന്നു: "പുരുഷൻ വികാരമൂർഛ പ്രാപിച്ചാലും സഹധർമിണിക്കുവേണ്ടി, അവൾക്കു നിർവൃതി ലഭിക്കുന്നതുവരെ കാത്തിരിക്കേണ്ടതാണ്. ഭാര്യ വികാരപൂർത്തിയിലെത്താൻ താമസിച്ചെന്നുവരാം. ലൈംഗികാസക്തി തീക്ഷ്ണമായ അത്തരം ഘട്ടങ്ങളിൽ പുരുഷൻ പെട്ടെന്ന് പിന്തിരിയുന്നത് അവളെ വല്ലാതെ പ്രയാസപ്പെടുത്തും. വികാരമൂർഛയിലെത്താൻ അന്തരമുണ്ടാവുകയാണെങ്കിൽ പുരുഷൻ എത്ര നേരത്തെ പൂർണത പ്രാപിച്ചാലും പങ്കാളിക്ക് തൃപ്തി ലഭിക്കുന്നതുവരെ കാത്തിരിക്കുകതന്നെ വേണം. എന്നാൽ ഒന്നിച്ച് വികാര മൂർഛ പ്രാപിക്കുന്നതാണ് ഏറ്റവും ആസ്വാദ്യകരം." (ഇഹ്‌യാഉലൂമിദ്ദീൻ, അദബുൽ മുആശറഃ, പുറം: 50)

ആരാധനക്കായാൽപോലും ജീവിതപങ്കാളിയുടെ ലൈംഗികാവശ്യത്തെ അപ്പാടെ അവഗണിക്കരുതെന്ന് ഇസ്‌ലാം കണിശമായി കല്പിക്കുന്നു.

ഒരിക്കൽ ഉസ്മാനുബ്നു മള്ഊന്റെ ഭാര്യ ഹൗലാഅ് പ്രവാചക

പത്നി ആഇശ(റ)യുടെ അടുത്തുവന്നു. അവിടെ വേറെയും സ്ത്രീകളു ണ്ടായിരുന്നു. ഹൗലാഇന്റെ വേഷം വളരെ ശോചനീയമായിരുന്നു. കണ്ണെ ഴുതിയിട്ടില്ല, മുടിചീകിയിട്ടില്ല. സുഗന്ധം പൂശിയിട്ടില്ല. ആഇശ(റ) ചോദിച്ചു: "ഹൗലാ, എന്താണിപ്പോഴിങ്ങനെ?"

"എന്തിനു മുടിചീകണം? സുഗന്ധമുപയോഗിക്കണം? അദ്ദേഹം എന്നെ തൊട്ടിട്ട് നാളുകളെത്രയായി?" ഹൗലാ തന്റെ മനോവേദന വ്യക്ത മാക്കി. അതുകേട്ട് ആഇശ(റ)യും കൂട്ടുകാരികളും ചിരിച്ചു. അപ്പോഴാണ് നബിതിരുമേനി അവിടെയെത്തിയത്. അവിടന്ന് ചിരിയുടെ കാരണം തിരക്കി. ആഇശ(റ) നബി(സ)യോട് സംഭവം വിശദീകരിച്ചു. ഉടനെ നബി(സ) ഹൗലാഇന്റെ ഭർത്താവ് ഉസ്മാനെ വിളിച്ചുവരുത്തി വിവരമ ന്വേഷിച്ചു. അദ്ദേഹം പറഞ്ഞു: "അല്ലാഹുവിനെ കൂടുതൽ ആരാധിക്കാ നായി ഞാനത് ഉപേക്ഷിച്ചിരിക്കയാണ്."

"ഞാൻ ശക്തിയായി ശാസിക്കുന്നു. വേഗം പോയി ഭാര്യയോടൊ ന്നിച്ച് ശയിക്കുക." പ്രവാചകൻ കൽപിച്ചു.

"എനിക്ക് നോമ്പാണല്ലോ-" ഉസ്മാനുബ്നു മള്ഊൻ.

"നോമ്പ് മുറിക്കുകതന്നെ." നബി നിർദേശിച്ചു. അദ്ദേഹം അതനുസ രിച്ച് പ്രവർത്തിച്ചു. ഹൗലാഅ് വീണ്ടും വന്നപ്പോൾ അത്യധികം സന്തോ ഷവതിയായിരുന്നു. മുടി ചീകുകയും കണ്ണെഴുതുകയും ചെയ്തിരുന്നു. അവർ ആഇശ(റ) യോട് പറഞ്ഞു: "അദ്ദേഹം ഇന്നലെ എന്നെ സമീ പിച്ചു." അതുകേട്ട് പ്രവാചക പത്നി പുഞ്ചിരിച്ചു.

ഒരിക്കൽ ഒരു സ്ത്രീ ഉമറുൽ ഫാറൂഖിനെ സമീപിച്ചു പറഞ്ഞു: "അമീ റുൽ മുഅ്മിനീൻ, എന്റെ ഭർത്താവ് പകൽ മുഴുവൻ നോമ്പെടുക്കുന്നു. രാത്രി നിന്ന് നമസ്കരിക്കുന്നു. അദ്ദേഹത്തോട് പരാതിപ്പെടാൻ എനി ക്കിഷ്ടമില്ല. ദൈവാരാധനയിലാണല്ലോ അദ്ദേഹം മുഴുകിയിരിക്കുന്നത്."

"വളരെ നല്ലതു തന്നെ. നിന്റെ ഭർത്താവാണ് യഥാർഥ ഭർത്താവ്." ഉമറുൽ ഫാറൂഖ് പറഞ്ഞു.

സ്ത്രീ തന്റെ വാക്കുകൾ ആവർത്തിച്ചു; ഖലീഫ തന്റെ പ്രതികര ണവും. അപ്പോൾ കഅ്ബുൽ അസ്ദി ഇങ്ങനെ പറഞ്ഞു: "അമീറുൽ മുഅ്മിനീൻ, ഭർത്താവ് കിടപ്പറയിൽനിന്ന് വിട്ടുനിൽക്കുന്നതിനെക്കുറിച്ച് പരാതി പറയുകയാണ് അവർ."

"അവരുടെ സംസാരത്തിന്റെ പൊരുളറിഞ്ഞ താങ്കൾ തന്നെ അവർക്കിടയിൽ തീർപ്പു കൽപിക്കുക." ഉമർ (റ) ആവശ്യപ്പെട്ടു.

"എങ്കിൽ എനിക്ക് ഈ സ്ത്രീയുടെ ഭർത്താവിനെ കാണണം."

അങ്ങനെ ഭർത്താവ് ഹാജരാക്കപ്പെട്ടു. കഅ്ബ് പറഞ്ഞു: "താങ്കളുടെ

ഭാര്യ താങ്കളെപ്പറ്റി പരാതി പറഞ്ഞിരിക്കുന്നു.”

“ആഹാരത്തിന്റെ കാര്യത്തിലോ അതോ പാനീയത്തിന്റെ കാര്യത്തിലോ?” “രണ്ടുമല്ല.” കഅ്ബ് പറഞ്ഞു. അന്നേരം ആ സ്ത്രീ പാടി:

“വിവേകശാലിയും യുക്തിമാനുമായ ന്യായാധിപാ
എന്റെ പ്രിയൻ എന്റെ മണിയറ മറന്നുപോയി.
തന്റെ പള്ളിയോടുള്ള പ്രേമവികാരത്താൽ
ആരാധനകൾ അദ്ദേഹത്തെ സഹശയന വിരക്തനാക്കി
അതിനാൽ ന്യായാധിപനായ കഅ്ബേ, അങ്ങ് വിധിക്കുക.
ന്യായമായ വിധി, ശങ്കിക്കാതിരിക്കുക.
അദ്ദേഹത്തിന്റെ രാപ്പകലുകൾ നിദ്രാവിഹീനമാണ്.
നിശ്ചയം, സ്ത്രീവിഷയത്തിലദ്ദേഹം വാഴ്ത്തപ്പെടില്ലൊരിക്കലും.”
അതു കേട്ട് ഭർത്താവ് ഇങ്ങനെ പാടി:
“സ്ത്രീകളിലും ശൃംഗാരത്തിലും എന്നെ വിരക്തനാക്കിയിരിക്കുന്നു
സൂറത്തുന്നഹ്ലിലും സപ്തദീർഘങ്ങളിലും അവതരിച്ചവ.
തികച്ചും ഭീതിതനത്രെ ഞാൻ
ദിവ്യഗ്രന്ഥത്തിലെ ഭീഷണികൾ ഭയാനകം തന്നെ.”

ഇതുകേട്ട് ന്യായാധിപൻ കഅ്ബ് പറഞ്ഞു: “താങ്കൾക്ക് താങ്കളുടെ ഭാര്യയോട് ചില ബാധ്യതകളുണ്ട്. നാലുകാര്യത്തിൽ അവൾക്കുള്ള അവകാശം ബുദ്ധിമാൻമാർക്കൊക്കെ അറിയാം. അതിനാലവ നൽകുക. ആരോപണമുക്തനാവുക.”

സ്ത്രീ പുരുഷന്നുവേണ്ടി വൃത്തിവരുത്തുകയും സൗന്ദര്യമുള്ളവളാവുകയും ചെയ്യുന്നപോലെ പുരുഷനും അത്തരം കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ഇസ്‌ലാം ആവശ്യപ്പെടുന്നു. നബിതിരുമേനി അരുൾചെയ്തിരിക്കുന്നു: “നിങ്ങൾ വസ്ത്രം കഴുകി വൃത്തിയാക്കി, മുടിയെടുത്ത്, വായ ശുദ്ധി വരുത്തി, എപ്പോഴും സൗന്ദര്യവും ശുചിത്വവും കാത്തുസൂക്ഷിക്കണം. ഇസ്രായേല്യർ ഇങ്ങനെയൊന്നും ചെയ്യാതിരുന്നപ്പോഴാണ് അവരുടെ സ്ത്രീകൾ അഭിസാരികകളായത്.”

ഇബ്നു അബ്ബാസ് പറയുന്നു: “ഭാര്യ എനിക്കുവേണ്ടി സുന്ദരിയാവുന്നപോലെ ഞാൻ അവൾക്കുവേണ്ടിയും അലങ്കാരമണിയുന്നു.” (ഉദ്ധരണം: അൽഇസ്‌ലാം വഖദായൽ മർഅതിൽ മുആസ്വിറഃ, ബഹ്‌യുൽ ഖൗലി, പുറം: 96)

ഭക്ഷണം, വസ്ത്രം, പാർപ്പിടം, സ്വഭാവം, പെരുമാറ്റം, സമീപനം തുടങ്ങിയവയിലെന്നപോലെ ലൈംഗിക വികാരങ്ങളിലുൾപ്പെടെ എല്ലാറ്റിലും സ്ത്രീയുടെ അവകാശം അംഗീകരിക്കാൻ പുരുഷൻ ബാധ്യസ്ഥനാണെന്ന്. ഇത് നമ്മെ ബോധ്യപ്പെടുത്തുന്നു. ഭാര്യയെന്ന നിലയിൽ സ്ത്രീയുടെ മാനുഷികാവശ്യങ്ങളും വികാരങ്ങളും തീരെ അവഗണിക്കപ്പെടരുതെന്നർഥം. സഹധർമിണിയുമായുള്ള സഹവാസത്തെയും സമീപനത്തെയും മതവിശ്വാസവും പരലോക ജീവിത വിജയവുമായി ഇസ്‌ലാം ബന്ധപ്പെടുത്തിയിരിക്കുന്നു. മനുഷ്യരിലേറ്റവും നല്ലവർ സ്വന്തം ഭാര്യമാരോട് ഏറ്റം നന്നായി വർത്തിക്കുന്നവരാണെന്ന് പ്രവാചകൻ പറഞ്ഞതിന്റെ പൊരുളും അതുതന്നെ.

## ഭാര്യയുടെ ബാധ്യതകൾ

ദാമ്പത്യബന്ധം മതകീയമാവണമെന്ന് അനുശാസിക്കുന്ന ഇസ്‌ലാം സ്ത്രീയുടെ സ്വർഗ-നരകങ്ങൾ നിർണയിക്കുന്നതിൽ ഭർത്താവിനോടുള്ള ബാധ്യതാനിർവഹണത്തിന് നിർണായകമായ സ്ഥാനം കൽപിച്ചിട്ടുണ്ട്. പ്രവാചകൻ(സ) ഹുസൈ്വനുബ്നു മുഹ്സിന്റെ പിതൃസഹോദരിയോട് പറഞ്ഞു: "ഭർത്താവ് നിന്റെ സ്വർഗവും നരകവുമാണ്." (അഹ്മദ്)

അവിടന്ന് അരുൾചെയ്യുന്നു: "പ്രിയതമന്റെ പ്രീതി നേടി രാത്രി കഴിച്ചുകൂട്ടുന്നവൾ സ്വർഗത്തിൽ പ്രവേശിക്കും. ഭർത്താവിന്റെ അതൃപ്തിക്കിരയായി അന്തിയുറങ്ങുന്നവൾ മലക്കുകളാൽ ശപിക്കപ്പെടും."(ഇബ്നുമാജ, മുസ്‌ലിം)

"ജീവിതസഖാവിന്റെ സംതൃപ്തി നേടി മരണമടയുന്ന സ്ത്രീ സ്വർഗാവകാശിയാണ്." (ഹാകിം, ഇബ്നുമാജ, തിർമിദി)

"മൂന്നുപേരെ നരകം സ്പർശിക്കുകയില്ല. ഭർത്താവിനെ അനുസരിക്കുന്ന ഭാര്യ, മാതാപിതാക്കൾക്ക് നൻമ ചെയ്യുന്ന മകൻ, അല്ലാഹുവോടും യജമാനനോടുമുള്ള ബാധ്യതകൾ നിർവഹിക്കുന്ന ഭൃത്യൻ."

"സ്ത്രീ അഞ്ചുസമയത്തെ നമസ്കാരം നിർവഹിക്കുകയും റമദാനിലെ വ്രതമനുഷ്ഠിക്കുകയും ഗുഹ്യസ്ഥാനം സൂക്ഷിക്കുകയും ഭർത്താവിനെ അനുസരിക്കുകയുമാണെങ്കിൽ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്." (അഹ്മദ്, ത്വബ്റാനി)

അബ്ദുർറഹ്മാനിബ്നു ഔഫ്(റ) നിവേദനം ചെയ്ത ഒരു പ്രവാചക വചനത്തിലിങ്ങനെ കാണാം: "അത്തരം സ്ത്രീകളോട്, ഇഷ്ടമുള്ള കവാടത്തിലൂടെ സ്വർഗത്തിൽ കടന്നുകൊള്ളുകയെന്ന് പറയപ്പെടും." (ത്വബ്റാനി)

നോമ്പ് അല്ലാഹുവിനുള്ള ആരാധനയാണ്. എന്നാൽ ആണിന്റെ

അനുവാദമില്ലാതെ സ്ത്രീ ഐഛികവ്രതം അനുഷ്ഠിക്കരുതെന്ന് മതം അനുശാസിക്കുന്നു. പ്രവാചകൻ(സ) പറയുന്നു: "ഭർത്താവിന്റെ അനുവാദമില്ലാതെ അയാളുടെ സാന്നിധ്യത്തിൽ സ്ത്രീ നോമ്പെടുക്കരുത്; റമദാനിലല്ലാതെ." (ബുഖാരി, മുസ്ലിം)

"അയാളുടെ അനുവാദമില്ലാതെ അവൾ ഐഛിക വ്രതമനുഷ്ഠിക്കരുത്. അനുഷ്ഠിച്ചാൽ അവൾ കുറ്റക്കാരിയാവുന്നതാണ്. അത് അവളിൽനിന്ന് സ്വീകരിക്കപ്പെടുന്നതുമല്ല." (ത്വബ്റാനി)

പുരുഷൻമാർ നിർവഹിക്കുന്ന പല ആരാധനാകർമങ്ങൾക്കും മതബാധ്യതകൾക്കും തുല്യമാണ് ഭാര്യമാരുടെ ഭർത്തൃസേവനം. അങ്ങനെ, സ്ത്രീ തന്റെ പ്രിയതമനുവേണ്ടി ചെയ്യുന്ന പ്രവൃത്തികൾ അടിമ അല്ലാഹുവിന് വേണ്ടി നടത്തുന്ന കർമങ്ങൾക്ക് സമാനമാക്കപ്പെട്ടിരിക്കുന്നു. ഒരിക്കൽ യസീദുൽ അൻസ്വാരിയുടെ മകൾ അസ്മാഅ്(റ) പ്രവാചകസന്നിധിയിൽവന്നു പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ഞാൻ സ്ത്രീകളുടെ പ്രതിനിധിയായിട്ടാണ് വന്നിരിക്കുന്നത്. അല്ലാഹു താങ്കളെ സത്യവുമായി നിയോഗിച്ചത് സ്ത്രീകൾക്കും പുരുഷൻമാർക്കും വേണ്ടിയാണല്ലോ. അതിനാൽ ഞങ്ങൾ അങ്ങയിൽ വിശ്വസിച്ചു. അങ്ങയെ അനുസരിച്ചു ജീവിച്ചു. ഞങ്ങൾ, സ്ത്രീസമൂഹം; തളച്ചിടപ്പെട്ടവരാണ്. നിങ്ങളുടെ വീടുകളിൽ കഴിഞ്ഞുകൂടുന്നവരുമാണ്; നിങ്ങളുടെ മക്കളെ ഗർഭം ചുമക്കുന്നവരും. നിങ്ങൾ പുരുഷൻമാരാകട്ടെ ജുമുഅഃ നമസ്കാരത്തിലും സംഘടിത നമസ്കാരത്തിലും സംബന്ധിക്കുന്നു. രോഗികളെ സന്ദർശിക്കുന്നു. ജനാസകളിൽ പങ്കെടുക്കുന്നു. സർവോപരി ശ്രേഷ്ഠമായ ദൈവമാർഗത്തിലെ ജിഹാദിൽ അണിചേരുന്നു. അങ്ങനെ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. എന്നാൽ നിങ്ങളിലാരെങ്കിലും ഹജ്ജിനോ ഉംറക്കോ യുദ്ധത്തിനോ പുറപ്പെട്ടാൽ ഞങ്ങൾ നിങ്ങൾക്കുവേണ്ടി നിങ്ങളുടെ കുട്ടികളെ സംരക്ഷിക്കുന്നു. വസ്ത്രം വൃത്തിയാക്കുന്നു. മക്കളെ വളർത്തുന്നു. അതിനാൽ ഞങ്ങൾക്ക് നിങ്ങളുടെ ഈ നൻമയിലും പുണ്യത്തിലും പ്രതിഫലത്തിലും പങ്കില്ലേ, പ്രവാചകരേ?"

അപ്പോൾ നബിതിരുമേനി തന്റെ അനുചരൻമാരുടെ നേരെ തിരിഞ്ഞ് ചോദിച്ചു: "തന്റെ മതത്തിന്റെ കാര്യം ഇതിനെക്കാൾ നന്നായി ഏതെ

ങ്കിലും സ്ത്രീ വിവരിച്ചതായി നിങ്ങൾ കേട്ടിട്ടുണ്ടോ?" അവർ പറഞ്ഞു: "ഇത്തരം കാര്യങ്ങളിൽ ഒരു സ്ത്രീ ഇത്രയേറെ ആർജവം കാണിക്കുമെന്ന് ഞങ്ങൾ കരുതിയിട്ടില്ല."

പ്രവാചകൻ(സ) ആ സ്ത്രീയുടെ നേരെ തിരിഞ്ഞ് ഇങ്ങനെ പറഞ്ഞു: "ഭർത്താവിന്റെ അവകാശങ്ങളോട് ആദരവ് കാണിച്ച് അയാളെ അനുസരിക്കുന്നത് അവയ്ക്കെല്ലാം പകരം നിൽക്കും. പക്ഷേ, അവ്വിധം ചെയ്യുന്നവർ നിങ്ങളിൽ വളരെ വിരളമത്രേ. മറ്റെല്ലാ സ്ത്രീകളെയും ഈ വിവരമറിയിച്ച് നിങ്ങളെന്നെ സഹായിക്കുക." (ബസ്സാർ, ത്വബ്റാനി)

മറ്റൊരിക്കൽ നബിതിരുമേനി അരുൾചെയ്തു: "സ്ത്രീയുടെ ജിഹാദ് ഭർത്താവിനോട് ഏറ്റവും നന്നായി വർത്തിക്കലാണ്."

ശ്രേഷ്ഠയായ സ്ത്രീ ആരെന്ന് അന്വേഷിച്ചപ്പോൾ അവിടന്ന് പറഞ്ഞു: "ഭർത്താവ് കല്പിച്ചാൽ അനുസരിക്കുകയും നോക്കിയാൽ കൗതുകമുണർത്തുകയും ചെയ്യുന്നവൾ."

അല്ലാഹു അറിയിക്കുന്നു: "ഉത്തമ വനിതകൾ അനുസരണ സ്വഭാവമുള്ളവരും രഹസ്യങ്ങൾ സൂക്ഷിക്കുന്നവരുമാണ്." (അന്നിസാഅ്: 34)

ഭാര്യക്ക് ഭൂമിയിൽ ഏറ്റവുമധികം ബാധ്യത ഭർത്താവിനോടാണ്. അവൾ ഏറ്റവുമധികം ആദരിക്കേണ്ടതും അനുസരിക്കേണ്ടതും അദ്ദേഹത്തെ തന്നെ. പ്രവാചകൻ(സ) പറയുന്നു: "ഒരു മനുഷ്യനോട് മറ്റൊരാൾക്ക് സാഷ്ടാംഗം ചെയ്യാൻ ഞാൻ കല്പിക്കുമായിരുന്നെങ്കിൽ സ്ത്രീയോട് തന്റെ ഭർത്താവിന് സാഷ്ടാംഗം ചെയ്യാൻ ആജ്ഞാപിക്കുമായിരുന്നു." (അബൂദാവൂദ്, തിർമിദി, ഇബ്നുമാജ)

ആയിശ(റ)യിൽനിന്ന് നിവേദനം: സ്ത്രീക്ക് ഏറ്റവും കൂടുതൽ കടപ്പാട് ആരോടാണെന്ന് അന്വേഷിച്ചപ്പോൾ അവിടന്ന് അരുൾചെയ്തു: "തന്റെ ഭർത്താവിനോട്." ഞാൻ ചോദിച്ചു: "പുരുഷന്ന് ഏറ്റവുമധികം ബാധ്യത ആരോടാണ്?" പ്രവാചകൻ പ്രതിവചിച്ചു: "തന്റെ മാതാവിനോട്." (ഹാകിം)

ഭർത്താവിനോടുള്ള ബാധ്യതകൾ യഥാവിധി നിർവഹിക്കുന്നവരാണ് സദ്വൃത്തകൾ. പ്രവാചകൻ(സ) പറയുന്നു: "സദ്വൃത്തയുടെ സവിശേഷതകൾ ഇവയാകുന്നു: നീ അവളെ നോക്കിയാൽ നിന്നെ അവൾ സന്തുഷ്ടനാക്കും. കൽപിച്ചാൽ അനുസരിക്കും. നീ അവളിൽനിന്ന് അപ്രത്യക്ഷനായാൽ നിന്റെ സ്വത്തിലും സ്വന്തം ശരീരത്തിലും അവൾ നിന്നെ സൂക്ഷിക്കും."

ഇതിനു വിരുദ്ധമായ സമീപനം സ്വീകരിക്കുന്നവർ ദുർവൃത്തകളാണ്. അല്ലാഹുവിനോട് നന്ദികേട് കാണിക്കുന്നതുപോലെതന്നെ ഭർത്താവി

നോട് കൃതഘ്നത കാട്ടുന്നതും കുറ്റകരമാണ്. നബിതിരുമേനി അരുൾചെയ്യുന്നു: "ഞാൻ നരകത്തിലേക്ക് നോക്കി. അതിലേറെയും സ്ത്രീകളായിരുന്നു. ഭർത്താവിനോട് നന്ദികേടു കാണിച്ചവർ. നീ അവർക്ക് കുറേകാലം നൻമ ചെയ്തുവെന്ന് സങ്കൽപിക്കുക, പിന്നീട് നിന്നിൽനിന്ന് എന്തെങ്കിലും വീഴ്ച ഉണ്ടായാൽ ഉടനെ പറയും: നിങ്ങളിൽനിന്ന് എനിക്കൊരു ഗുണവും കിട്ടിയിട്ടില്ല." (ബുഖാരി, മുസ്‌ലിം, അഹ്മദ്)

പ്രിയതമന്റെ പ്രീതിക്കായി കൊതിക്കുന്നവളാണ് സ്വർഗം നേടുകയെന്ന് നബിതിരുമേനി പഠിപ്പിക്കുന്നു: "നിങ്ങളുടെ സ്ത്രീകൾ സ്വർഗാവകാശികളാണ്. അവർ കൂടുതൽ സന്താനസൗഭാഗ്യമുള്ളവരും സ്നേഹമുള്ളവരുമാണ്. അവളിൽനിന്ന് അരുതാത്തത് സംഭവിക്കുകയോ അവൾ പ്രയാസങ്ങൾക്കിരയാവുകയോ ചെയ്താൽ ഭർത്താവിനെ സമീപിച്ച് തന്റെ കൈ അയാളുടെ കൈയിൽവെച്ച് ഇങ്ങനെ പറയും: നിങ്ങൾ എന്നോട് തൃപ്തനാകുവോളം ഞാൻ ഉറങ്ങുകയില്ല." (അത്തർഗീബ് വത്തർഹീബ്, മത്വാലിബുൽ ആലിയ)

സ്ത്രീ ശാരീരികബന്ധത്തിന് തന്നെ സമർപ്പിക്കുന്നതുപോലും ഇസ്‌ലാം മതപരമായ ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നു. ഇബ്നു ഉമറി(റ)ൽനിന്ന് നിവേദനം: "സ്വന്തം ശരീരത്തെ ഭർത്താവിനു വിലക്കാതിരിക്കൽ ഭാര്യക്ക് ഭർത്താവിനോടുള്ള ബാധ്യതയാകുന്നു. അതൊരു ചെറിയ ഒട്ടകപല്ലക്കിൽ വെച്ചായാൽപോലും. നിർബന്ധ നോമ്പൊഴിച്ച് അദ്ദേഹത്തിന്റെ അനുവാദമില്ലാതെ വ്രതമനുഷ്ഠിക്കാതിരിക്കലും അവളുടെ കടമയാകുന്നു. അനുഷ്ഠിച്ചാൽ അവൾ കുറ്റക്കാരിയാകും. അതവളിൽനിന്ന് സ്വീകരിക്കപ്പെടുകയുമില്ല. ഭർത്താവിന്റെ സമ്മതമില്ലാതെ അവൾ അയാളുടെ വീട്ടിൽനിന്ന് പുറത്തുപോവരുത്. അങ്ങനെ ചെയ്താൽ അവൾ മടങ്ങുകയോ പശ്ചാത്തപിക്കുകയോ ചെയ്യുന്നതുവരെ അല്ലാഹുവും കോപത്തിന്റെ മലക്കുകളും അവളെ ശപിച്ചുകൊണ്ടിരിക്കും. അയാൾ ഒരക്രമിയാണെങ്കിൽപോലും." (അബൂദാവൂദ്, ബൈഹഖി)

ഇവ്വിധം ഇസ്‌ലാം ഭാര്യാഭർത്താക്കൻമാരുടെ പരസ്പരമുള്ള ബാധ്യതാ നിർവഹണത്തെ പ്രതിഫലാർഹമായ പുണ്യമായും അവയുടെ ലംഘനത്തെ ശിക്ഷാർഹമായ പാപമായും നിശ്ചയിച്ചിരിക്കുന്നു. സ്വർഗ-നരക നിർണയത്തിൽ ദാമ്പത്യ മര്യാദകളും മറ്റു കാര്യങ്ങളെപ്പോലെത്തന്നെ നിർണായകമായ പങ്കുവഹിക്കുന്നു.

ഏഴ്

# അയൽക്കാർ, അടുത്ത ബന്ധുക്കൾ, അതിഥികൾ

ഒരു മനുഷ്യനെ ഏറ്റവും നന്നായറിയുന്ന അന്യർ അയൽക്കാരാണ്. നമ്മോട് ഏറ്റവും അടുത്തിടപഴകുന്നവരും കൂടിക്കഴിയുന്നവരും അവർ തന്നെ. പലർക്കും ദൂരദിക്കിലുള്ള ബന്ധുക്കളേക്കാൾ അടുപ്പം അയൽക്കാരോടായിരിക്കും. സുഖദുഃഖങ്ങളിൽ പങ്കുചേരുന്നതും അവരായിരിക്കും. അയൽക്കാരുമായുള്ള ഉറ്റബന്ധത്തിന് ഇസ്‌ലാം വളരെയേറെ പ്രാധാന്യം കൽപിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആൻ തൗഹീദിനോട് ചേർത്താണ് അവരുടെ കാര്യം പറഞ്ഞത്. "നിങ്ങൾ അല്ലാഹുവിന് വണങ്ങി വഴങ്ങി ജീവിക്കുക. യാതൊന്നിനെയും അവനിൽ പങ്കുചേർക്കാതിരിക്കുക. മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുക. ബന്ധുക്കളോടും അനാഥരോടും അഗതികളോടും നന്നായി പെരുമാറുക. ബന്ധുക്കളായ അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസികളോടും സഞ്ചാരികളോടും നിങ്ങളുടെ അധീനതയിലുള്ള ദാസീ-ദാസൻമാരോടും നന്നായി വർത്തിക്കുക. അഹന്തയാൽ വഞ്ചിതരും താൻപോരിമയാൽ ഞെളിയുന്നവരുമായ ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല." (അന്നിസാഅ്: 26)

അയൽവാസിയുമായി പുലർത്തേണ്ട ബന്ധത്തെപ്പറ്റി പ്രവാചകൻ(സ) പറയുന്നു: "അയൽക്കാരൻ അനന്തരാവകാശിയായിത്തീരുമോ എന്നു തോന്നുമാറ് ജിബ്‌രീൽ അയൽക്കാരന്റെ കാര്യത്തിൽ എന്നെ ഉപദേശിച്ചുകൊണ്ടിരുന്നു." (ബുഖാരി, മുസ്‌ലിം)

നബിതിരുമേനി(സ) ഹജ്ജതുൽ വിദാഇലെ തന്റെ വിടവാങ്ങൽ പ്രസംഗത്തിലും അയൽക്കാരനോടുള്ള ബാധ്യതകളെക്കുറിച്ച് ഊന്നിപ്പറയുകയുണ്ടായി. അതിനെ സത്യവിശ്വാസവുമായാണ് അദ്ദേഹം ബന്ധിപ്പിച്ചത്. "ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ തന്റെ അയൽവാസിയെ ആദരിച്ചുകൊള്ളട്ടെ." (ബുഖാരി, മുസ്‌ലിം)

മറ്റൊരു നിവേദനമനുസരിച്ച് അവിടന്ന് അരുൾചെയ്തതിങ്ങനെയാണ്: "ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അയൽക്കാരനെ ദ്രോഹിക്കരുത്." (ബുഖാരി)

സ്വന്തത്തിന് ഇഷ്ടപ്പെടുന്നത് തന്റെ അയൽക്കാരന്നുവേണ്ടിയും ഇഷ്ടപ്പെടണമെന്ന് ഇസ്‌ലാം അനുശാസിക്കുന്നു. പ്രവാചകൻ (സ) പറയുന്നു: "ഒരാൾ തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന്ന് ഇഷ്ടപ്പെടുന്നതുവരെ സത്യവിശ്വാസിയാവുകയില്ല." (ബുഖാരി, മുസ്‌ലിം)

മറ്റൊരു നിവേദനമനുസരിച്ച് അവിടന്ന് അല്ലാഹുവിന്റെ പേരിൽ സത്യംചെയ്തുപറഞ്ഞത്, "തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ അയൽക്കാരന്നും ഇഷ്ടപ്പെടുന്നതുവരെ ഒരടിമയും സത്യവിശ്വാസിയാവുകയില്ല" എന്നാണ്. (മുസ്‌ലിം)

നബിതിരുമേനി അബൂദർറി(റ)നോട് പറഞ്ഞു: "താങ്കൾ കറിയുണ്ടാക്കുകയാണെങ്കിൽ അതിൽ വെള്ളം വർധിപ്പിച്ച് അയൽക്കാരനെക്കൂടി പങ്കാളിയാക്കുക." (മുസ്‌ലിം)

അവിടന്ന് അരുൾചെയ്യുന്നു: "അയൽവാസി വിശന്നവനായിരിക്കെ വയറു നിറയ്ക്കുന്നവൻ സത്യവിശ്വാസിയല്ല." (ത്വബ്‌റാനി)

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ)പറഞ്ഞു: "അല്ലാഹുവാണ! അയാൾ സത്യവിശ്വാസിയാവുകയില്ല. അല്ലാഹുവാണ! അയാൾ സത്യവിശ്വാസിയാവുകയില്ല. അല്ലാഹുവാണ! അയാൾ സത്യവിശ്വാസിയാവുകയില്ല!"

"അല്ലാഹുവിന്റെ ദൂതരേ, ആര്?" നബി(സ)യോട് അന്വേഷിച്ചു.

"ആരുടെ ദ്രോഹത്തിൽനിന്ന് അയൽക്കാരൻ നിർഭയനാകുന്നില്ലയോ അവൻ." പ്രവാചകൻ പ്രതിവചിച്ചു." (ബുഖാരി, മുസ്‌ലിം)

മറ്റൊരു നിവേദനമനുസരിച്ച്, "ആരുടെ ദ്രോഹങ്ങളെ സംബന്ധിച്ച് അയൽക്കാരൻ നിർഭയനാകുന്നില്ലയോ അവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്നാണ്." (മുസ്‌ലിം)

നബിതിരുമേനി(സ) അരുൾചെയ്യുന്നു: "അല്ലാഹുവിങ്കൽ ഏറ്റവും നല്ല സുഹൃത്തുക്കൾ സ്വന്തം സുഹൃത്തിനോട് നന്നായി വർത്തിച്ചവരാണ്. അല്ലാഹുവിങ്കൽ ഏറ്റവും നല്ല അയൽക്കാർ അവരിൽ തന്റെ അയൽക്കാരനോട് നന്നായി വർത്തിച്ചവരാണ്." (തിർമിദി)

അയൽക്കാരോട് ഉദാരമായി പെരുമാറണമെന്നും അവരുടെ ദ്രോഹം ക്ഷമിക്കണമെന്നും പോരായ്മകൾ പൊറുത്തുകൊടുക്കണമെന്നും ഇസ്‌ലാം ആവശ്യപ്പെടുന്നു. അയൽവാസികളുമായുള്ള ബന്ധത്തെ സത്യവിശ്വാസവുമായി ബന്ധപ്പെടുത്തി അതിനെ സുദൃഢമാക്കാൻ അനുശാസിക്കുന്നു.

## അടുത്ത ബന്ധുക്കൾ

അടുത്തബന്ധുക്കളോടുള്ള സമീപനത്തിലും ഇസ്‌ലാം സവിശേഷ ശ്രദ്ധ പുലർത്തുന്നു. പരിശുദ്ധ ഖുർആനിൽ പലയിടങ്ങളിലും അതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്.

“അല്ലാഹുവിന്റെ നിയമമനുസരിച്ച് രക്തബന്ധമുള്ളവർ അന്യോന്യം കൂടുതൽ അടുത്തവരാകുന്നു. അല്ലാഹു എല്ലാ കാര്യങ്ങളും നന്നായറിയുന്നവൻ തന്നെ; തീർച്ച.” (അൽഅൻഫാൽ: 75)

“ആരെ മുൻനിർത്തി നിങ്ങൾ അന്യോന്യം അവകാശങ്ങളും ആനുകൂല്യങ്ങളും ചോദിക്കുന്നുവോ അതേ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും സൂക്ഷിക്കുക. അല്ലാഹു നിങ്ങളെ നിരീക്ഷിക്കുന്നുണ്ട്; തീർച്ച.” (അന്നിസാഅ്: 1)

“നിങ്ങൾക്ക് അധികാരം ലഭിച്ചാൽ ഇതേ മനഃസ്ഥിതിയോടെ ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും കുടുംബബന്ധം മുറിച്ചുകളയുകയും ചെയ്യുകയോ? അത്തരക്കാരെയാണ് അല്ലാഹു ശപിച്ചത്. അങ്ങനെ അവനവരെ അന്ധരും ബധിരരുമാക്കുകയും ചെയ്തിരിക്കുന്നു.” (മുഹമ്മദ്: 22, 23)

പ്രവാചകൻ(സ) പറയുന്നു: “കുടുംബബന്ധം ദൈവികസിംഹാസനവുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. അത് പറയും: എന്നെ ചേർത്തവനുമായി അല്ലാഹു ബന്ധം സ്ഥാപിക്കും. എന്നെ മുറിച്ചുകളയുന്നവനുമായി അല്ലാഹു ബന്ധം വിഛേദിക്കുകയും ചെയ്യും.” (ബുഖാരി, മുസ്‌ലിം)

“ഏറ്റവും വേഗം പരലോകത്ത് പ്രതിഫലം ലഭിക്കുക കുടുംബബന്ധം ചേർക്കുന്നതിനും ദാനം നൽകുന്നതിനുമാണ്. ഏറ്റവും വേഗം ശിക്ഷകിട്ടുക കുടുംബബന്ധം മുറിക്കുന്നതിനും അക്രമത്തിനുമാണ്.”

അവിടന്ന് അരുൾചെയ്യുന്നു: “കുടുംബബന്ധം മുറിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല.” (ബുഖാരി, മുസ്‌ലിം)

“ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ കുടുംബബന്ധം ചേർത്തുകൊള്ളട്ടെ.” (ബുഖാരി, മുസ്‌ലിം)

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: ഒരാൾ നബി(സ)യോട് പറഞ്ഞു: “അല്ലാഹുവിന്റെ ദൂതരേ, എനിക്ക് ചില ബന്ധുക്കളുണ്ട്. ഞാൻ

അവരുമായി ബന്ധം സ്ഥാപിക്കുന്നു. എന്നിട്ടും അവരെന്നോട് ബന്ധം മുറിക്കുന്നു. ഞാൻ അവരോട് ഉദാരമായി പെരുമാറുന്നു. അവരെന്നോട് മോശമായി പെരുമാറുന്നു. ഞാൻ അവർക്കു വേണ്ടി ക്ഷമിക്കുന്നു. എങ്കിലും അവരെന്നോട് അവിവേകം കാണിക്കുന്നു. അപ്പോൾ അവിടന്ന് പറഞ്ഞു: താങ്കൾ വിവരിച്ചപോലെയാണ് സ്ഥിതിയെങ്കിൽ താങ്കള വരെ വെണ്ണീർതീറ്റുന്നപോലെയാണ്. താങ്കൾ ഈ അവസ്ഥ തുടരുവോളം അല്ലാഹുവിങ്കൽനിന്നുള്ള ഒരു സഹായി താങ്കളോടൊപ്പമുണ്ടായിരിക്കും." (മുസ്‌ലിം)

അടുത്ത ബന്ധുക്കൾക്ക് ധനം ദാനം നൽകണമെന്ന് ഇസ്‌ലാം ആവശ്യപ്പെടുന്നു. അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നു: "നീതി നടത്തുക, നൻമ ചെയ്യുക, അടുത്തബന്ധുക്കൾക്ക് ചെലവഴിക്കുക -ഇതെല്ലാമാണ് അല്ലാഹു കൽപിച്ചിരിക്കുന്നത്." (അന്നഹ്ൽ: 90)

"അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴി യാത്രക്കാർക്കും സഹായാർഥികൾക്കും ബന്ധിതരുടെ മോചനത്തിനും നിങ്ങളുടെ പ്രിയംകരമായ ധനം ചെലവഴിക്കലാണ് പുണ്യകർമം."(അൽബഖറ: 177)

"അടുത്ത ബന്ധുക്കൾക്ക് അവരുടെ അവകാശം നൽകുക." (അൽ ഇസ്റാഅ്: 26)

"സ്വത്തുഭാഗത്തിന്റെ സന്ദർഭത്തിൽ അവകാശികളല്ലാത്ത അടുത്ത ബന്ധുക്കളും അഗതികളും സന്നിഹിതരായാൽ അവർക്കും അതിൽനിന്ന് വല്ലതും നൽകുകയും അവരോട് നല്ലവാക്ക് പറയുകയും ചെയ്യുക." (അന്നിസാഅ്: 8)

പ്രവാചകൻ(സ) പറയുന്നു: "എന്നെ സത്യവുമായി നിയോഗിച്ചവനെക്കൊണ്ട് സത്യം! ആരെങ്കിലും തന്റെ ധനം ആവശ്യമുള്ള അടുത്ത ബന്ധുക്കളുണ്ടായിരിക്കെ അത് മറ്റുള്ളവർക്ക് നൽകിയാൽ ആ ദാനം അല്ലാഹു അംഗീകരിക്കുകയില്ല. എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനാണ് സത്യം, അയാളെ അന്ത്യദിനത്തിൽ അല്ലാഹു നോക്കുകയില്ല." (ത്വബ്റാനി)

"ദരിദ്രന്നുള്ള ദാനം ഒരു പ്രതിഫലം നൽകുമ്പോൾ അടുത്ത ബന്ധുവിനുള്ള ദാനം രണ്ടു പ്രതിഫലം ഉറപ്പുവരുത്തുന്നു. ദാനത്തിന്റെ പ്രതിഫലവും ബന്ധം ചേർത്തതിന്റെ പ്രതിഫലവും." (തിർമിദി)

കുടുംബബന്ധം മുറിക്കുന്നവന്ന് ഐഹികജീവിതത്തിൽ അനുഗ്രഹം ലഭിക്കില്ലെന്നും അയാളുടെ പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടുകയില്ലെന്നും പ്രവാചകൻ പഠിപ്പിക്കുന്നു. ഇങ്ങനെ അടുത്ത ബന്ധുക്കളോടുള്ള ബന്ധത്തെ ഇസ്‌ലാം സത്യവിശ്വാസവുമായും സ്വർഗ-നരകവുമായും ബന്ധിപ്പിച്ചിരിക്കുന്നു.

## അതിഥി സൽക്കാരം

അടുത്ത ബന്ധുക്കളെയും അയൽക്കാരെയും പോലെ അഗതികളെയും ആദരിക്കണമെന്ന് ഇസ്‌ലാം അനുശാസിക്കുന്നു. പ്രവാചകൻ(സ) പറയുന്നു: “ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അതിഥിയെ ആദരിക്കട്ടെ.” (ബുഖാരി, മുസ്‌ലിം)

അതിഥിയെ മൂന്ന് ദിവസം വരെ പരിഗണിക്കാൻ ആതിഥേയൻ ബാധ്യസ്ഥനാണെന്ന് നബി(സ) പഠിപ്പിക്കുന്നു. (ബുഖാരി)

“അതിഥിയെ സ്വീകരിക്കാത്തവന്ന് നൻമ വരില്ലെ”ന്നും അവിടന്ന് അരുൾ ചെയ്തു. (അഹ്മദ്)

നബിതിരുമേനിയും അനുചരൻമാരും അതിഥി സൽക്കാരത്തിന് അതിയായ പ്രാധാന്യം കൽപിച്ചിരുന്നു. സ്വയം പട്ടിണി കിടന്നും വിശപ്പ് സഹിച്ചും അതിഥികളെ ആഹരിപ്പിക്കുക പതിവായിരുന്നു. പ്രവാചക സന്നിധിയിൽ വന്ന ഒരതിഥിയെ ഇവ്വിധം സ്വയം ആഹാരമുപേക്ഷിച്ച് ഭക്ഷിപ്പിച്ച കുടുംബത്തെ അല്ലാഹു വിശുദ്ധ ഖുർആനിൽ ഇങ്ങനെ വാഴ്ത്തുകയുണ്ടായി: “സ്വയം ആവശ്യമുണ്ടായിരിക്കെത്തന്നെ അവർ തങ്ങളെക്കാൾ മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു. സ്വമനസ്സിന്റെ സങ്കുചിതത്വത്തിൽനിന്ന് മുക്തരാകുന്നവരാരോ അവരത്രേ വിജയം വരിക്കുന്നവർ.” (അൽഹശ്ർ: 9)

അതിഥികളെ ആദരിക്കുന്നത് പുണ്യകർമമാണെന്നതുപോലെത്തന്നെ അവരെ അവഗണിക്കുന്നത് അപരാധവുമാണ്. രണ്ടാളുടെ ഭക്ഷണം മൂന്നാൾക്കും മൂന്നാളുടേത് നാലാൾക്കും അഞ്ചാൾക്കുമൊക്കെ ആക്കിയെങ്കിലും അതിഥികളെ സൽക്കരിക്കണമെന്ന് ഇസ്‌ലാം ആവശ്യപ്പെടുന്നു. ഇങ്ങനെ ഇസ്‌ലാം അതിഥിയോടുള്ള സമീപനത്തെയും മതത്തിന്റെ അവിഭാജ്യഘടകമാക്കിയിരിക്കുന്നു.

## എട്ട്

# അനാഥർ, അഗതികൾ, അടിയാളർ

**അ**ടിയാളരെ മോചിപ്പിക്കൽ, അവശർക്ക് ആശ്വാസമേകൽ, അശരണർക്ക് അഭയം നല്കൽ, അനാഥരെ ആദരിക്കൽ, അഗതികൾക്കുള്ള അന്നദാനം, കഷ്ടപ്പെടുന്നവരെ സഹായിക്കൽ, മർദിതരെ രക്ഷിക്കൽ ഇവയൊക്കെ ഇസ്‌ലാമിക വീക്ഷണത്തിൽ, ആരാധനാ കർമങ്ങളെപ്പോലെ അതിവിശിഷ്ട കർമങ്ങളാണ്; മതപരമായ ബാധ്യതകളാണ്.

ഖുർആൻ പ്രഖ്യാപിക്കുന്നു: “പരലോക രക്ഷാ ശിക്ഷകളെ നിഷേധിക്കുന്നവനെ നീ കണ്ടിട്ടുണ്ടോ? അവൻ അനാഥയെ അവഗണിക്കുന്നവനാണ്; അഗതിക്ക് ആഹാരം നൽകാൻ പ്രേരിപ്പിക്കാത്തവനും.”(അൽമാഊൻ: 1-3)

അല്ലാഹു ആജ്ഞാപിക്കുന്നു: “അനാഥയോട് പരുഷമായി പെരുമാറരുത്. യാചകനെ ആട്ടിയകറ്റരുത്.”(അദ്ദുഹാ: 9, 10)

“നിങ്ങൾ അനാഥനോട് ആദരവോടെ വർത്തിക്കുന്നില്ല. അഗതിക്ക് അന്നം കൊടുക്കാൻ പരസ്പരം പ്രേരിപ്പിക്കുന്നുമില്ല” (അൽഫജ്ർ: 17, 18). നരകാവകാശികൾ തങ്ങളെ അവിടെയെത്തിച്ച കാരണങ്ങൾ വിവരിക്കുന്നതിങ്ങനെയാണ്: “ഓരോ മനുഷ്യനും അവൻ നേടിയതിനു പണയമാകുന്നു. വലതു പക്ഷമൊഴികെ. അവർ സ്വർഗത്തിലാകുന്നു. കുറ്റവാളികളോടവർ ചോദിക്കും: നിങ്ങളെ നരകത്തിലെത്തിച്ചതെന്താണ്? അവർ പറയും: ഞങ്ങൾ നമസ്കരിക്കുന്നവരായിരുന്നില്ല. അഗതികൾക്ക് അന്നം നൽകിയിരുന്നില്ല. സത്യത്തിന്നെതിരെ വാദം ചമയ്ക്കുന്നവരോട് ഞങ്ങൾ പങ്കു ചേർന്നു. പ്രതിഫലദിനത്തെ ഞങ്ങൾ കളവാക്കിയിരുന്നു. അങ്ങനെ ആ സത്യം ഞങ്ങൾ നേരിട്ടറിഞ്ഞു.” (അൽമുദ്ദസിർ: 38-47)

“കർമ പുസ്തകം ഇടതു കൈയിൽ നല്കപ്പെടുന്നവനോ, അവൻ പറയുന്നു: ഹാ! എനിക്കെന്റെ കർമ പുസ്തകം കിട്ടിയിരുന്നില്ലെങ്കിൽ! ഞാനെന്റെ കണക്കെന്തെന്നറിഞ്ഞിരുന്നില്ലെങ്കിൽ! മരണത്തോടെ എല്ലാം കഴിഞ്ഞിരുന്നെങ്കിൽ! എന്റെ ധനമിന്നെനിക്കൊട്ടും ഉപകരിക്കുന്നില്ല. എന്റെ അധികാരങ്ങളൊക്കെയും അവസാനിച്ചു. (അപ്പോൾ അല്ലാഹുവിന്റെ ആജ്ഞ) അവനെ പിടികൂടുക. എന്നിട്ട് ചങ്ങലയിൽ ബന്ധിക്കുക. പിന്നെ നരകത്തിലെറിയുക. തുടർന്ന് അവനെ എഴുപത് മുഴം നീളമുള്ള ചങ്ങലയിൽ ബന്ധിക്കുക. അവൻ അത്യുന്നതനായ അല്ലാഹുവിൽ വിശ്വസിച്ചിരുന്നില്ല. അഗതികൾക്ക് അന്നം നൽകാൻ പ്രേരിപ്പിച്ചിരുന്നുമില്ല. അതിനാൽ ഇന്നിവിടെ അവനോട് അനുകമ്പയുള്ള ഒരു മിത്രവുമില്ല. വ്രണങ്ങളുടെ മാലിന്യങ്ങളല്ലാതെ ഒരാഹാരവുമില്ല. കുറ്റവാളികളല്ലാതെ അത് തിന്നുകയില്ല.” (അൽഹാഖ: 25-37)

കൊടിയ നരകശിക്ഷയ്ക്ക് കാരണമായി, അല്ലാഹുവിലുള്ള അവിശ്വാസം, പരലോക നിഷേധം, നമസ്കാരമുപേക്ഷിക്കൽ എന്നിവയോട് ചേർത്താണ് ഖുർആൻ അഗതിക്ക് ആഹാരം നൽകാത്തതിനെയും നൽകാൻ പ്രേരിപ്പിക്കാത്തതിനെയും പറഞ്ഞിരിക്കുന്നത്. അഥവാ, ഈമാൻ കാര്യം പോലെയും ഇസ്‌ലാം കാര്യം പോലെയും പ്രധാനമാണ് അഗതിക്കുള്ള അന്നദാനവും അതിനുള്ള പരസ്പര പ്രേരണയും.

സമ്പന്നന്റെ വശമുള്ള ധനം പ്രത്യക്ഷത്തിൽ അവന്റേതാണെങ്കിലും അതിൽ സമൂഹത്തിലെ അവശരും അഗതികളും അവകാശികളാണ്. അല്ലാഹു പറയുന്നു: “ബന്ധുവിന്ന് അവന്റെ അവകാശം നൽകണം. ദരിദ്രന്നും സഞ്ചാരിക്കും അവരുടെ അവകാശവും നൽകണം. ദുർവ്യയം അരുത്.” (അൽ ഇസ്റാഅ്: 26)

“ബന്ധുജനത്തിന്ന് അവരുടെ അവകാശം നൽകുക; അഗതികൾക്കും യാത്രക്കാർക്കും അവരുടെ അവകാശവും. ഇതത്രെ ദൈവപ്രീതി പ്രതീക്ഷിക്കുന്നവർക്കുള്ള പ്രകൃഷ്ട പാത. അവർ തന്നെയാണ് വിജയം വരിക്കുന്നവർ.” (അർറൂം: 38)

പുണ്യം എന്തെന്ന് വിശുദ്ധ ഖുർആൻ വിശകലനം ചെയ്യുന്നതിങ്ങനെയാണ്: “നിങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ മുഖം തിരിക്കുക എന്നതല്ല പുണ്യം. മനുഷ്യൻ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദത്തിലും പ്രവാചകൻമാരിലും ആത്മാർഥമായി വിശ്വസിക്കുകയും അല്ലാഹുവോടുള്ള പ്രിയത്തിന്റെ പേരിൽ ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും യാത്രക്കാർക്കും സഹായമർഥിക്കുന്നവർക്കും അടിമമോചനത്തിനും തന്റെ ഇഷ്ടധനം ചെലവഴിക്കുകയും നമസ്കാരം നിലനിർത്തുകയും സകാത് നൽകുകയും ചെയ്യലാണ് പുണ്യം.”(അൽബഖറ: 177)

ഇവിടെയും ബന്ധുക്കൾക്കും അഗതികൾക്കും അനാഥർക്കും അടിയാളർക്കുമൊക്കെയുള്ള ധനദാനം ഈമാൻ കാര്യങ്ങളുടെയും ഇസ്‌ലാം കാര്യങ്ങളുടെയും ഇടയിലാണുൾപ്പെടുത്തിയത്. മാത്രമല്ല, സകാതിന് പുറമേയുള്ള കാര്യമാണതെന്ന് വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു.

ധനവ്യയമെന്തിനു വേണ്ടിയെന്ന് വിശുദ്ധ ഖുർആൻ ഇങ്ങനെ വിവരിക്കുന്നു: “ജനം താങ്കളോട് ചോദിക്കുന്നു: അവരെന്താണ് ചെലവഴിക്കേണ്ടതെന്ന്? അവരോട് പറയുക: നിങ്ങൾ ചെലവു ചെയ്യുന്ന ധനം മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും വഴിയാത്രക്കാർക്കും വേണ്ടിയായിരിക്കട്ടെ. നിങ്ങളെന്തു ധർമം ചെയ്താലും അതൊക്കെയും അല്ലാഹു അറിയുന്നുണ്ട്.”(അൽബഖറ: 215)

സ്വർഗം സമ്പാദിക്കുന്ന വലതുപക്ഷത്തെ അല്ലാഹു പരിചയപ്പെടു

ത്തുന്നതിങ്ങനെയാണ്: "താൻ ധാരാളം ധനം തുലച്ചിട്ടുണ്ടെന്ന് അവൻ അവകാശപ്പെടുന്നുവല്ലോ. തന്നെ ആരും കണ്ടിട്ടില്ലെന്നാണോ അവന്റെ വിചാരം? നാമവന്ന് കണ്ണിണകൾ നൽകിയില്ലേ? നാവും ചുണ്ടിണകളും കൊടുത്തില്ലേ? സുവ്യക്തമായ രണ്ടു സരണികൾ കാണിച്ചുകൊടുക്കുകയും ചെയ്തില്ലേ? എന്നിട്ടുമവൻ ദുർഘടമാർഗം താണ്ടാൻ തയ്യാറായില്ല. ദുർഘട പാതയേതെന്ന് നിനക്കെന്തറിയാം? അത് അടിയാളന്റെ മോചനമാണ്. അല്ലെങ്കിൽ കടുത്ത വറുതിയുടെ നാളിലെ അന്നദാനം നിർവഹിക്കൽ. ബന്ധുവായ അനാഥയ്ക്ക്; അല്ലെങ്കിൽ വശംകെട്ട അഗതിക്ക്; പിന്നെ അവൻ വിശ്വാസം സ്വീകരിച്ചവരും ക്ഷമയും കാരുണ്യവും പരസ്പരം ഉപദേശിക്കുന്നവരുമായ ജനവിഭാഗത്തിലുൾപ്പെടുക എന്നതും. ഇവരത്രേ വലതുപക്ഷം."(അൽബലദ്: 6-18)

സ്വർഗം അവർക്കുതന്നെ. ഖുർആൻ പറയുന്നു: "സജ്ജനങ്ങളോ, അവർ സ്വർഗത്തിൽ കർപ്പൂരം ചേർത്ത ചഷകങ്ങളിൽനിന്ന് പാനം ചെയ്യുന്നതാകുന്നു. അത് ഒഴുകിക്കൊണ്ടിരിക്കുന്ന ഉറവിടമായിരിക്കും. ദൈവദാസന്മാർ അതിലെ തെളിനീർ പാനം ചെയ്യുന്നു. അവർ ഉദ്ദേശിക്കുന്നേടത്ത് അതിന്റെ കൈവഴികൾ അനായാസം ഒഴുക്കുകയും ചെയ്യുന്നു. അവർ ഭൂമിയിൽവെച്ച് നേർച്ചകൾ നിർവഹിക്കുകയും സമഗ്ര സ്പർശിയായ വിപത്തിന്റെ നാളിനെ ഭയപ്പെടുകയും ചെയ്യുന്നവരത്രേ. അവർ ദൈവസ്നേഹത്താൽ അഗതികൾക്കും അനാഥർക്കും ബന്ധിതർക്കും അന്നം നൽകുന്നു. അവർ പറയുന്നു: അല്ലാഹുവിന്റെ പ്രീതി പ്രതീക്ഷിച്ച് മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരമേകുന്നത്. നിങ്ങളിൽനിന്ന് എന്തെങ്കിലും പ്രതിഫലമോ നന്ദിപ്രകടനമോ ഞങ്ങളാഗ്രഹിക്കുന്നില്ല."(അദ്ദഹ്ർ: 5-9)

അല്ലാഹുവിനുള്ള അതിശ്രേഷ്ഠമായ ആരാധനയാണല്ലോ സകാത്. അതിന്റെ അവകാശികളും സമൂഹത്തിലെ കഷ്ടപ്പെടുന്നവർതന്നെ. "നിർബന്ധ ദാനം പാവങ്ങൾ, അഗതികൾ, സകാത് ജോലിക്കാർ, മനസ്സുകൾ ഇണക്കപ്പെടേണ്ടവർ എന്നിവർക്കും അടിമത്ത മോചനത്തിനും

കടക്കാരെ സഹായിക്കുന്നതിനും ദൈവികമാർഗത്തിനും സഞ്ചാരികളെ സേവിക്കുന്നതിനും മാത്രമുള്ളതാണ്. ഇത് അല്ലാഹു നിർദേശിച്ച ബാധ്യ തയാകുന്നു. അല്ലാഹു സർവജ്ഞനും യുക്തിമാനുമല്ലോ."(അത്തൗബ: 60)

സമരാർജിത സമ്പത്തിന്റെ അവകാശികളിലും അവരുൾപ്പെടുന്നു. "നിങ്ങൾ അറിഞ്ഞിരിക്കുക: നിങ്ങൾ നേടിയ യുദ്ധമുതൽ എന്തായിരി ക്കട്ടെ, അതിന്റെ അഞ്ചിലൊന്ന് അല്ലാഹുവിന്നും അവന്റെ ദൂതന്നും ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും സഞ്ചാരികൾക്കും ഉള്ളതാകുന്നു." (അൽ അൻഫാൽ: 41)

"നഗരവാസികളിൽനിന്ന് അല്ലാഹു തന്റെ ദൂതന്ന് തിരിച്ചുകൊടുത്തി ട്ടുള്ളതെന്തും അല്ലാഹുവിനും ദൂതന്നും ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും സഞ്ചാരികൾക്കും ഉള്ളതാകുന്നു. ധനം നിങ്ങളിലെ ധനി കരിൽ മാത്രം കറങ്ങാതിരിക്കാനാണിത്." (അൽഹശ്ർ: 7)

അഗതികൾക്ക് വിഹിതം നൽകാതിരിക്കാനായി തോട്ടത്തിലെ പഴം പുലരും മുമ്പെ പറിക്കാൻ തീരുമാനിച്ച ഒരു വിഭാഗത്തിന് ഭവിച്ച വിപത്ത് വിശുദ്ധ ഖുർആൻ ഇങ്ങനെ വിവരിക്കുന്നു: "ഇവരെ നാം ഒരു പരീക്ഷ ണത്തിലകപ്പെടുത്തിയിരിക്കുന്നു. തോട്ടക്കാരെ പരീക്ഷണത്തിലകപ്പെ ടുത്തിയ പോലെ. അവർ ശപഥം ചെയ്തപ്പോൾ: 'തീർച്ചയായും നാം പുലർകാലത്തുതന്നെ നമ്മുടെ തോട്ടത്തിലെ പഴങ്ങൾ പറിച്ചെടുക്കും.' അവർ ഒഴിവൊന്നും പറഞ്ഞില്ല. രാത്രിയിൽ അവർ ഉറക്കിലായിരിക്കെ നിന്റെ നാഥനിൽനിന്നുള്ള വിപത്ത് ആ തോട്ടത്തെ ബാധിച്ചു. അപ്പോ ഴത് കൊയ്ത്തു കഴിഞ്ഞ വയൽ പോലെയായിത്തീർന്നു. പ്രഭാതത്തില വർ തമ്മിൽ തമ്മിൽ വിളിച്ചു. ഫലം പറിക്കണമെന്നുണ്ടെങ്കിൽ രാവിലെ നേരത്തെതന്നെ കൃഷിയിടത്തിലേക്ക് പുറപ്പെടുവിൻ. അങ്ങനെ അവർ പുറപ്പെട്ടു. ഇന്ന് ദരിദ്രവാസികളാരും തോട്ടത്തിൽ പ്രവേശിക്കാനിടവര രുതെന്ന് അവർ പരസ്പരം സ്വകാര്യം പറഞ്ഞു. ദരിദ്രവിഭാഗത്തിന് ഒന്നും നൽകരുതെന്ന് തീരുമാനിച്ചുകൊണ്ട് അതിരാവിലെ അവരങ്ങോട്ടു പോയി; തങ്ങൾ കരുത്തരാണെന്ന വിധം. തോട്ടം കണ്ടപ്പോഴോ അവർ വിലപിച്ചു തുടങ്ങി: നമുക്ക് വഴിപിഴച്ചിരിക്കുന്നു, അല്ല നമുക്ക് നഷ്ടപ്പെട്ടുപോയിരി ക്കുന്നു."(അൽഖലം: 17, 27)

പല പിഴവുകൾക്കും പാപങ്ങൾക്കും ഇസ്‌ലാം നിശ്ചയിച്ച പ്രായ ശ്ചിത്തം അടിയാളരുടെ മോചനവും അഗതികൾക്കുള്ള അന്നദാനവു മത്രേ. (അൽ മാഇദ: 89, 95, അന്നിസാഅ്: 92, അൽ മുജാദില: 3, 4 എന്നിവ കാണുക.)

അനാഥരുടെ ധനം അവിഹിതമായി നേടരുതെന്ന് ഇസ്‌ലാം കണിശ മായി കൽപിക്കുന്നു: "അനാഥരുടെ സ്വത്ത് നിങ്ങളവർക്ക് തിരിച്ചുകൊടു ക്കണം. നല്ല ധനത്തെ ചീത്ത ധനമാക്കി മാറ്റാതിരിക്കുക. നിങ്ങൾ അവ

രുടെ സ്വത്ത് സ്വന്തം സ്വത്തിനോട് ചേർത്ത് ആഹരിക്കരുത്. അത് അതി ഗുരുതരമായ അപരാധമാണ്." (അന്നിസാഅ്: 2)

"നിങ്ങൾ നല്ല നിലയിലല്ലാതെ അനാഥരുടെ സ്വത്തിനെ സമീപിക്കരുത്." (അൽഅൻആം: 152, അൽഇസ്റാഅ്: 34)

അനാഥരോടും അഗതികളോടും നല്ല നിലയിൽ വർത്തിക്കണമെന്നും അല്ലാഹു അനുശാസിക്കുന്നു: "നിങ്ങൾ അല്ലാഹുവിനെ വണങ്ങി വഴങ്ങി ജീവിക്കുക. ഒന്നിനെയും അവനിൽ പങ്കു ചേർക്കാതിരിക്കുക. മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുക. ബന്ധുക്കളോടും അനാഥരോടും അഗതികളോടും നന്നായി പെരുമാറുക.''(അന്നിസാഅ്: 36)

"അല്ലാഹുവിന്നല്ലാതെ നിങ്ങൾ ഇബാദത്ത് ചെയ്യരുത്. മാതാപിതാക്കളോടും ബന്ധുക്കളോടും അനാഥരോടും അഗതികളോടും നിങ്ങൾ നന്നായി വർത്തിക്കണം. ജനത്തോട് ഉത്തമമായതു പറയണം, നമസ്കാരം നിലനിർത്തണം, സകാത് നൽകണം; എന്നെല്ലാം ഇസ്രായേൽ മക്കളിൽനിന്ന് നാം ദൃഢപ്രതിജ്ഞ വാങ്ങിയിട്ടുണ്ടായിരുന്നു."(അൽബഖറ: 83)

അനാഥകളോടുള്ള സമീപനം അവർക്ക് ഏറ്റം ഗുണകരമാം വിധമാവണമെന്ന് ഖുർആൻ നിഷ്കർഷിക്കുന്നു: "അനാഥകളോട് എങ്ങനെ വർത്തിക്കണമെന്ന് നിന്നോടവർ ചോദിക്കുന്നു. പറയുക: എങ്ങനെ വർത്തിക്കുന്നതാണോ അവർക്കുത്തമം അവ്വിധമാവലാണ് ശ്രേഷ്ഠം."(അൽബഖറ: 220)

അന്യായമായി അനാഥരുടെ ധനം ആഹരിക്കുന്നവരുടെ അവസ്ഥ അത്യന്തം അപകടകരമത്രേ: "അനാഥരുടെ മുതൽ അന്യായമായി തിന്നുന്നവർ തങ്ങളുടെ വയറുകളിൽ നിറയ്ക്കുന്നത് യഥാർഥത്തിൽ തീ മാത്രമാണ്. ആളിക്കത്തുന്ന അഗ്നിയിലവർ വേവുകതന്നെ ചെയ്യും." (അന്നിസാഅ്: 10)

പിതൃത്വത്തിന്റെ പരിരക്ഷണം നഷ്ടമായ അനാഥയ്ക്ക് അനാഥത്വം അനുഭവിക്കാതിരിക്കാൻ അവരെ സ്നേഹപൂർവം സംരക്ഷിക്കണമെന്ന് ഇസ്ലാം കൽപിക്കുന്നു. നബി തിരുമേനി, തന്റെ ചൂണ്ടുവിരലും തള്ളവിരലും വിടർത്തി ഉയർത്തിക്കാണിച്ചുകൊണ്ട് പറഞ്ഞു: "ഞാനും അനാഥയെ സംരക്ഷിക്കുന്നവനും സ്വർഗത്തിൽ ഇവ്വിധമായിരിക്കും."(ബുഖാരി, അബൂദാവൂദ്, തിർമിദി)

അവിടന്ന് അരുൾചെയ്യുന്നു: "മുസ്ലിംകൾക്കിടയിൽനിന്ന് അനാഥയെ ആഹാര പാനീയങ്ങൾക്ക് കൂടെക്കൂട്ടുന്നവനെ അല്ലാഹു എന്തുതന്നെയായാലും എന്നെന്നും സ്വർഗത്തിൽ പ്രവേശിപ്പിക്കും. പൊറുക്കപ്പെടാത്ത പാപം ചെയ്യുന്നില്ലെങ്കിൽ."(തിർമിദി)

വാത്സല്യത്തോടെ അനാഥയുടെ തലതടവി അവന്ന് ആശ്വാസമേക

ണമെന്ന് പ്രവാചകൻ കല്പിക്കുന്നു: "നീ അനാഥയെ തലോടുക. അഗതിയെ ആഹരിപ്പിക്കുക."(അഹ്മദ്)

അശരണർക്ക് ആശ്വാസമേകൽ അല്ലാഹുവിന്റെ മാർഗത്തിലെ സമരം പോലെ പുണ്യകരമത്രേ. നബിതിരുമേനി അറിയിക്കുന്നു: "വിധവയ്ക്കും അഗതിക്കും വേണ്ടി അധ്വാനിക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവനെപ്പോലെയാണ്."(ബുഖാരി)

മർദിതരുടെ അവകാശ സംരക്ഷണത്തിന് ഇസ്‌ലാം അതിയായ പ്രാധാന്യം കൽപിക്കുന്നു. നബി തിരുമേനി അരുൾചെയ്യുന്നു: "എല്ലാ കാലുകളും തെന്നി നരകത്തിൽ പതിക്കുന്ന ദിവസം മർദിതനോടൊത്ത് അവന്റെ അവകാശം നേടിക്കൊടുത്തവന്റെ ഇരുകാലുകളും പതറാതെ ഉറച്ചുനിൽക്കും."

സമൂഹത്തിന്റെ വിവിധ തലങ്ങളിൽ വിഷമമനുഭവിക്കുന്നവർക്കെല്ലാം ആശ്വാസമേകൽ മതപരമായ ബാധ്യതയാണെന്നർഥം.

ഒമ്പത്

# സാമൂഹിക ജീവിതത്തിൽ

**സാ**മൂഹിക ജീവിതത്തിന്റെ ഭദ്രതയ്ക്ക് ഇസ്‌ലാം വളരെയേറെ പ്രാധാന്യം കൽപിച്ചിരിക്കുന്നു. സ്വസ്ഥവും സുഗമവും സമാധാനപരവുമായ സാമൂഹിക ജീവിതത്തിനാവശ്യമായ നിയമനിർദേശങ്ങൾ അത് നൽകിയിട്ടുണ്ട്. സാമൂഹികഭദ്രതയ്ക്ക് ഹാനിവരുത്തുന്നതൊക്കെയും ഇസ്‌ലാമിക വീക്ഷണത്തിൽ ഹീനവും നിഷിദ്ധവുമാണ്. ജീവിതവിജയത്തിനും സ്വർഗലബ്ധിക്കും സാമൂഹിക മര്യാദകളുടെ പാലനം അനിവാര്യമാണ്. അവയുടെ ലംഘനം നരകപ്രവേശത്തിന് കാരണമാവും. ആരാധനാനുഷ്ഠാനങ്ങളുടെ നിർവഹണം പോലെ സാമൂഹിക ബാധ്യതകളുടെ പൂർത്തീകരണവും ഇസ്‌ലാമിൽ പരമപ്രധാനമാണ്.

## പരസ്പര സ്നേഹം

സ്നേഹമെന്ന ശബ്ദം പോലും സുന്ദരമാണ്. അത് കിട്ടണമെന്ന് കൊതിക്കാത്ത ആരുമില്ല. മറ്റുള്ളവർക്ക് പകർന്നുകൊടുക്കാൻ പിശുക്കു കാണിക്കുന്നവർ പോലും അന്യരിൽനിന്ന് സ്നേഹം പ്രതീക്ഷിക്കുന്നു. ജീവൻ നിലനിർത്താൻ ദാഹജലമെന്നപോലെ സാമൂഹികബന്ധങ്ങൾ കിളിർക്കാൻ സ്നേഹത്തിന്റെ നീരുറവ നിർബന്ധമത്രേ.

സ്നേഹം ഹൃദയ കവാടങ്ങൾ തുറക്കാനുള്ള താക്കോലാണ്. ആയുധങ്ങൾകൊണ്ട് അധീനപ്പെടുത്താനാവാത്തവരെ സ്നേഹപൂർവമായ പെരുമാറ്റത്തിലൂടെ കീഴ്പെടുത്താൻ കഴിയും. അളക്കാനാവാത്ത വിധം അപാരമാണ് സ്നേഹത്തിന്റെ ശക്തി.

മനസ്സു നിറയെ സ്നേഹവുമായി ജീവിക്കാൻ സാധിക്കുന്നവരാണ് സത്യവിശ്വാസികൾ. അവരത് എല്ലാവർക്കും ലോഭലേശമന്യേ നൽകേണ്ടതുണ്ട്. സാമൂഹിക ബന്ധത്തെ സുദൃഢമാക്കുന്ന സ്നേഹത്തിന്റെ തീവ്രതയും ഊഷ്മളതയും വിശ്വാസത്തിന്റെ കരുത്തുമായാണ് ബന്ധപ്പെട്ടുനിൽക്കുന്നത്. പ്രവാചകൻ പറയുന്നു: “നിങ്ങൾ സത്യവിശ്വാസികളാകുന്നതുവരെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പരം സ്നേഹിക്കുന്നതുവരെ സത്യവിശ്വാസികളാവുകയുമില്ല.”(മുസ്‌ലിം)

“പരസ്പരമുള്ള സ്നേഹം, കരുണ, ദയാവാത്സല്യം എന്നിവയിൽ സത്യവിശ്വാസികൾ ഒരു ശരീരം പോലെയാണ്. ശരീരത്തിന്റെ ഒരവയവത്തിന് വേദന വന്നാൽ ഇതര ഭാഗങ്ങളെല്ലാം ഉറക്കമൊഴിച്ചും പനിച്ചും അതിൽ പങ്കുചേരുന്നു.”(ബുഖാരി, മുസ്‌ലിം)

“തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന് ഇഷ്ടപ്പെടുന്നതുവരെ

നിങ്ങളിലാരും സത്യവിശ്വാസിയാവുകയില്ല."(ബുഖാരി, മുസ്‌ലിം)

## വിനയം

സാമൂഹിക ബന്ധങ്ങൾ വിളക്കിയെടുക്കുന്നതിൽ വിനയം വിസ്മയകരമായ പങ്കുവഹിക്കുന്നു. അഹങ്കാരികളുമായി അടുക്കാൻ ആർക്കും കഴിയില്ല. വിനീതരാകട്ടെ, വിരുദ്ധ വീക്ഷണക്കാരെപ്പോലും വശീകരിക്കുന്നു. അതുകൊണ്ടുതന്നെ ഇസ്‌ലാം വിനയത്തിന് വമ്പിച്ച പ്രാധാന്യം കൽപിച്ചിരിക്കുന്നു. സ്വഭാവത്തിലും സമീപനത്തിലും പ്രകൃതത്തിലും പെരുമാറ്റത്തിലും മാത്രമല്ല; നടത്തത്തിലും സംസാരത്തിലുമെല്ലാം വിനയം വേണമെന്ന് അതനുശാസിക്കുന്നു. അല്ലാഹു ആജ്ഞാപിച്ചു:

"നീ ജനങ്ങളിൽനിന്ന് മുഖം തിരിച്ച് സംസാരിക്കരുത്. ഭൂമിയിൽ അഹങ്കരിച്ചു നടക്കരുത്. അഹന്ത കാട്ടുകയും പൊങ്ങച്ചം നടിക്കുകയും ചെയ്യുന്ന ആരെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല. നിന്റെ നടത്തത്തിൽ മിതത്വം പാലിക്കുക. ശബ്ദം നിയന്ത്രിക്കുക. ഒച്ചകളിലേറ്റം അരോചകം കഴുതയുടെ ശബ്ദമാണല്ലോ."(ലുഖ്മാൻ: 18, 19)

"അല്ലാഹുവിന്റെ ഇഷ്ടദാസന്മാർ ഭൂമിയിലൂടെ വിനയത്തോടെ നടക്കുന്നവരാണ്."(അൽഫുർഖാൻ: 63)

പ്രവാചകൻ പറയുന്നു: "ആരും ആരെയും അക്രമിക്കാതിരിക്കുമാറ്, ആരും ആരുടെ മേലും അഹന്ത നടിക്കാതിരിക്കുമാറ്, നിങ്ങൾ പരസ്പരം വിനയം കാണിക്കണമെന്ന് അല്ലാഹു തനിക്ക് ബോധനം നൽകിയിട്ടുണ്ട്." (മുസ്‌ലിം)

"തന്റെ മുസ്‌ലിം സഹോദരനോട് വിനയം കാണിക്കുന്നവനെ അല്ലാഹു ഉയർത്തുകയും അവനോട് ഔദ്ധത്യം പ്രകടിപ്പിക്കുന്നവനെ പതിതനാക്കുകയും ചെയ്യും."(ത്വബ്റാനി)

"ദാനം ധനത്തെ ക്ഷയിപ്പിക്കുകയില്ല. വിട്ടുവീഴ്ച അടിമയുടെ അന്തസ്സ് വർധിപ്പിക്കുകയേ ഉള്ളൂ. അല്ലാഹുവിനുവേണ്ടി വിനയം കാണിക്കുന്നവനെ അവൻ ഉന്നതനാക്കും."(മുസ്‌ലിം)

നബിതിരുമേനി വളരെയേറെ വിനീതനായിരുന്നുവെന്ന് ചരിത്രം വ്യക്തമാക്കുന്നു. ആൾക്കൂട്ടത്തിൽ തിരിച്ചറിയപ്പെടാതിരിക്കുമാറ് അവരിൽ ഒരുവനായാണ് അവിടന്ന് ജീവിച്ചത്. താൻ വരുമ്പോൾ ആരും എഴുന്നേറ്റ് നിൽക്കരുതെന്ന് കണിശമായി കൽപിച്ച പ്രവാചകൻ മറ്റുള്ളവരോടൊത്ത് സാധാരണ ജോലികളിൽ പങ്കുവഹിക്കുക പതിവായിരുന്നു. യുദ്ധവേളയിൽ അദ്ദേഹം അനുയായികളോടൊന്നിച്ച് കിടങ്ങ് കുഴിച്ചു. യാത്രയിൽ ആഹാരം പാകം ചെയ്യാൻ വിറക് ശേഖരിച്ചു. കാര്യങ്ങളിലെല്ലാം അനുയായികളോട് കൂടിയാലോചിച്ചു. അവരുടെ അഭിപ്രായ, നിർദേശങ്ങൾക്ക് അർഹമായ പ്രാധാന്യവും പരിഗണനയും നൽകി.

## വിട്ടുവീഴ്ച

മനുഷ്യന്റെ അതി വിശിഷ്ടമായ സ്വഭാവ ഗുണങ്ങളിലൊന്നാണ് വിട്ടുവീഴ്ച. അത് വിജയത്തിന്റെ വാതിലുകൾ തുറക്കുന്നു. എതിരാളിയുടെ ശരീരത്തോടൊപ്പം മനസ്സിനെയും കീഴ്പെടുത്തുന്നു. അകന്നവരെ അടുപ്പിക്കുന്നു. ശത്രുവെ മിത്രമാക്കുന്നു. പരാക്രമികളിൽ പോലും പരിശുദ്ധി വളർത്തുന്നു. മർദകരെ മനുഷ്യസ്നേഹികളും ക്രൂരന്മാരെ കരുണാർദ്രരുമാക്കുന്നു.

അക്രമത്തെ ആയുധംകൊണ്ട് അതിജയിക്കാമെന്ന മോഹം അബദ്ധപൂർണമാണ്. പ്രാകൃതമായ പ്രതികാരം പരാക്രമത്തിന്റെ പുതിയ പരമ്പരകൾക്കാണ് കാരണമാവുക. ഇരുട്ടിനെ ഇരുട്ടുകൊണ്ട് ഇല്ലാതാക്കുക സാധ്യമല്ല. തിന്മയെ തിന്മകൊണ്ടു തടയണമെന്ന തത്ത്വശാസ്ത്രം വിചാരശീലരുടേതല്ല. വാളിനെ വിനയത്താലും വിട്ടുവീഴ്ചയാലും വിജയിക്കുന്നവരാണ് വിവേകശാലികൾ. മർദകന്റെ മനസ്സുമാറ്റാൻ പീഡിതന്റെ പകരംചോദിക്കലുകളെക്കാൾ ഫലപ്രദം പൊറുത്തു കൊടുക്കലുകളത്രേ. അതുകൊണ്ടു തന്നെ ഇസ്ലാം വിട്ടുവീഴ്ചയ്ക്ക് വമ്പിച്ച പ്രാധാന്യം നൽകിയിരിക്കുന്നു. അല്ലാഹു പറയുന്നു:

"നന്മയും തിന്മയും തുല്യമല്ല. അതിനാൽ നന്മകൊണ്ട് തിന്മയെ തടയുക. അങ്ങനെ ചെയ്താൽ നിന്നോട് ശത്രുത പുലർത്തുന്നവൻ നിന്റെ ആത്മമിത്രമായി മാറും. എന്നാൽ ക്ഷമാശീലർക്കല്ലാതെ ഇതു സാധ്യമല്ല. അതീവ ഭാഗ്യവാനല്ലാതെ ആ വിതാനത്തിലെത്തുകയുമില്ല." (ഫുസ്സിലത്: 34, 35)

"വിട്ടുവീഴ്ചയുടെ മാർഗമവലംബിക്കുക. നല്ലത് കൽപിക്കുക. അവിവേകികളെ അവഗണിക്കുകയും ചെയ്യുക."(അൽഅഅ്റാഫ്: 199)

"വിശ്വാസികൾ മാപ്പ് നൽകുകയും വിട്ടുവീഴ്ച കാണിക്കുകയും വേണം. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് നിങ്ങളാഗ്രഹിക്കുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രേ."(സൂറത്തുന്നൂർ: 22)

"കോപം അടക്കിനിർത്തുന്നവരും ജനങ്ങളോട് വിട്ടുവീഴ്ച കാണിക്കുന്നവരുമാണവർ. സുകൃതവാന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നു."(ആലുഇംറാൻ:134)

"ആ നിർണിത നിമിഷം വരുകതന്നെ ചെയ്യും. അതിനാൽ മാന്യമാം വിധം വിട്ടുവീഴ്ച ചെയ്യുക." (അൽഹിജ്റ്: 85)

നബിതിരുമേനിയുടെ വിട്ടുവീഴ്ച വിഖ്യാതമത്രേ. കൊടും ക്രൂരത കാണിച്ചവരോടും കൊല്ലാൻ ശ്രമിച്ചവരോടുമെല്ലാം അവിടന്ന് ഉദാരപൂർവ

മായ സമീപനമാണ് സ്വീകരിച്ചത്. വിശ്വാസികൾ അവ്വിധമാകണമെന്ന് അവിടന്ന് ആവശ്യപ്പെടുകയും ചെയ്തു. നബി തിരുമേനി അരുൾചെയ്യുന്നു: "അവിവേകം കാട്ടുന്നവനോട് വിവേകത്തോടെ വർത്തിക്കുക. അക്രമിച്ചവനോട് വിട്ടുവീഴ്ച ചെയ്യുക. നഷ്ടപ്പെടുത്തിയവന് നൽകുക. ബന്ധം മുറിച്ചവനോട് ബന്ധം ചേർക്കുക." (ത്വബ്റാനി)

## കോപത്തെ കീഴ്പെടുത്തുക

സാമൂഹിക ജീവിതത്തെ കലുഷമാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുന്ന ദുഃസ്വഭാവങ്ങളിലൊന്നാണ് കോപം. പലരും കൊച്ചു കൊച്ചു കാര്യങ്ങളുടെ പേരിൽ കോപിക്കും. അതോടെ സ്വയം മറക്കും. ആലോചനാശേഷി അസ്തമിക്കും. മസ്തിഷ്കം മരവിക്കും. വിവേചന ശേഷി നശിക്കും. വിവേകം വികാരത്തിന് വഴിമാറും. അങ്ങനെ പേ പിടിച്ചവരെപ്പോലെ പുലഭ്യം പറയും. ന്യായാന്യായതകൾ പരിശോധിക്കാതെ പലതും പ്രവർത്തിക്കും. ഗുണദോഷവിചാരമില്ലാതെ കുഴപ്പങ്ങളും കലാപങ്ങളും കുത്തിപ്പൊക്കും. അങ്ങനെ സമൂഹത്തിൽ കൊടിയ നാശനഷ്ടങ്ങൾക്കത് നിമിത്തമാകും. അതിനാൽ ഇസ്‌ലാം കോപത്തെ കീഴ്പെടുത്താൻ കണിശമായി കൽപിക്കുന്നു. അല്ലാഹു അറിയിക്കുന്നു:

"വൻ പാപങ്ങളും നീചവൃത്തികളും വിട്ടകന്ന് നിൽക്കുന്നവരും കോപം വന്നാൽ മാപ്പ് നൽകുന്നവരുമാണ് സത്യവിശ്വാസികൾ." (ശൂറ: 37)

പ്രവാചകൻ പറയുന്നു: "ശക്തൻ മല്ലയുദ്ധത്തിൽ ജയിക്കുന്നവനല്ല, കോപം വരുമ്പോൾ സ്വയം നിയന്ത്രിക്കുന്നവനാണ്." (ബുഖാരി, മുസ്‌ലിം)

"കോപം പ്രയോഗിക്കാൻ കഴിയുന്നതോടൊപ്പം അത് അടക്കിനിർത്തുന്നവനെ അന്ത്യദിനത്തിൽ അല്ലാഹു സർവ സൃഷ്ടികളുടെയും സാന്നിധ്യത്തിൽ വിളിച്ച് തനിക്കിഷ്ടമുള്ള സ്വർഗ കന്യകയെ തെരഞ്ഞെടുക്കാനവസരം നൽകും."(അബൂദാവൂദ്, തിർമിദി)

"അല്ലാഹു അറിയിച്ചിരിക്കുന്നു. കോപം വരുമ്പോൾ എന്നെ ഓർക്കുന്നവനെ എനിക്ക് കോപമുണ്ടാകുമ്പോൾ ഞാനും ഓർക്കും. അവനെ ഞാനെന്റെ അനുഗ്രഹത്തിൽനിന്നകറ്റുന്നവരിൽ പെടുത്തുകയില്ല."(ദയ്‌ലമി)

"നിങ്ങളിലാർക്കെങ്കിലും കോപം വന്നാൽ മൗനം പാലിക്കുക." (അഹ്മദ്)

ഒരാൾ നബി തിരുമേനിയെ സമീപിച്ച് ഉപദേശം തേടി. അപ്പോൾ അവിടന്ന് അരുൾചെയ്തു: "താങ്കൾ കോപിക്കാതിരിക്കുക." ഉപദേശിക്കാനുള്ള ആവശ്യം ആവർത്തിച്ചപ്പോഴെല്ലാം നബിതിരുമേനി അതുതന്നെ

പറഞ്ഞു. (ബുഖാരി)

## നാവിന്റെ നിയന്ത്രണം

ആത്മാഭിമാനം അമൂല്യമാണ്. അത് ഹനിക്കപ്പെടാൻ അന്തസ്സുള്ള ആരും അനുവദിക്കുകയില്ല. അഭിമാനസംരക്ഷണത്തിനുവേണ്ടി ജീവൻ പോലും ത്യജിക്കാൻ സന്നദ്ധരാകുന്നവരെ കാണാൻ കഴിയും. അന്യരുടെ മുമ്പിൽവെച്ച് അപമാനിതരാവുന്നത് ആത്മാഭിമാനികൾക്ക് ശരീരത്തിലെ ഒരവയവം നഷ്ടപ്പെടുന്നതിനെക്കാൾ അസഹ്യമായിരിക്കും.

അന്യരുടെ അഭിമാനം ക്ഷതപ്പെടുത്തുന്നത് അവരുടെ ധനം അപഹരിക്കുന്നതിനെക്കാൾ അധമവും അക്ഷന്തവ്യവുമാണ്. അവിഹിതമായി സമ്പാദിച്ച സ്വത്ത് അതിന്റെ അവകാശികൾക്ക് തിരിച്ചുകൊടുക്കാൻ കഴിയും. എന്നാൽ, ആൾക്കൂട്ടത്തിൽവെച്ച് അപരനെ അപമാനിച്ചാൽ അതിന്റെ അപകടകരമായ അനന്തരഫലങ്ങൾക്ക് അറുതിവരുത്താൻ ആർക്കും സാധ്യമല്ല. കുന്തമുനകൊണ്ടുള്ള മുറിവുകൾ ക്രമേണയെങ്കിലും മാഞ്ഞുപോകും. എന്നാൽ വാക്കുകൾ ഏൽപിക്കുന്ന പരിക്ക് ഒരിക്കലും മായുകയില്ല. അതിനാൽ, മറ്റുള്ളവരുടെ അഭിമാനത്തെ ഒരിക്കലും ക്ഷതപ്പെടുത്തരുതെന്ന് പ്രവാചകൻ ഊന്നിപ്പറഞ്ഞിരിക്കുന്നു. “ആളുകളുടെ ജീവനും സ്വത്തും അഭിമാനവും ക്ഷതപ്പെടുത്താത്തവൻ മാത്രമാണ് മുസ്‌ലിം.”

ഇതിന് നാവിന്റെ നിയന്ത്രണം അനിവാര്യമത്രേ. പ്രവാചകൻ(സ) പറഞ്ഞു: “ഹൃദയം നേരെയാവാത്തവന്റെ മതം നന്നാവുകയില്ല. നാവ് നേരെയാവാതെ ഹൃദയം നേരെയാവുകയില്ല.”(അഹ്മദ്)

“മൗനം പാലിക്കുക. പിശാചിനെ അകറ്റിനിർത്താൻ ഏറ്റം നല്ലത് അതാണ്.” (അഹ്മദ്)

“ഒരാൾ സംസാരിക്കുമ്പോൾ കേൾക്കുന്നവർ ചിരിച്ചേക്കാം. അത് അവനെ ഭ്രമിപ്പിക്കുന്നു. അവൻ ആകാശത്തെക്കാൾ അകലത്തേക്ക് എറിയപ്പെടുന്നു. കാൽവെപ്പ് പിഴച്ചുപോകുന്നത് നാവ് പിഴച്ചുപോവുന്നത്ര നാശം വരുത്തില്ല.” (ബൈഹഖി)

“മോശമായ സംസാരം കാരണമായി മറ്റുള്ളവർ ബന്ധം വിഛേദിച്ചവനാണ് അന്ത്യദിനത്തിൽ അല്ലാഹുവിങ്കൽ ഏറ്റം നിന്ദ്യൻ.” (ബുഖാരി)

“അല്ലാഹുവിന്റെ മുമ്പിൽ ഏറ്റവും വെറുക്കപ്പെട്ടവൻ കലഹപ്രിയരായ വാദ പ്രതിവാദക്കാരാണ്.”(ബുഖാരി)

“അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നല്ലതു പറയട്ടെ. അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ.”(ബുഖാരി, മുസ്‌ലിം)

## പരിഹാസവും പരനിന്ദയും

ശരീരത്തിനെന്നപോലെ മനസ്സിനും ആത്മാവിനും ഇസ്‌ലാം പരിഗണന നൽകിയിട്ടുണ്ട്. അതിന്റെ ദൃഷ്ടിയിൽ ശാരീരിക പീഡനത്തോളംതന്നെ കഠിനമായ അപരാധമാണ് അഭിമാനം ക്ഷതപ്പെടുത്തലും. അല്ലാഹു ആജ്ഞാപിക്കുന്നു: “സത്യവിശ്വാസികളേ, നിങ്ങളിലൊരു കൂട്ടർ മറ്റൊരു കൂട്ടരെ പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരെക്കാൾ നല്ലവരായേക്കാം. നിങ്ങളിലെ സ്ത്രീകൾ മറ്റു സ്ത്രീകളെയും പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്ന സ്ത്രീകൾ പരിഹസിക്കുന്ന സ്ത്രീകളെക്കാൾ ഉത്തമകളായേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്കുകൾ പറയരുത്. പരസ്പരം പരിഹാസപ്പേരുകൾ വിളിക്കരുത്. സത്യവിശ്വാസം സ്വീകരിച്ച ശേഷം അധർമം കുറിക്കുന്ന പേർ എത്ര ചീത്ത! ആർ പശ്ചാത്തപിക്കുന്നില്ലയോ അവരത്രേ അക്രമികൾ.” (അൽഹുജുറാത്ത്: 11)

“സത്യവിശ്വാസികളേ, ഊഹങ്ങളേറെയും വർജിക്കുക. കാരണം, ചില ഊഹങ്ങൾ പാപമാണ്. നിങ്ങൾ രഹസ്യങ്ങൾ ചൂഴ്ന്നന്വേഷിക്കരുത്. പരസ്പരം പരദൂഷണം പറയരുത്. സ്വന്തം സഹോദരന്റെ ശവം തിന്നാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? നിങ്ങളത് വെറുക്കുകതന്നെ ചെയ്യും. അതിനാൽ, അല്ലാഹുവെ സൂക്ഷിക്കുക. അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും പരമകാരുണികനുമത്രേ.”(അൽഹുജുറാത്ത്: 12)

“ഇതരരെ ഇടിച്ചുതാഴ്ത്തുകയും ദുഷിക്കുകയും ചെയ്യുന്ന എല്ലാവർക്കും കൊടിയ നാശമാണുണ്ടാവുക.”(അൽഹുമസ: 1)

“ആണയിട്ട് നടക്കുന്ന നീചന്മാരെ നീ അനുസരിക്കരുത്. കുത്തുവാക്കുകൾ പറയുന്നവനും ഏഷണിയുമായി ചുറ്റിക്കറങ്ങുന്നവനുമാണവൻ.” (അൽഖലം: 10, 11)

ഇങ്ങനെ, മനുഷ്യമനസ്സിനെ വേദനിപ്പിക്കുകയും അഭിമാനത്തെ ക്ഷതപ്പെടുത്തുകയും ചെയ്യുന്ന എല്ലാറ്റിനെയും ഇസ്‌ലാം നിരോധിച്ചു. പ്രവാചകൻ പറയുന്നു: “കുത്തുവാക്ക് പറയുന്നവനും ശപിക്കുന്നവനും പുലഭ്യം പറയുന്നവനും അശ്ലീലം പ്രചരിപ്പിക്കുന്നവനും സത്യവിശ്വാസിയല്ല.” (തിർമിദി)

“സത്യസന്ധന്ന് ഒരിക്കലും ശപിക്കുന്നവനാകുക സാധ്യമല്ല.”(മുസ്‌ലിം)

“മുസ്‌ലിംകളിൽ ആരാണ് അതിശ്രേഷ്ഠനെന്ന് അബൂമൂസാ(റ) നബി(സ)യോട് ചോദിച്ചപ്പോൾ അവിടന്ന് അരുൾചെയ്തു: “ആരുടെ കൈയിൽ നിന്നും നാവിൽനിന്നും വിശ്വാസികൾ സുരക്ഷിതനാണോ അവനാണ് ഏറ്റവും ശ്രേഷ്ഠൻ.” (ബുഖാരി, മുസ്‌ലിം)

നബി തിരുമേനി അറിയിക്കുന്നു: “പരസ്പരം ശകാരിക്കുന്നവർ പറയുന്നതിന്റെ പാപം അത് ആരംഭിച്ചവന്നാണ്. മർദിതൻ പരിധി ലംഘിക്കാത്തേടത്തോളം.” (മുസ്‌ലിം)

“നീ നിന്റെ സഹോദരന്റെ വിഷമത്തിൽ സന്തോഷം പ്രകടിപ്പിക്കരുത്. അങ്ങനെ ചെയ്താൽ അല്ലാഹു അയാളെ അനുഗ്രഹിക്കുകയും താങ്കളെ പരീക്ഷിക്കുകയും ചെയ്യും.”(തിർമിദി)

“നിങ്ങൾ തെറ്റിദ്ധാരണകൾ സൂക്ഷിക്കുക. തീർച്ചയായും തെറ്റിദ്ധരിച്ചുള്ള സംസാരം കടുത്ത കള്ളമാണ്. നിങ്ങളന്യോന്യം ചാരവൃത്തി നടത്തരുത്. മത്സരിക്കുകയോ അസൂയ പുലർത്തുകയോ അരുത്. വഞ്ചന കാണിക്കുകയോ പക വെക്കുകയോ ചെയ്യരുത്. അസാന്നിധ്യത്തിൽ ആക്ഷേപിക്കരുത്. അല്ലാഹുവിന്റെ അടിമകളേ, നിങ്ങൾ അല്ലാഹു ആജ്ഞാപിച്ചതനുസരിച്ച് അന്യോന്യം സഹോദരന്മാരായി വർത്തിക്കുക. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. അതിനാലവനെ അക്രമിക്കുകയോ അപഹസിക്കുകയോ വഞ്ചിക്കുകയോ അരുത്.” (മുസ്‌ലിം)

“ആരുടെയെങ്കിലും സംസാരം അവരിഷ്ടപ്പെടാതെ വല്ലവരും ശ്രദ്ധിച്ചു കേട്ടാൽ അന്ത്യദിനത്തിൽ അവന്റെ ഇരു ചെവികളിലും ഈയം ഉരുക്കി ഒഴിക്കുന്നതാണ്.”(ബുഖാരി)

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: “പരദൂഷണം എന്താണെന്ന് നിങ്ങൾക്കറിയാമോ?” പ്രവാചകൻ (സ) ചോദിച്ചു.

“അല്ലാഹുവിനും അവന്റെ ദൂതന്നുമാണ് ഏറ്റം നന്നായറിയുക.” അവർ പറഞ്ഞു.

“നിന്റെ സഹോദരനെ സംബന്ധിച്ച് അവനിഷ്ടമില്ലാത്തത് പറയലാണത്.” അവിടന്ന് അറിയിച്ചു. “ഞാൻ പറയുന്നത് എന്റെ സഹോദരനിലുള്ളതാണെങ്കിലും അങ്ങനെത്തന്നെയാണോ അവിടന്ന് പറയുന്നത്?” ഒരാൾ ചോദിച്ചു.

“അയാളിലുള്ളതാണ് താങ്കൾ പറയുന്നതെങ്കിൽ അത് അയാളെ സംബന്ധിച്ച പരദൂഷണമാണ്. ഇല്ലാത്തതാണെങ്കിൽ കള്ളം കെട്ടിച്ചമച്ച് പറയലും.” (മുസ്‌ലിം)

അബൂഹുദൈഫ(റ)യിൽനിന്ന് നിവേദനം: “ഏഷണിക്കാരൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് പ്രവാചകൻ(സ) പറഞ്ഞിരിക്കുന്നു.” (ബുഖാരി, മുസ്‌ലിം)

നബി തിരുമേനി അരുൾചെയ്യുന്നു: “തന്റെ സഹോദരന്റെ അഭിമാനം അവന്റെ അസാന്നിധ്യത്തിൽ സംരക്ഷിച്ചവനെ നരകത്തിൽനിന്ന് മോചി

പ്പിക്കൽ അല്ലാഹുവിന്റെ ബാധ്യതയത്രേ.” (അഹ്മദ്)

ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം: പ്രവാചകൻ പറയുന്നു: “പരദൂഷണം നോമ്പുകാരന്റെ വ്രതം മുറിക്കും.”

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി തിരുമേനി അരുൾ ചെയ്തിരിക്കുന്നു: “ഒരു സത്യവിശ്വാസിക്കും മറ്റൊരു സത്യവിശ്വാസി യുമായി മൂന്നു ദിവസത്തിലധികം തെറ്റി നിൽക്കാൻ പാടില്ല. മൂന്നു ദിവ സമായാൽ അയാളെ കണ്ട് അഭിവാദ്യം ചെയ്യേണ്ടതാണ്. പ്രത്യഭിവാദ്യം ചെയ്താൽ ഇരുവരും പ്രതിഫലത്തിൽ പങ്കാളികളായി. അഥവാ, അഭി വാദ്യത്തിന് പ്രത്യഭിവാദ്യമുണ്ടായില്ലെങ്കിൽ അങ്ങനെ ചെയ്യാത്തവൻ പാപിയാവുകയും അപരൻ അകന്നുനിന്നതിന്റെ അപരാധത്തിൽനിന്ന് മുക്തനാവുകയും ചെയ്യും.” (അബൂദാവൂദ്)

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: പ്രവാചകൻ(സ) പറഞ്ഞി രിക്കുന്നു: “ഒരു മുസ്ലിം തന്റെ സഹോദരനുമായി മൂന്നുദിവസത്തില ധികം തെറ്റി നിൽക്കാൻ പാടില്ല. മൂന്നു നാളിലധികം അകന്നുനിന്ന് മര ണമടഞ്ഞാൽ തദ്ഫലമായി നരകത്തിൽ പ്രവേശിക്കുന്നതാണ്.”(അബൂ ദാവൂദ്)

തന്റെ സഹോദരനുമായി അകന്നുനില്ക്കുന്നത് നരക പ്രവേശത്തിന് കാരണമാവുമെന്ന ഈ നബിവചനം മനുഷ്യരോടുള്ള ബന്ധത്തിന് ഇസ്ലാം കല്പിക്കുന്ന പ്രാധാന്യം വ്യക്തമാക്കുന്നു.

## ചതിയും വഞ്ചനയും

ചതി, വഞ്ചന തുടങ്ങിയ പരദ്രോഹനടപടികളെ ഇസ്ലാം ശക്തി യായി നിരോധിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

“സത്യവിശ്വാസികളേ, നിങ്ങൾ ബോധപൂർവം അല്ലാഹുവെയും അവ ന്റെ ദൂതനെയും വഞ്ചിക്കരുത്. അപ്രകാരം നിങ്ങൾക്കിടയിലെ അമാന ത്തുകളിലും വഞ്ചന കാണിക്കരുത്.” (അൽഅൻഫാൽ: 27)

അല്ലാഹുവോടുള്ള വഞ്ചന പോലെത്തന്നെ ഗുരുതരമാണ് മനുഷ്യ രോടുള്ള വഞ്ചനയും എന്നാണിത് വ്യക്തമാക്കുന്നത്. അല്ലാഹു അറിയി ക്കുന്നു: “അല്ലാഹുവുമായുള്ള പ്രതിജ്ഞ ഉറപ്പിച്ച ശേഷം ലംഘിക്കു കയും അല്ലാഹു കൂട്ടിയിണക്കാൻ കൽപിച്ചതിനെ വിഛേദിക്കുകയും ഭൂമി യിൽ നാശമുണ്ടാക്കുകയും ചെയ്യുന്നവരാണവർ. നഷ്ടം ഭവിച്ചവരും അവ രത്രേ.” (അൽബഖറ: 27)

പ്രവാചകൻ (സ) പറയുന്നു: നാലു കാര്യങ്ങൾ ആരിലുണ്ടോ അവൻ തികഞ്ഞ കപടവിശ്വാസിയാണ്. അവയിലൊന്ന് ആരിലുണ്ടോ അതൊ ഴിവാക്കുവോളം കാപട്യത്തിന്റെ ഒരംശം അയാളിലുണ്ടായിരിക്കും. വിശ്വ

സിച്ചാൽ വഞ്ചിക്കുക, സംസാരിച്ചാൽ കള്ളം പറയുക, കരാർ ചെയ്താൽ ലംഘിക്കുക, പിണങ്ങിയാൽ പുലഭ്യം പറയുക."(ബുഖാരി, മുസ്‌ലിം)

നബി തിരുമേനി അരുൾചെയ്യുന്നു: അല്ലാഹു അറിയിച്ചിരിക്കുന്നു: അന്ത്യനാളിൽ ഞാൻ മൂന്നാളുടെ ശത്രുവായിരിക്കും. എന്റെ പേരിൽ കരാർ ചെയ്ത ശേഷം അതു പാലിക്കാത്തവന്റെ സ്വതന്ത്രനെ വിറ്റ് വില തിന്നവന്റെ തൊഴിലാളികളെ നിയമിച്ച് നന്നായി വേല ചെയ്യിച്ച് അർഹമായ വേതനം നൽകാത്തവന്റെ."(ബുഖാരി)

അവിടന്ന് പറഞ്ഞിരിക്കുന്നു: "കുതന്ത്രവും ചതിയും വഞ്ചനയും നരകത്തിലാണ്."(അബൂദാവൂദ്)

"സത്യവിശ്വാസി പൂർണമായും സൽസ്വഭാവത്തിൽ വാർത്തെടുക്കപ്പെട്ടവനാണ്. നുണയിലും വഞ്ചനയിലും വാർക്കപ്പെട്ടവനല്ല." (അഹ്മദ്)

മനുഷ്യർക്കിടയിൽ ഐക്യവും രഞ്ജിപ്പുമുണ്ടാക്കാൻ കഠിനമായി വിലക്കപ്പെട്ട കള്ളംപറയൽ പോലും അനുവദനീയമാണെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു.

"ഉമ്മുകുൽസൂമി(റ)ൽനിന്ന് നിവേദനം: ജനങ്ങൾക്കിടയിൽ സന്ധിയുണ്ടാക്കി നന്മ വളർത്തുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നവൻ കള്ളം പറയുന്നവനല്ലെന്ന് നബി തിരുമേനി(സ) അരുൾചെയ്യുന്നതായി ഞാൻ കേട്ടിരിക്കുന്നു." (ബുഖാരി, മുസ്‌ലിം)

## അക്രമവും അനീതിയും

നീതി നടത്തുന്നതിലൂടെ മാത്രമേ സമൂഹത്തിൽ സമാധാനവും ഭദ്രതയും നിലനിൽക്കുകയുള്ളൂ. അതുകൊണ്ടുതന്നെ നീതി നടക്കണമെന്ന് നിനയ്ക്കാത്തവർ നന്നെ വിരളമായിരിക്കും. അനീതി പ്രവർത്തിക്കുന്നവർ പോലും തങ്ങൾ നീതി പുലരണമെന്നാഗ്രഹിക്കുന്നവരും അതിന്റെ വക്താക്കളുമാണെന്നവകാശപ്പെടാറാണ് പതിവ്.

നീതി ഇസ്‌ലാം വളരെയേറെ പ്രാധാന്യം കൽപിച്ച ഒരു മൂല്യമാണ്. ഇസ്‌ലാമിന്റെ മാനവിക സങ്കൽപം നീതിയെക്കുറിച്ചുള്ള ഖുർആനികാധ്യാപനങ്ങളിൽ പരമകാഷ്ഠ പ്രാപിച്ചുനിൽക്കുന്നത് കാണാം.

"സത്യവിശ്വാസികളേ, നിങ്ങൾ നീതിനടത്തുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാവുക. അത് നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുമിത്രാദികൾക്കോ എതിരായിരുന്നാൽ പോലും. കക്ഷി ധനികനാകട്ടെ, ദരിദ്രനാവട്ടെ. അല്ലാഹുവാകുന്നു നിങ്ങളെക്കാൾ അവരുടെ ഗുണകാംക്ഷി. അതിനാൽ സ്വേഛകളെ പിൻപറ്റി നീതിയിൽനിന്നകലരുത്. വളച്ചൊടിച്ച് സംസാരിക്കുകയോ സത്യ

ത്തിൽനിന്ന് തെന്നിമാറുകയോ ചെയ്താൽ അറിഞ്ഞുകൊള്ളുക: നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതൊക്കെയും അല്ലാഹു അറിയുന്നുണ്ട്.” (അന്നിസാഅ്: 135)

“സത്യവിശ്വാസം സ്വീകരിച്ചവരേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി സത്യപാതയിലുറച്ചുനിൽക്കുന്നവരും നീതിക്കു സാക്ഷ്യം വഹിക്കുന്നവരുമാവുക. ഒരു ജനതയോടുള്ള വിരോധം അവരോട് അനീതി പ്രവർത്തിക്കാൻ നിങ്ങളെ പ്രേരിപ്പിക്കരുത്. നീതി പാലിക്കുക. അതാണ് ഭക്തിയോടൊട്ടി നിൽക്കുന്നത്. അല്ലാഹുവിനോട് ഭക്തിയുള്ളവരാകുക. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ട്.”(അൽമാഇദ: 8)

“നീ വിധി പറയുകയാണെങ്കിൽ അവർക്കിടയിൽ നീതിയോടെ അത് നിർവഹിക്കുക. അല്ലാഹു നീതിമാന്മാരെയാണിഷ്ടപ്പെടുക.”(അൽമാഇദ: 42)

“നീതി നടത്തുക, നന്മ ചെയ്യുക, അടുത്ത ബന്ധുക്കൾക്ക് ചെലവഴിക്കുക, ഇതെല്ലാമാണ് അല്ലാഹു ആജ്ഞാപിക്കുന്നത്. നീചവൃത്തികളും നിഷിദ്ധ കർമങ്ങളും അക്രമവും അവൻ നിരോധിക്കുന്നു. അവൻ നിങ്ങളെ ഉപദേശിക്കുന്നത് നിങ്ങൾ മനസ്സിലാക്കാനാണ്.”(അന്നഹ്ൽ: 90)

നീതി നടത്താൻ ശാസിക്കുന്ന പോലെ അനീതിയും അക്രമവും അവസാനിപ്പിക്കാനും ഇസ്‌ലാം ശക്തിയായി ആവശ്യപ്പെടുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

“അറിയുക: അല്ലാഹുവിന്റെ ശാപം അക്രമികൾക്കാണ്.”(ഹൂദ്: 18)

“അക്രമികൾക്ക് ഒരു സഹായിയെയും ലഭിക്കുകയില്ല.”(അൽഹജ്ജ്: 71)

“അക്രമികൾക്ക് ആത്മമിത്രത്തെയും സ്വീകരിക്കപ്പെടുന്ന ശുപാർശകനെയും കിട്ടുകയില്ല.”(അൽഗാഫിർ: 18)

“പറയുക: പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികൾ, കുറ്റകൃത്യങ്ങൾ, അന്യായമായ അതിക്രമം, അല്ലാഹു ഒരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്തതിനെ അവനിൽ പങ്കുചേർക്കൽ, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കറിവില്ലാത്തത് ആരോപിക്കൽ എന്നിവയാണ് എന്റെ നാഥൻ നിഷിദ്ധമാക്കിയിരിക്കുന്നത്.”(അൽഅഅ്റാഫ്: 33)

പ്രവാചകൻ(സ) പറയുന്നു: “മർദിതന്റെ പ്രാർഥനയെ സൂക്ഷിക്കുക. അതിനും അല്ലാഹുവിനുമിടയിൽ മറയില്ല. (ബുഖാരി, മുസ്‌ലിം)

“മർദിതന്റെ പ്രാർഥനയ്ക്ക് ഉത്തരം ലഭിക്കും. അവൻ അധർമകാരി

യാണെങ്കിലും. അധർമത്തിന്റെ ഫലം അവന്ന് ലഭിച്ചുകൊള്ളും."(അഹ്മദ്)

"അല്ലാഹു അറിയിക്കുന്നു: എന്റെ മഹത്ത്വവും പ്രതാപവുമാണെ! അക്രമിക്ക് ഞാൻ പെട്ടെന്നുള്ളതും സാവധാനമുള്ളതുമായ ശിക്ഷ നൽകുകതന്നെ ചെയ്യും. മർദിതനെ കണ്ടിട്ട് സാധ്യമായിരുന്നിട്ടും അവനെ സഹായിക്കാതിരുന്നവനെയും ഞാൻ ശിക്ഷിക്കുന്നതാണ്."(അഹ്മദ്)

"അക്രമിയെ കണ്ടിട്ടും ജനം അയാളെ തടയുന്നില്ലെങ്കിൽ അല്ലാഹു അവരെ ഒന്നടങ്കം ശിക്ഷിച്ചേക്കാം."(അബൂദാവൂദ്)

"എന്റെ സമുദായം തങ്ങളിലെ മർദകനോട് 'നീ മർദകനാണെ'ന്ന് പറയുന്നത് നീ കാണുന്നില്ലെങ്കിൽ സകല നന്മകളും അവരോട് വിട പറഞ്ഞതു തന്നെ." (തിർമിദി)

## പൊതു മര്യാദകൾ

സാമൂഹിക ജീവിതത്തെ ആരോഗ്യകരവും ധന്യവുമാക്കാനാവശ്യമായ പൊതു മര്യാദകൾ ഇസ്ലാം പഠിപ്പിച്ചിട്ടുണ്ട്. മനുഷ്യബന്ധങ്ങളെ ഊഷ്മളവും സുദൃഢവുമാക്കാൻ അവ പാലിക്കണമെന്ന് അനുശാസിക്കുകയും ചെയ്തിരിക്കുന്നു.

അല്ലാഹു ആജ്ഞാപിക്കുന്നു: "സത്യവിശ്വാസികളേ, അനുവാദം ചോദിക്കുകയും സലാം ചൊല്ലുകയും ചെയ്യാതെ നിങ്ങൾ അന്യരുടെ വീടുകളിൽ പ്രവേശിക്കരുത്."(അന്നൂർ: 27)

ബർറാഉ(റ)ൽനിന്ന് നിവേദനം: "രോഗിയെ സന്ദർശിക്കൽ, ജനാസയെ അനുഗമിക്കൽ, തുമ്മിയവന്ന് പ്രാർഥിക്കൽ, മർദിതനെ തുണയ്ക്കൽ, സലാം വ്യാപിപ്പിക്കൽ, സത്യം ചെയ്തവനെ അത് പൂർത്തീകരിക്കാൻ സഹായിക്കൽ എന്നീ ഏഴു കാര്യങ്ങൾ നബി(സ) ഞങ്ങളോട് കൽപിച്ചിരിക്കുന്നു." (ബുഖാരി, മുസ്ലിം)

അബ്ദുല്ല(റ)യിൽനിന്ന് നിവേദനം: "നിങ്ങൾ സലാം പ്രചരിപ്പിക്കുകയും ആഹാരം നൽകുകയും കുടുംബബന്ധം ചേർക്കുകയും എല്ലാവരും ഉറക്കിലായിരിക്കെ നമസ്കരിക്കുകയും ചെയ്യുക. എന്നാൽ സുരക്ഷിതരായി സ്വർഗത്തിൽ പ്രവേശിക്കാമെന്ന് പ്രവാചകൻ(സ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു." (തിർമിദി)

ഖതാദ(റ)യിൽനിന്ന് നിവേദനം: നബി(സ)യുടെ അനുചരന്മാർക്കിടയിൽ ഹസ്തദാനം നിലവിലുണ്ടായിരുന്നോ എന്ന്, അനസിനോട് അന്വേഷിച്ചപ്പോൾ അദ്ദേഹം 'അതെ'യെന്ന് ഉത്തരം പറയുകയുണ്ടായി." (ബുഖാരി)

പ്രവാചകൻ (സ) പറയുന്നു: "രണ്ടു മുസ്‌ലിംകൾ സന്ധിക്കുമ്പോൾ ഹസ്തദാനം നടത്തുകയാണെങ്കിൽ ഇരുവരും പിരിയുന്നതിനു മുമ്പേ അവരുടെ പാപങ്ങൾ പൊറുക്കപ്പെടും." (അബൂദാവൂദ്)

അബൂദർറി(റ)ൽനിന്ന് നിവേദനം: മുഖപ്രസന്നതയോടെ തന്റെ സഹോദരനെ സമീപിക്കുകയെന്നതുൾപ്പെടെ, സൽക്കർമങ്ങളിൽപെട്ട യാതൊന്നും തന്നെ നീ നിസ്സാരമാക്കി തള്ളരുതെന്ന് നബി തിരുമേനി(സ) നിർദേശിച്ചിരിക്കുന്നു. (മുസ്‌ലിം)

പ്രവാചകൻ (സ) പറഞ്ഞിരിക്കുന്നു: "നീ നിന്റെ സഹോദരന്റെ മുഖത്തു നോക്കി പുഞ്ചിരിക്കുന്നതു പോലും ധർമമാണ്."(അത്തർഗീബ് വത്തർഹീബ്)

മറ്റുള്ളവരുടെ വീടുകളിലേക്ക് എത്തിനോക്കാൻ പാടില്ലെന്ന് പഠിപ്പിച്ച ഇസ്‌ലാം അന്യരുടെ രഹസ്യം സൂക്ഷിക്കുകയും ന്യൂനതകൾ മറച്ചുവെക്കുകയും വേണമെന്ന് അനുശാസിക്കുന്നു. രോഗികളെ സന്ദർശിക്കൽ മഹത്തായ പുണ്യ കർമമാണെന്ന് പഠിപ്പിക്കുക മാത്രമല്ല; അങ്ങനെ ചെയ്യാതിരിക്കൽ ഗുരുതരമായ അപരാധമാണെന്നുണർത്തുകയും ചെയ്യുന്നു. ഇങ്ങനെ മനുഷ്യ ബന്ധങ്ങൾ അരക്കിട്ടുറപ്പിക്കാനും സാമൂഹിക ജീവിതം ഭദ്രമാക്കാനുമാവശ്യമായ നിർദേശങ്ങളെല്ലാം ഇസ്‌ലാം നൽകിയിട്ടുണ്ട്.

## സാമ്പത്തിക സ്വാതന്ത്ര്യം

ഇസ്‌ലാമിക വീക്ഷണത്തിൽ ധനം ദൈവത്തിന്റേതാണ്. അതിനാൽ അല്ലാഹുവിന്റെ ആജ്ഞാ നിർദേശങ്ങൾക്കനുസരിച്ചു മാത്രമേ മനുഷ്യൻ സമ്പത്ത് കൈകാര്യം ചെയ്യാവൂ. വ്യക്തിയുടെ സമ്പാദന സ്വാതന്ത്ര്യത്തെയും സമൂഹത്തിന്റെ പൊതുവായ താൽപര്യങ്ങളെയും ആരോഗ്യകരമാംവിധം കൂട്ടിയിണക്കുന്നതാണ് ഇസ്‌ലാമിന്റെ സാമ്പത്തിക ക്രമം. സമൂഹ താൽപര്യത്തിന് വിരുദ്ധമായോ സാമൂഹികക്ഷേമത്തിന് ഹാനി സംഭവിക്കും വിധമോ സ്വത്ത് സമ്പാദിക്കാൻ അതാരെയും അനുവദി

ക്കുന്നില്ല. ജനതാൽപര്യത്തിനു വിരുദ്ധമായ എല്ലാ സമ്പാദന ക്രമങ്ങളെയും കണിശമായി നിരോധിച്ചിരിക്കുന്നു. ചൂഷണം, മോഷണം, അഴിമതി, പൂഴ്ത്തിവെപ്പ്, കൈക്കൂലി, കരിഞ്ചന്ത, വഞ്ചന, കൃത്രിമം, മായം ചേർക്കൽ, പലിശ, ചൂതാട്ടം തുടങ്ങിയ മുഴുവൻ സാമൂഹിക തിന്മകളെയും സാമ്പത്തിക കുറ്റങ്ങളെയും അത് ശക്തിയായെതിർക്കുന്നു. അന്യരുടെ അധ്വാനഫലം അനുഭവിക്കുന്ന പരാന്നഭോജികൾ ഇസ്‌ലാമിന്റെ ഭാഷയിൽ അഭിശപ്തരാണ്. നബി തിരുമേനി അരുൾ ചെയ്യുന്നു: "അല്ലാഹു അറിയിച്ചിരിക്കുന്നു: അന്ത്യനാളിൽ ഞാൻ മൂന്നു വിഭാഗം ആളുകളുടെ ശത്രുവായിരിക്കും. ഒന്ന്: എന്നെ മുൻനിർത്തി കരാർ ചെയ്ത ശേഷം അത് ലംഘിച്ചവന്റെ. രണ്ട്: സ്വതന്ത്രനായ മനുഷ്യനെ വിറ്റ് വില വാങ്ങിയവന്റെ. മൂന്ന്: തൊഴിലാളിയെക്കൊണ്ട് വേല ചെയ്യിച്ച് കൂലി കൊടുക്കാത്തവന്റെ." (ബുഖാരി)

സാമ്പത്തിക ഇടപാടുകളിൽ വഞ്ചനകാണിക്കലും വില വർധനവിനായി അവശ്യവസ്തുക്കൾ പൂഴ്ത്തിവെക്കലും വിലക്കപ്പെട്ട പാപ കൃത്യങ്ങളത്രേ. പ്രവാചകൻ(സ) പറയുന്നു: "ആർ വഞ്ചന നടത്തിയോ അവൻ നമ്മുടെ കൂട്ടത്തിൽ പെട്ടവനല്ല."(അഹ്മദ്, തിർമിദി)

"പൂഴ്ത്തിവെച്ചവൻ പാപിയാണ്."(മുസ്‌ലിം, അബൂദാവൂദ്)

"വല്ലവനും ഭക്ഷ്യ വസ്തു നാല്പത് നാൾ പൂഴ്ത്തിവെച്ചാൽ അവന്ന് അല്ലാഹുവോടും അല്ലാഹുവിന് അവനോടുമുള്ള ബാധ്യത അവസാനിച്ചു കഴിഞ്ഞു." (അഹ്മദ്)

"അന്ത്യദിനത്തിൽ എല്ലാ വഞ്ചകന്മാർക്കും ഓരോ പതാക നൽകിക്കൊണ്ട് പറയും: ഇത് ഇന്നവനെ നീ ചതിച്ചതിന്റെ ഫലമാണ്." (ബുഖാരി, മുസ്‌ലിം)

"കുതന്ത്രവും ചതിയും വഞ്ചനയും നരകത്തിലാണ്." (അബൂദാവൂദ്)

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, പരസ്പര തൃപ്തിയോടെ നടത്തുന്ന ഇടപാട് മുഖേനയല്ലാതെ, അന്യായമായി നിങ്ങളന്യോന്യം നിങ്ങളുടെ ധനം ഭക്ഷിക്കരുത്. നിങ്ങൾ നിങ്ങളെത്തന്നെ ഹനിക്കരുത്. നിങ്ങളോട് കരുണയുള്ളവനാണ് അല്ലാഹു; തീർച്ച."(അന്നിസാഅ്: 29)

"നിങ്ങളന്യോന്യം നിങ്ങളുടെ ധനം അന്യായമായി തിന്നരുത്. ജനങ്ങളുടെ സ്വത്തിൽനിന്നൊരംശം ബോധപൂർവം തെറ്റായി തിന്നാൻ വേണ്ടി അതുമായി ഭരണാധികാരികളെ സമീപിക്കുകയും അരുത്." (അൽബഖറ: 188)

വ്യാപാരത്തിൽ പരസ്പരം വഞ്ചിക്കരുതെന്ന് പ്രവാചകൻ(സ) നിർദേശിച്ചിരിക്കുന്നു.(ബുഖാരി, മുസ്‌ലിം)

അവിടന്ന് അരുൾചെയ്യുന്നു: "കൈക്കൂലി കൊടുക്കുന്നവനെയും വാങ്ങുന്നവനെയും അവർക്കിടയിൽ അത് കൊടുപ്പിക്കുന്നവനെയും അല്ലാഹു ശപിച്ചിരിക്കുന്നു." (അഹ്മദ്)

"അനുകൂലമായ വിധിക്കുവേണ്ടി കൈക്കൂലി കൊടുക്കൽ അവിശ്വാസമാണ്."(ത്വബ്റാനി)

പലിശയെയും ചൂതാട്ടത്തെയും ഗുരുതരമായ പാപമായാണ് ഇസ്‌ലാം കാണുന്നത്. ഖുർആൻ പറയുന്നു: "പലിശ തിന്നുന്നവനോ, അവന്റെ അവസ്ഥ പിശാചു ബാധയേറ്റ് ഭ്രാന്ത് ബാധിച്ചവനെപ്പോലെയാണ്." (അൽബഖറ: 275)

പലിശ നിരോധ വിധിക്കുശേഷവും അതേ ഇടപാട് തുടരുന്നവർ നരകാവകാശികളാണ്. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹു പലിശയെ നശിപ്പിക്കുകയും ദാനധർമങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. നന്ദിയില്ലാത്ത ദുഷ്കർമികളെ ആരെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല." (അൽബഖറ: 275, 276)

"സത്യവിശ്വാസികളേ, മദ്യവും ചൂതും പ്രതിഷ്ഠകളും പ്രശ്നം നോക്കാനുപയോഗിക്കുന്ന അമ്പുകളും പൈശാചികമായ മ്ലേഛ വൃത്തികളാകുന്നു. അതിനാലവ വർജിക്കുക. നിങ്ങൾ വിജയികളായേക്കും. മദ്യവും ചൂതും വഴി നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും വളർത്താനും ദൈവസ്മരണയിൽനിന്നും നമസ്കാരത്തിൽനിന്നും നിങ്ങളെ തടയാനും മാത്രമാണ് പിശാച് ഉദ്ദേശിക്കുന്നത്. അതിനാൽ നിങ്ങൾ വിരമിക്കുന്നുണ്ടോ?" (അൽമാഇദ: 90, 91)

ഇങ്ങനെ സമൂഹതാൽപര്യങ്ങൾക്ക് വിരുദ്ധമായ ധനാഗമമാർഗങ്ങളെയെല്ലാം ഇസ്‌ലാം വിലക്കുന്നു. അവ്വിധം നിരോധിക്കപ്പെട്ട നിഷിദ്ധമായ ആഹാരം ഭുജിക്കുന്നവർ നരകാവകാശികളും നിത്യനാശത്തിന്നിരയാകുന്നവരുമാണെന്ന് താക്കീതുനൽകുകയും ചെയ്യുന്നു. അവിഹിതമായ സമ്പാദ്യങ്ങളുപയോഗിക്കുന്നവരുടെ പ്രാർഥന പോലും സ്വീകരിക്കപ്പെടുകയില്ലെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു.

സമൂഹ താൽപര്യങ്ങൾക്ക് വിരുദ്ധമാവാത്ത വിധം സമ്പാദിക്കാൻ അനുവദിക്കുന്ന ഇസ്‌ലാം അത് കൈവശം വെക്കാനും വ്യക്തികൾക്ക് അനുമതി നൽകുന്നു. ധനം ന്യായമായ നിലയിൽ നേടിയതാവണമെന്ന് നിഷ്കർഷിക്കുന്നതോടൊപ്പം അതിന്റെ മേലുള്ള എല്ലാ കൈയേറ്റങ്ങളും കർക്കശമായി നിരോധിക്കുന്നു. ജീവനും അഭിമാനവും പോലെ സ്വത്തും സുരക്ഷിതമായിരിക്കണമെന്ന് അത് പഠിപ്പിക്കുന്നു.

ധനം ശേഖരിക്കുന്നത് എത്രതന്നെ ന്യായയുക്തമായ മാർഗത്തിലൂടെയായാലും അതിന്റെ മേലുള്ള പരമമായ ഉടമാവകാശം വ്യക്തി

കൾക്കില്ല. അത് അല്ലാഹുവിന് മാത്രമാണ്. വ്യക്തി ഉടമസ്ഥതയിലുള്ള സമ്പത്ത് അത് കൈവശം വെക്കുന്നവർക്ക് മാത്രമവകാശപ്പെട്ടതല്ല. അതിനാൽ സ്വത്തു ശേഖരിച്ച് കുന്നുകൂട്ടി വെക്കുന്നത് കൊടിയ ശിക്ഷയ്ക്കു കാരണമാകുമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ഖുർആൻ പറയുന്നു: സ്വർണവും വെള്ളിയും ശേഖരിച്ചു വെക്കുകയും എന്നിട്ടത് ദൈവമാർഗത്തിൽ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് വേദനാജനകമായ ശിക്ഷയുണ്ടെന്ന വാർത്ത അവരെ അറിയിക്കുക. അതേ സ്വർണവും വെള്ളിയും നരകാഗ്നിയിൽ പഴുപ്പിച്ച് അതുകൊണ്ട് അവരുടെ നെറ്റികളും പാർശ്വങ്ങളും മുതുകുകളും ചൂടുവെക്കപ്പെടുന്ന ഒരു ദിനം വരുന്നുണ്ട്." (അത്തൗബ: 34, 35)

ധനം ധനികർക്കിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെടരുതെന്ന് മതമനുശാസിക്കുന്നു: "ധനം നിങ്ങൾക്കിടയിലെ ധനിക വിഭാഗത്തിനിടയിൽ മാത്രം കൈയാളപ്പെടുന്ന ഒന്നാവാതിരിക്കാൻ വേണ്ടിയാണിത്." (അൽഹശ്ർ: 7)

സമ്പന്നരുടെ സ്വത്തിൽ "ചോദിക്കുന്നവന്നും ആശ്രയമില്ലാത്തവന്നും അവകാശമുണ്ട്."(അദ്ദാരിയാത്: 19)

"ബന്ധുവിന്നും ദരിദ്രന്നും വഴിയാത്രക്കാരന്നും അവരുടെ അവകാശങ്ങൾ നൽകുക." (അൽഇസ്റാഅ്: 26)

"നിങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ മുഖം തിരിക്കുക എന്നതിലല്ല പുണ്യം. അല്ലാഹുവിലും അന്ത്യനാളിലും മലക്കുകളിലും വേദത്തിലും പ്രവാചകന്മാരിലും ആത്മാർഥമായി വിശ്വസിക്കുകയും, അല്ലാഹുവോടുള്ള സ്നേഹത്തിന്റെ പേരിൽ തന്റെ പ്രിയപ്പെട്ട ധനം ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും യാത്രക്കാർക്കും സഹായമഭ്യർഥിക്കുന്നവർക്കും അടിമമോചനത്തിനും ചെലവഴിക്കുകയും നമസ്കാരം നിലനിർത്തുകയും സകാത് നൽകുകയും ചെയ്യലാണ് പുണ്യം."(അൽബഖറ: 177)

ഇവ്വിധം സമ്പത്തിനെ, സാമൂഹിക ജീവിതത്തിന്റെ സുഗമവും ഭദ്രവും ആരോഗ്യകരവുമായ അവസ്ഥയ്ക്ക് നിദാനമാക്കി മാറ്റുകയാണ് ഇസ്‌ലാം ചെയ്യുന്നത്. മനുഷ്യ ബന്ധങ്ങളുടെ ഭദ്രതയ്ക്കാവശ്യമായ നിയമ നിർദേശങ്ങൾ നൽകുകയും ചെയ്തു. അതിന് പോറലേൽപിക്കുന്ന ഒന്നും സംഭവിക്കരുതെന്ന് ഇസ്‌ലാം കണിശതയോടെ നിഷ്കർഷിക്കുന്നു. അതിനാൽ ദരിദ്രരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന ധൂർത്തും ദുർവ്യയവും ശക്തിയായി വിലക്കുന്നു. അവരുടെ അവകാശങ്ങളെ ഹനിക്കുന്ന പിശുക്കിനെ തടയുന്നു. അല്ലാഹു പറയുന്നു: "നിന്റെ കൈ പിരടിയോട് ചേർത്ത് ബന്ധിച്ചിടരുത്. അവയെ പൂർണമായി നീട്ടിയിടുകയും അരുത്. അങ്ങനെ ചെയ്താൽ നീ ആക്ഷേപിക്കപ്പെടുന്നവനും ദുഃഖിതനുമായിത്തീരും."

(അൽഇസ്റാഅ്: 29)

“ധനം ദുർവ്യയം ചെയ്യരുത്. ദുർവ്യയക്കാർ പിശാചുക്കളുടെ കൂട്ടാളികളാണ്.” (അൽഇസ്റാഅ്: 26, 27)

“നിങ്ങൾ അമിതവ്യയം ചെയ്യരുത്. അമിത വ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.”(അൽഅൻആം: 141)

## പത്ത്

# കാരുണ്യത്തിന്റെ മതം

**മ**നുഷ്യ ബന്ധങ്ങളെ കൂട്ടിയിണക്കുന്ന കരുത്തുറ്റ കണ്ണിയാണ് കാരുണ്യം. അതിന്റെ ശക്തി അപാരവും അജയ്യവുമത്രേ. കഠിന ഹൃദയരെപ്പോലും കീഴ്പെടുത്താൻ കാരുണ്യത്തിന് കഴിയും. മനസ്സിന്റെ കൊട്ടിയടയ്ക്കപ്പെട്ട കവാടങ്ങൾ അത് തള്ളിത്തുറക്കും. അകന്നവരെ അടുപ്പിക്കുകയും ശത്രുക്കളെ മിത്രങ്ങളാക്കുകയും ചെയ്യും.

കനിവുള്ള മനസ്സുകളാണ് നിഷ്കാമ കർമങ്ങൾക്ക് കളമൊരുക്കുക. ആന്തരികപ്രേരണയിൽനിന്നേ ആത്മാർഥ സേവനങ്ങൾ അങ്കുരിക്കുകയുള്ളൂ. അത് പിറവിയെടുക്കുന്നതോ കാരുണ്യത്തിൽനിന്നും. അതുകൊണ്ടുതന്നെ മനസ്സുകളെ കരുണാമയമാക്കാൻ മതം കണിശമായി കൽപിക്കുന്നു.

അല്ലാഹു ദയാമയനാണ്. അവന്റെ കാരുണ്യത്തിന് അതിരുകളില്ല. അത് പ്രപഞ്ചമാകെ നിറഞ്ഞുനിൽക്കുന്നു. അല്ലാഹുതന്നെ അറിയിക്കുന്നു: “എന്റെ അനുഗ്രഹം സകല വസ്തുക്കളെയും ഉൾക്കൊള്ളുന്നുണ്ട്.” (അൽഅഅ്റാഫ്: 156)

തന്നെ ധിക്കരിക്കുന്നവരോടു പോലും ദൈവം ദയ കാണിക്കുന്നു. നിഷേധികളെ നിമിഷനേരംകൊണ്ട് നശിപ്പിക്കാൻ ശക്തനായിട്ടും അവനത് ചെയ്യുന്നില്ല. തന്റെ ദാസന്മാരും ഇവ്വിധം ദയാലുക്കളും കരുണാമയരുമാകുന്നതാണ് അവന്നിഷ്ടം.

പരിശുദ്ധ ഖുർആൻ ഏറെ ആവർത്തിച്ചുപറഞ്ഞ ദൈവിക ഗുണം കാരുണ്യമത്രേ. അത് മറ്റെല്ലാറ്റിനെയും മികച്ചു നിൽക്കുന്നു. അല്ലാഹു അരുളിയതായി പ്രവാചകൻ അറിയിക്കുന്നു: “നമ്മുടെ കാരുണ്യം നമ്മുടെ കോപത്തെ മറികടക്കുന്നു.”

ആഇശ(റ)യിൽനിന്ന് നിവേദനം: നബി തിരുമേനി അരുൾചെയ്തിരിക്കുന്നു: “അല്ലാഹു സൗമ്യനാണ്. അവൻ സൗമ്യത ഇഷ്ടപ്പെടുന്നു. പാരുഷ്യത്തിനും മറ്റെല്ലാറ്റിനും നൽകുന്നതിനെക്കാൾ പ്രതിഫലം സൗമ്യതക്ക് അവൻ നൽകുകയും ചെയ്യുന്നു.”(മുസ്ലിം)

മറ്റൊരിക്കൽ അവിടന്ന് പറഞ്ഞു: “അല്ലാഹു സൗമ്യനാണ്. അവൻ എല്ലാറ്റിലും സൗമ്യത ഇഷ്ടപ്പെടുന്നു.”(ബുഖാരി, മുസ്ലിം)

ഉമറുബ്നുൽ ഖത്താബിൽനിന്ന് നിവേദനം: ഒരിക്കൽ നബി തിരുമേനിയുടെ അരികെ ഒരടിമപ്പെണ്ണ്, ഇതര തടവുകാരോടൊപ്പം കൊണ്ടുവരപ്പെട്ടു. ആ സ്ത്രീ അങ്ങുമിങ്ങും ഓടിനടന്നു. മുന്നിൽ കണ്ട കുട്ടികളെ

യൊക്കെ കോരിയെടുത്ത് വയറിനോട് ചേർത്തുവെക്കുകയും മുലകൊടുക്കുകയും ചെയ്തു. അപ്പോൾ അവിടന്ന് ചോദിച്ചു: "ഈ സ്ത്രീക്ക് തന്റെ കുഞ്ഞിനെ തീയിലെറിയാൻ കഴിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?" ഞങ്ങൾ പറഞ്ഞു: "ഇല്ല; അല്ലാഹുവാണ! അവർക്കത് സാധ്യമല്ല." പ്രവാചകൻ പറഞ്ഞു: "ഈ സ്ത്രീക്ക് സ്വന്തം കുഞ്ഞിനോടുള്ളതിനെക്കാൾ എത്രയോ മടങ്ങ് കരുണ തന്റെ ദാസന്മാരോടുള്ളവനാണ് അല്ലാഹു." (ബുഖാരി)

ഖുർആൻ മനുഷ്യന്ന് പഠിപ്പിച്ചുകൊടുത്ത പ്രധാന പ്രാർഥനകളിലൊന്ന് ഇതത്രേ: "നീ പറയൂ! എന്റെ നാഥാ, നീയെനിക്ക് പൊറുത്തുതരേണമേ, എന്നോട് കരുണ കാണിക്കേണമേ! നീയോ, കാരുണ്യവാന്മാരിൽ ഏറ്റം ഉത്തമനല്ലോ." (അൽമുഅ്മിനൂൻ: 118)

"കാരുണ്യം ദിവ്യാനുഗ്രഹമത്രേ. നീ വളരെ സൗമ്യശീലനായത് അല്ലാഹുവിൽനിന്നുള്ള മഹത്തായ അനുഗ്രഹമത്രേ. നീ കഠിന മനസ്കനായ പരുഷപ്രകൃതനായിരുന്നെങ്കിൽ ജനങ്ങൾ നിന്റെ ചുറ്റുംനിന്ന് പിരിഞ്ഞു പോകുമായിരുന്നു." (ആലുഇംറാൻ: 159)

അല്ലാഹുവിന്റെ കാരുണ്യം കിട്ടണമെങ്കിൽ ജനത്തോട് കാരുണ്യം കാട്ടണം. ജരീറിൽനിന്ന് നിവേദനം: പ്രവാചകൻ പറയുന്നു: "ജനത്തോട് കരുണ കാണിക്കാത്തവരോട് അല്ലാഹുവും കരുണ കാണിക്കുകയില്ല." (ബുഖാരി, മുസ്ലിം)

അവിടന്ന് അരുൾചെയ്യുന്നു: "കരുണയില്ലാത്തവന്ന് കാരുണ്യം കിട്ടുകയില്ല."(ബുഖാരി, മുസ്ലിം)

"ഭൂമിയിലുള്ളവരോട് കരുണ കാണിക്കുക. ഉപരിലോകത്തുള്ളവൻ നിങ്ങളോടും കരുണചെയ്യും." (ത്വബ്റാനി)

കാരുണ്യം സൗഭാഗ്യമാണ്. അതിന്റെ അഭാവം നിർഭാഗ്യവും. പ്രവാചകൻ പറയുന്നു: "നിർഭാഗ്യവാനല്ലാതെ കരുണയില്ലാത്തവനാവുകയില്ല." (അബൂദാവൂദ്)

സൗമ്യത നന്മയുടെ ഉറവിടമാണ്. അത് എല്ലാറ്റിനെയും മനോഹരമാക്കുന്നു. ജരീറുബ്നു അബ്ദില്ലയിൽനിന്ന് നിവേദനം: നബി തിരുമേനി അരുൾചെയ്യുന്നത് ഞാൻ കേട്ടിരിക്കുന്നു: "സൗമ്യത നിഷേധിക്കപ്പെട്ടവന്ന് നന്മയൊക്കെയും വിലക്കപ്പെട്ടിരിക്കുന്നു."

ആയിശയിൽനിന്ന് നിവേദനം: പ്രവാചകൻ പ്രഖ്യാപിച്ചിരിക്കുന്നു: സൗമ്യതയുടെ സാന്നിധ്യം സകലതിനെയും സുന്ദരമാക്കുന്നു. അതിന്റെ അഭാവം വിരൂപവുമാക്കുന്നു."(മുസ്ലിം)

സൗമ്യതയുള്ളവർക്ക് നരകം നിഷിദ്ധമാണ്. അതില്ലാത്തവരോ അതിന്റെ അവകാശികളാവുകയും ചെയ്യും. ഇബ്നു മസ്ഊദിൽനിന്ന് നിവേദനം: നബി തിരുമേനി ചോദിച്ചു: "നരകം നിഷിദ്ധമായവൻ, അല്ലെങ്കിൽ നരകത്തിന് നിഷിദ്ധമായവൻ ആരെന്ന് ഞാൻ നിങ്ങൾക്കറിയിച്ചു തരട്ടെ? ആളുകളോട് അടുപ്പം കാണിക്കുന്നവനും സൗമ്യശീലനും സഹിഷ്ണുത പുലർത്തുന്നവനും വിട്ടുവീഴ്ച ചെയ്യുന്നവനുമാണത്." (തിർമിദി)

അവിടന്ന് അരുൾചെയ്യുന്നു: "ജനങ്ങളിൽ അല്ലാഹുവിൽനിന്ന് ഏറ്റവും അകന്നവൻ കഠിനഹൃദയനത്രെ."(തിർമിദി)

കൊടിയ ക്രൂരന്മാരോട് പോലും കാരുണ്യത്തോടും സൗമ്യതയോടും വർത്തിക്കണമെന്ന് ഇസ്ലാം നിഷ്കർഷിക്കുന്നു. ലോകം കണ്ട ഏറ്റവും നിർദയനും പരാക്രമിയും മർദകനുമായിരുന്നുവല്ലോ ഫിർഔൻ. മൂസാ നബിയെയും സഹോദരനെയും അദ്ദേഹത്തിന്റെ അടുത്തേക്കയച്ചപ്പോൾ അല്ലാഹു ആജ്ഞാപിച്ചു: "ഇരുവരും ഫറവോന്റെ അടുക്കലേക്ക് പോകുവിൻ. അവൻ ധിക്കാരിയായിരിക്കുന്നു. അവനോട് സൗമ്യമായി സംസാരിക്കണം." (ത്വാഹാ: 43, 44)

ജനത്തിന് എളുപ്പമാക്കാൻ പ്രേരിപ്പിക്കുന്ന കാരുണ്യ വികാരം ഉൾക്കൊള്ളാൻ വിശ്വാസി ബാധ്യസ്ഥനാണ്. അനസിൽനിന്ന് നിവേദനം: നബി തിരുമേനി നിർദേശിക്കുന്നു: "നിങ്ങൾ എളുപ്പമാക്കുക; പ്രയാസമാക്കരുത്. സന്തോഷിപ്പിക്കുക; വെറുപ്പിക്കരുത്."(ബുഖാരി, മുസ്ലിം)

നബിതിരുമേനി അരുൾചെയ്തു: "ആഇശാ, നീ കരുണ കാണിക്കുക. അല്ലാഹു ഏതെങ്കിലും വീട്ടുകാർക്ക് നന്മ ആഗ്രഹിച്ചാൽ അവരെ കാരുണ്യമുള്ളവരാക്കും."(അഹ്മദ്)

ജാബിറിൽനിന്ന് നിവേദനം: പ്രവാചകൻ പറയുന്നു: "അല്ലാഹു ഒരു ജനതയ്ക്ക് നന്മ ഉദ്ദേശിച്ചാൽ അവരിൽ കാരുണ്യമുണ്ടാക്കും."(ബസ്സാർ)

സർവോപരി, ഒരാൾ സത്യവിശ്വാസിയാവാൻ കാരുണ്യവാനാകൽ നിർബന്ധമത്രേ. നബി തിരുമേനി അരുൾചെയ്യുന്നു: "പരസ്പരം കരുണകാണിക്കുന്നതുവരെ നിങ്ങൾ സത്യവിശ്വാസികളാവുകയില്ല." അപ്പോൾ അവിടത്തെ അനുയായികൾ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളെല്ലാം കരുണയുള്ളവരാണല്ലോ." ഇതുകേട്ട് പ്രവാചകൻ പ്രതിവചിച്ചു: "കാരുണ്യമെന്നത് ഒരാൾ തന്റെ കൂട്ടുകാരനോട് കാണിക്കുന്നതു മാത്രമല്ല; മറിച്ച് മുഴുവൻ ജനത്തോടുമുള്ള കരുണയാണ്. എല്ലാറ്റിനോടുമുള്ള കാരുണ്യം." (ത്വബ്റാനി)

ഭൂമിയിലെത്ര ജീവികളുണ്ടോ അവയ്ക്കെല്ലാം കൂടിയുള്ള കാരുണ്യം മുഴുവനുമെടുത്താൽ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ നേരിയ ഒരംശമേ വരൂ. നബി തിരുമേനി അറിയിക്കുന്നു: "അല്ലാഹു കാരുണ്യത്തെ നൂറ്

അംശങ്ങളാക്കി അവയിലൊന്നു മാത്രം ഭൂമിയിൽ നിക്ഷേപിച്ചു. അതുപയോഗിച്ചാണ് സൃഷ്ടികളിവിടെ പരസ്പരം കരുണ കാണിക്കുന്നത്. മൃഗം അതിന്റെ കുളമ്പ് കുട്ടിയുടെ മേൽ തട്ടാതിരിക്കാൻ ഉയർത്തുന്നത് വരെ അതിന്റെ ഭാഗമത്രേ." (ബുഖാരി)

മറ്റൊരു പ്രവാചക വചനമിങ്ങനെയാണ്: "ഭൂമിയും ആകാശവും സൃഷ്ടിച്ചപ്പോൾ അല്ലാഹു നൂറുതരം കാരുണ്യത്തെയുമുണ്ടാക്കി. അവയോരോന്നും ഭൂമിയും ആകാശവും തമ്മിലുള്ളത്ര വിശാലമാണ്. അവയിലൊന്നു മാത്രമാണ് അല്ലാഹു ഭൂമിയിൽ നിക്ഷേപിച്ചത്. അതുൾക്കൊണ്ടാണ് മാതാവ് കുഞ്ഞിനോടും പക്ഷിമൃഗാദികൾ പരസ്പരവും കരുണകാണിക്കുന്നത്." (മുസ്‌ലിം)

ഇവ്വിധം ഭൂമിക്കു കിട്ടിയ കാരുണ്യത്തിൽനിന്ന് പരമാവധി സത്യവിശ്വാസി സ്വന്തമാക്കണമെന്ന് ഇസ്‌ലാം അനുശാസിക്കുന്നു. അതിൽനിന്ന് ഉരുവം കൊള്ളുന്ന ഉദാരപൂർവമായ സമീപനമാണ് സ്വീകരിക്കേണ്ടതെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു. അബൂഹുറയ്റയിൽനിന്ന് നിവേദനം: ഒരിക്കൽ ഒരു ഗ്രാമീണൻ വന്ന് പള്ളിയിൽ മൂത്രമൊഴിച്ചു. ജനം അയാളെ തടസ്സപ്പെടുത്താൻ ശ്രമിച്ചു. അപ്പോൾ അവിടന്ന് ആജ്ഞാപിച്ചു: "നിങ്ങൾ അദ്ദേഹത്തെ വിട്ടേച്ച് മൂത്രമൊഴിച്ചേടത്ത് ഒരു തൊട്ടി വെള്ളം കൊണ്ടുപോയി ഒഴിക്കുക. നിങ്ങൾ നിയോഗിക്കപ്പെട്ടത് കാര്യങ്ങൾ അനായാസമാക്കുന്നവരായാണ്. പ്രയാസമുണ്ടാക്കുന്നവരായല്ല." (ഫത്ഹുൽ ബാരി, ഭാഗം:1, പുറം: 323)

ഒരിക്കൽ ഉമറുൽ ഫാറൂഖ് ഒരാളെ ഗവർണറായി നിയമിക്കാൻ തീരുമാനിച്ചു. അപ്പോൾ, അയാൾ സ്വന്തം മക്കളെ ചുംബിക്കാത്തവനാണെന്ന് ആരോ അറിയിച്ചു. ഉടനെ ഖലീഫഃ തന്റെ തീരുമാനം മാറ്റി. അദ്ദേഹം പറഞ്ഞു: "നിന്റെ മനസ്സ് സ്വന്തം സന്താനങ്ങളുടെ നേരെ കാരുണ്യം ചുരത്തുന്നില്ലെങ്കിൽ പിന്നെയെങ്ങനെ അത് ജനത്തോട് കരുണയുള്ളതാവും? അല്ലാഹുവാണെ! ഞാൻ നിന്നെ ഒരിക്കലും ഗവർണറാക്കുകയില്ല." പിന്നീട് ഉമറുൽ ഫാറൂഖ് ആ നിയമന ഉത്തരവ് കീറിക്കളഞ്ഞു.

ഈ കാരുണ്യം മനുഷ്യരോടു മാത്രമല്ല; ഇതര ജീവികളോടും കാണിക്കാൻ വിശ്വാസി ബാധ്യസ്ഥനാണ്. നബി തിരുമേനി അരുൾചെയ്യുന്നു: "അല്ലാഹു എല്ലാ കാര്യങ്ങളിലും നന്മ നിശ്ചയിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾ കൊല്ലുന്നുവെങ്കിൽ അത് നല്ല നിലയിൽ നിർവഹിക്കുക. അറുക്കുന്നുവെങ്കിൽ അതും നല്ല നിലയിലാക്കുക. കത്തിയുടെ വായ്ത്തല മൂർച്ച കൂട്ടി ഉരുവിന് സൗകര്യം ചെയ്യുക."(മുസ്‌ലിം)

ഒരിക്കൽ ഒരാൾ നബി തിരുമേനിയോട് പറഞ്ഞു: "ഞാൻ ആടിനെ അറുക്കുമ്പോൾ ദയ കാണിക്കാറുണ്ട്." ഇതുകേട്ട് പ്രവാചകൻ പ്രതിവചിച്ചു. നീ അതിനോട് കരുണ കാണിച്ചാൽ അല്ലാഹു താങ്കളോടും കരുണ

കാണിക്കും.” (ഹാകിം)

ഒരാൾ അറുക്കാനുള്ള ആടിനെ അതിന്റെ കാല് പിടിച്ചുവലിച്ചു കൊണ്ടു പോവുന്നത് ഉമറുൽ ഫാറൂഖിന്റെ ശ്രദ്ധയിൽപെട്ടു. അദ്ദേഹം പറഞ്ഞു: “നിനക്ക് നാശം! അതിനെ നല്ല നിലയിൽ മരണത്തിലേക്ക് നയിക്കുക.”

അബൂഹുറയ്റയിൽനിന്ന് നിവേദനം: പ്രവാചകൻ പറഞ്ഞു: “ഒരാൾ ഒരു വഴിയിലൂടെ നടന്നുപോകവേ ദാഹിച്ചു വലഞ്ഞു. അവിടെ ഒരു കിണർ കണ്ടു. അതിലിറങ്ങി അതിൽനിന്നെടുത്ത വെള്ളം കുടിച്ചു. പുറത്ത് വന്നപ്പോൾ ഒരു നായ ദാഹാധിക്യത്താൽ മണ്ണു കപ്പുന്നത് കണ്ടു. ‘ഈ നായക്ക് കഠിന ദാഹമുണ്ട്. എനിക്കുണ്ടായിരുന്നതുപോലെ’ എന്ന് ആത്മഗതം ചെയ്തുകൊണ്ട് അയാൾ കിണറ്റിൽനിന്ന് ഷൂവിൽ വെള്ളം നിറച്ച് വായകൊണ്ട് കടിച്ചുപിടിച്ചു കരയ്ക്കു കയറി നായയെ കുടിപ്പിച്ചു. ഇതിന്റെ പേരിൽ അല്ലാഹു അയാളോട് നന്ദി കാണിച്ചു. അയാൾക്ക് പൊറുത്തുകൊടുത്തു.” ഇതുകേട്ട് അവിടത്തെ അനുചരൻമാർ ചോദിച്ചു: “മൃഗങ്ങളുടെ കാര്യത്തിലും ഞങ്ങൾക്ക് പ്രതിഫലമുണ്ടോ?” പ്രവാചകൻ പ്രതിവചിച്ചു: “പച്ചക്കരളുള്ള എല്ലാറ്റിന്റെ കാര്യത്തിലും നിങ്ങൾക്ക് പ്രതിഫലമുണ്ട്.” (ബുഖാരി, മുസ്‌ലിം)

ഇബ്നു ഉമറിൽനിന്ന് നിവേദനം. നബി തിരുമേനി അരുൾചെയ്തിരിക്കുന്നു: “പൂച്ച കാരണം ഒരു സ്ത്രീ ശിക്ഷിക്കപ്പെട്ടു. അവളതിനെ വിശന്ന് ചാകുവോളം കെട്ടിയിട്ടു. അങ്ങനെ അവൾ നരകാവകാശിയായി.”(ബുഖാരി, മുസ്‌ലിം)

പൂച്ചയെ കെട്ടിയിട്ട് തിന്നാനോ കുടിക്കാനോ കൊടുക്കാതെ കഷ്ടപ്പെടുത്തിയതിനാലാണിത്. ഭൂമിയിലെ ഇര തേടി തിന്നാൻ വിട്ടയച്ചതുമില്ല.

പ്രവാചകനും അനുയായികളും യാത്രയിലായിരിക്കെ അവരിലൊരാൾ ഒരു പക്ഷിയുടെ കൂട്ടിൽനിന്ന് മുട്ട എടുത്തു. തള്ളപ്പക്ഷി അലമുറയിട്ട് വട്ടമിട്ട് പറക്കാൻ തുടങ്ങി. വിവരമറിഞ്ഞ നബി തിരുമേനി മുട്ട എടുത്ത സ്ഥലത്തുതന്നെവെച്ച് അതിനോട് കരുണ കാണിക്കാൻ നിർദേശിച്ചു.(ബുഖാരി)

അബൂഹുറയ്റയിൽനിന്ന് നിവേദനം: പ്രവാചകൻ പറഞ്ഞു: “ഒരു നായ കിണറിനു ചുറ്റും ഓടിനടക്കുകയായിരുന്നു. കഠിനമായ ദാഹം കാരണമത് ചാവാറായിരുന്നു. അതു കണ്ട ഇസ്രായേല്യരിൽപെട്ട ഒരു വ്യഭിചാരിണി തന്റെ ഷൂ അഴിച്ച് അതിൽ വെള്ളമെടുത്ത് അതിനെ കുടിപ്പിക്കുകയും സ്വയം കുടിക്കുകയും ചെയ്തു. അതിന്റെ പേരിൽ അല്ലാഹു

അവൾക്ക് പൊറുത്തു കൊടുത്തു."(മുസ്ലിം)

ഒരു യാത്രയിലായിരിക്കെ പ്രവാചകശിഷ്യൻമാർ തണുപ്പകറ്റാൻ തീ കത്തിച്ചു. അത് അവിടെയുള്ള ഉറുമ്പുകളെ കരിക്കുമോയെന്ന് ആശങ്കിച്ച നബി തിരുമേനി അതണയ്ക്കാൻ ആവശ്യപ്പെട്ടു. വിശന്നു വലഞ്ഞ് കരഞ്ഞ ഒട്ടകത്തിന്റെ കണ്ണീര് തുടയ്ക്കാൻ സമയം കണ്ടെത്തിയ കാരുണ്യത്തിന്റെ നിറകുടമായ പ്രവാചകൻ മൃഗങ്ങളെ ശപിക്കാൻ പോലും അനുവദിച്ചിരുന്നില്ല. അകാരണമായി മരത്തെ കല്ലെറിയരുതെന്നും അത് മരത്തെ വേദനിപ്പിക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി.

ഇങ്ങനെ മുഴുവൻ മനുഷ്യരോടും ഇതര ജീവജാലങ്ങളോടും മാത്രമല്ല; പ്രപഞ്ചത്തോടും അതിലെ സകലതിനോടും കരുണകാണിക്കാനാണ് ഇസ്ലാം കൽപിക്കുന്നത്. ഈ കാരുണ്യ വികാരത്തെ വിശ്വാസത്തിന്റെയും സ്വർഗ-നരക ലബ്ധിയുടെ മാനദണ്ഡമായും ഇസ്ലാം നിശ്ചയിച്ചിരിക്കുന്നു.